പുസ്തകം 10 ലക്കം 4
മാർച്ച് 2020
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകത്വം

Eka Thathwa

മാസിക




## മാറുന്ന കാഴ്ചകൾ...

# 2019-ലെ അക്ഷര ബന്ധു പുരസ്കാരം സുരേഷ് തെക്കീട്ടിലിന്



ഇന്ന് മാസികയുടെ അഖില കേരള തപാൽ അക്ഷര ബന്ധു പുരസ്കാരം ശ്രീ. എം. ടി. വാസുദേവൻ നായരിൽ നിന്നും ശ്രീ. സുരേഷ് തെക്കീട്ടിൽ ഏറ്റുവാങ്ങി. ഇന്ന് മാസികയിലേക്ക് സാമൂഹിക പ്രസക്തിയുള്ള ഏറ്റവും കൂടുതൽ കത്തുകൾ അയക്കുന്നവർക്കാണ് അക്ഷര ബന്ധു പുരസ്കാരം നൽകുന്നത്. തുഞ്ചൻ പറമ്പിൽ വെച്ചു നടന്ന ചടങ്ങിൽ ശ്രീ. മണമ്പൂർ രാജൻ ബാബു, ശ്രീ. പി. കെ. ഗോപി, പ്രൊഫ: മധുസൂദനൻ നായർ ഡോ: കെ. ശ്രീകുമാർ, തുഞ്ചൻ സ്മാരക സെക്രട്ടറി ശ്രീ.പി നന്ദകുമാർ ശ്രീ. വേണുഗോപാൽ കൽക്കത്ത ഡോ. വെങ്കിടേശ്വരൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## മഹാത്മാഗാന്ധി



ഗാന്ധിജിയ്ക്ക് 1914-ൽ തെക്കേ ആഫ്രിക്കയിൽ വെച്ച് ലഭിച്ച വിശേഷണം

**'മഹാത്മ'**


ഗാന്ധിസ്മൃതി മണ്ഡപം

**രാജ്ഘട്ട്**

" ലോകത്ത് നിങ്ങൾ കാണാനാഗ്രഹിക്കുന്ന മാറ്റം നിങ്ങളിൽ നിന്നായിരിക്കണം. "

This space is sponsored by a well-wisher.

## കുശാഗ്രബുദ്ധിക്കായൊരു ചോദ്യം...




ഉത്തരം അടുത്ത ലക്കത്തിൽ...

**കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരം 36**

1st row - 3hens =60.
So, 1hen=20
2nd row -1hen +3 eggs +3eggs=26.
So 1egg=1.
3rd row -3 eggs+6 bananas +6 bananas =15.
So 1 banana =1.
4th row - 20+ (4×4)=36

₹ 15

# ഏക തത്ത്വ

## മാസിക

പുസ്തകം 10 ലക്കം 4
മാർച്ച് 2020

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ചിത്രം**
ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല
യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70
Palakkad 678 001**
വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
16 – അഭ്യാസവും ആഭാസവും – പ്രൊഫ. വി. കെ. എം. നായർ
21 – ധാരണകൾ തിരതല്ലും കടൽ അല പോലെ
– മുരളി മൂത്തേടം
24 – ഇരുട്ടിൽ തപ്പും ബാല്യങ്ങൾ – ഉണ്ണി വിശ്വനാഥ്
28 – പ്രകാശം പരത്തുന്ന സ്ത്രീകൾ – എം. എൽ. ശ്യാമള
34 – ഒരു രക്തസാക്ഷിയുടെ ഓർമ്മയ്ക്ക് – ശ്രീപ്രിയ അജിത്ത്
35 – അവഹേളിക്കപ്പെടുന്ന സ്ത്രീത്വം – മനോഹരി സി. ബി.
40 – ഭക്തി കച്ചവടം – പി. എച്ച്. മുഹമ്മദ്

**കഥ**
31 – തെക്കീട്ടിൽ കഥകൾ – സുരേഷ് തെക്കീട്ടിൽ
32 – ബലിമൃഗങ്ങൾ – ടോബിൻ കുമരകം
32 – ആത്മഹത്യ – നന്ദിനി പുത്തൻവീട്
36 – പ്രവൃത്തി വേറെ വചനം വേറെ – ടി. വി. ഹരികുമാർ
37 – ചുവന്ന കാർഡ് – ടി. കെ. ഉണ്ണികൃഷ്ണൻ
38 – ഒരുപക്ഷേ – ജോസഫ് പൂതക്കുഴി
41 – പ്രണയം – എം. റസാക്ക്
42 – ചെറു കഥകൾ – സൈനുദീൻ മുണ്ടക്കയം

**കവിത**
8 – ആർ. ബി. ഐ. – സുന്ദരൻ മുക്കം
10 – പ്രകൃതി കന്യ – വിനോദ് ചെത്തല്ലൂർ
14 – ചാന്ദ്രയാനം – ദിലീപൻ
16 – ഞാനവൾ തന്നോർമ്മകളിൽ – ബിബിത് പാലക്കാട്
19 – ഇഷ്ടം – രാജീവ് മാമ്പുള്ളി
19 – ശിഷ്ടകാലകർമ്മം – അജയ് ബാലചന്ദ്രൻ
20 – പൗരാവകാശം – ഇ. എൻ. നാരായണൻ
23 – ജയം – ബിതാ ദാസ്
26 – താദാത്മ്യം, കല്ല് പുഴയോട് – തുളസി കേരളശ്ശേരി
30 – ഒരു നേരിയ നിലാ വെളിച്ചം – അലക്സാണ്ടർ മുട്ടത്തുപാടം
32 – മഴ – വേലുണ്ണി ഞാങ്ങാട്ടിരി
33 – മണ്ഡൂകം – നൂർമുഹമ്മദ്
41 – ജീവാമൃതം – മായ ബാലകൃഷ്ണൻ

**ഓർമ്മച്ചിത്രങ്ങൾ**
7 – സഖാവ് ജ്യോത്സ്യൻ – മുക്കം ഭാസി

**ഗായകരത്നങ്ങൾ**
8 – വാണി ജയറാം, ജാനമ്മ ഡേവിഡ്
– ടി. വി. നാരായണൻ കുട്ടി

**വിജ്ഞാനച്ചെപ്പ്**
11 – നാടിനെ അറിയാം, നാട്ടാരേം – ഡോ. ഒ. സി. പ്രമോദ്

**കാഴ്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
15 – വീട്ടുനടപ്പ് = നാട്ടുനടപ്പ് – രാജേന്ദ്രൻ വയല

**ദൈവനാമത്തിൽ**
20 – ഒരിയ്ക്കൽ മാത്രം – മുഹമ്മദ് കനി

**പാചകം**
20 – നവരസം – ജയ ചന്ദ്രൻ

**യാത്രകളിലൂടെ**
26 – സുന്ദരവനത്തിൽ ഒരു ക്രിസ്തുമസ് – ഡോ. സുനീത് മാത്യു

**ആരോഗ്യം**
33 – കൊറോണാ വൈറസ് – ഡോ. സി. രാമകൃഷ്ണൻ

# മാറുന്ന കാഴ്ചകൾ



**ഇ. ടി. മുരളീധരൻ**

**വെ**യിൽ കനക്കുന്നു ഒപ്പം അസഹനീയമായ ചൂടും. പ്രളയ സമയത്ത് വെള്ളം കണ്ടു ഭയന്നവർ, വെള്ളത്തെ ശപിച്ചവർ ഒരു തുള്ളി കുടിവെള്ളത്തിനായി പരക്കം പാഞ്ഞു തുടങ്ങിയിരിക്കുന്നു.

പ്രകൃതിചൂഷണം അതിരുകടന്നപ്പോൾ പ്രകൃതി തിരിച്ചടി തുടങ്ങി. പ്രളയമായും കാറ്റായും ഭൂമി കുലുക്കമായും ഉരുൾപൊട്ടലുകളായും ആഗോളതാപനമായും ഒക്കെ നമ്മെ പലതും ബോധ്യപ്പെടുത്തുന്നുണ്ട്. ഭൂമിയെ പോലെ തന്നെ സർവ്വംസഹയാണ് സ്ത്രീയും പക്ഷേ സ്ത്രീകളെ വല്ലാതെ ചൂഷണം ചെയ്തു തുടങ്ങിയിരിക്കുന്നു.

തരം കിട്ടിയാൽ സ്ത്രീകളെ പീഡിപ്പിക്കും. അതൊരു പുരോഹിതനായാലും അദ്ധ്യാപകനായാലും പൂജാരിയായാലും രാഷ്ട്രീയക്കാരനായാലും. എന്താ ഇതിനുകാരണം? വളർന്നുവരുമ്പോൾ നേടേണ്ട വിദ്യാഭ്യാസത്തിലെ കുറവ്... ആദ്യം വിദ്യാഭ്യാസ സംവിധാനം ശരിയാക്കണം. കുട്ടികളെ നല്ലതുപഠിപ്പിക്കണം. സ്കൂളുകളിൽ കഞ്ചാവും മയക്കുമരുന്നും വ്യാപകമായി കൊണ്ടിരിക്കുന്നു. കൊന്നുതിന്നാൻ വേണ്ടി വളർത്തുന്ന കോഴികളെപ്പോലെ കുട്ടികളെ വളർത്തരുത്. രാഷ്ട്രീയം കളിച്ച് കൊലയ്ക്ക് കൊടുക്കാൻ വേണ്ടിയാണോ അതോ പക്വതയില്ലാത്തവനെ രാഷ്ട്രീയം പഠിപ്പിച്ച് രാഷ്ട്രത്തെ നശിപ്പിക്കാനാണോ വിദ്യാലയങ്ങളും വിദ്യാഭ്യാസവും ?

പണ്ട് എസ്. എസ്. എൽ. സി. ഉൾപ്പടെയുള്ള പരീക്ഷകളിൽ ജയിക്കുന്നവർ അപൂർവ്വം. ഇന്നോ തോൽക്കുന്നവർ അപൂർവ്വം. പണ്ടില്ലാത്ത പല ഡിഗ്രി കോഴ്സുകളുമിന്നുണ്ട്. പക്ഷെ എന്തൊക്കെ പഠിച്ചിട്ടും വിവരമില്ലാത്ത ജനങ്ങൾ ഇവിടെ പെരുകുന്നു. നല്ല ഫീസ് കൊടുത്തും ഡൊണേഷൻ കൊടുത്തും കുട്ടികളെ സ്കൂളിലും കോളേജിലും ചേർത്തുക എന്നത് മാത്രമേ നമുക്കറിയുകയുള്ളു. നമ്മൾക്ക് പരിചിതമല്ലാത്ത എന്തൊക്കെയോ ആണ് പഠിപ്പിക്കുന്നത്. കുട്ടികൾക്ക് ഇരിക്കാൻ നേരമില്ല. പ്രൊജക്റ്റ്, സെമിനാർ... എല്ലാം റെഡിമെയ്ഡായി കിട്ടുന്ന ഇടം കണ്ടെത്തി കാശുകൊടുത്ത് വാങ്ങി സബ്മിറ്റ് ചെയ്യണം. പ്രൊജക്റ്റും സെമിനാറും ഉണ്ടാക്കിക്കൊടുക്കുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. അവിടെപ്പോയി അവർ പറയുന്ന വില കൊടുത്ത് വാങ്ങി സബ്മിറ്റ് ചെയ്താൽ മതി. ചില അദ്ധ്യാപകർ നോക്കുക റിപ്പോർട്ടിന്റെ ഭംഗി മാത്രമാണ്. ഒറ്റയടിക്കൊന്നും അവർ പ്രൊജക്ട് റിപ്പോർട്ടിൽ ഒപ്പിട്ടുതരില്ല. വിദ്യാർത്ഥികൾ തന്നെ വില കുറച്ചുകണ്ടാലോ ? ഫോണ്ടിന് (അക്ഷരങ്ങൾക്ക്) വലിപ്പം പോരാ, ഈ ഹെഡ്ഡിങ്ങ് ഇറ്റാലിക് ആക്കണം... അങ്ങനെ വലിയ വലിയ (നിസ്സാരങ്ങളായ) മിസ്റ്റേക്കുകൾ പറയും. ഇത് തെറ്റാണോ അല്ലെയോ എന്നറിയാത്ത കുട്ടി അങ്ങനെ പലതവണ ഡി.ടി.പി. സെന്ററിൽ ചെന്ന് പണം കൊടുത്ത് പ്രിന്റ് എടുത്ത് അദ്ധ്യാപകരെ കാണിക്കും. സബ്ജക്റ്റിന്റെ ഹെഡ്ഡിങ്ങ് അല്ലാതെ മറ്റെന്തെങ്കിലും വായിക്കുന്നുണ്ടോ എന്ന് സംശയം. അതുപോലെ അടുത്തൊരു വിഷയം വിദ്യാലയങ്ങളിൽ നടക്കുന്ന കലോത്സവമാണ്. കലോത്സവത്തിന് പങ്കെടുക്കാൻ മാത്രമായി കലയുടെ ഏതോ ഒരു ഭാഗം അഭ്യസിക്കുന്നു. പോയിന്റ് നേടുക മാത്രമാണ് ലക്ഷ്യം. പിന്നീട് ആ കല അവർ തുടരുന്നേയില്ല. എല്ലാം കൊണ്ടും യുവത്വം വെറുതെ പഠനത്തിന്റെ പേരുപറഞ്ഞ് കളയുകയാണ്. വൻതുക, ഏകദേശം നല്ലൊരു ബിസിനസ്സ് തുടങ്ങാനുള്ള അത്രയും പണം കൊടുത്ത് കോളേജിൽ നിന്ന് പഠിച്ചിറങ്ങുമ്പോൾ ആ നിക്ഷേപത്തിന്റെ റിട്ടേണായി മാത്രം കിട്ടാവുന്ന പണം ശമ്പളമായി കിട്ടുന്ന ഒരു ജോലി ക്യാമ്പസ് സെലക്ഷൻ എന്ന നാടകം പ്രദാനം ചെയ്യുന്നു. പറയാൻ നല്ല സ്റ്റാറ്റസ് ഉണ്ട്, ക്യാമ്പസ് സെലക്ഷൻ കിട്ടി. കിട്ടിയ കുട്ടി മെഷീനുകളെപ്പോലെ ബുദ്ധിയെ പണയപ്പെടുത്തി മരിച്ചുപണിയെടുക്കുക എന്നല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ അവർക്ക് സമയം കിട്ടില്ല. അതുകൊണ്ടുതന്നെ അവരെക്കൊണ്ട് നാടിനെന്ത് പ്രയോജനം ? ആവശ്യത്തിൽ കൂടുതൽ പണം കൈയ്യിലെത്തുമ്പോൾ പുറംലോകവുമായി ബന്ധമില്ലാതെ ജീവിക്കുന്ന ഇക്കൂട്ടർ അതേ സ്ഥാപനത്തിൽ അടുത്തിരുന്ന് ജോലി ചെയ്യുന്ന ഒരു കുട്ടിയെ ജാതി മത സംസ്കാരം നോക്കാതെ പ്രേമിച്ച് വിവാഹം കഴിക്കും, വീട്ടുകാരെ പൊല്ലാപ്പിലാക്കും. അങ്ങനെ എത്രയെത്ര സംഭവങ്ങൾ നമുക്ക് ചുറ്റും നടക്കുന്നു.

പക്വതയില്ലാതെ വിവാഹം കഴിച്ച് പലരും പുലിവാൽ പിടിക്കുന്നുണ്ട്. സംശയ രോഗം പോലുള്ള മാനസിക വൈകല്യത്താലും അതുമല്ലെങ്കിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗത്താലും ഭാര്യയേയും കുട്ടികളേയും ഉപദ്രവിക്കുകയും മറ്റുള്ളവരുടെ മുന്നിൽ വെച്ച് അധിക്ഷേപിക്കുകയും ചെയ്യുന്നവരുണ്ട്. അങ്ങിനത്തെ ഒരവസ്ഥയിൽ എന്തു ചെയ്യണം, എങ്ങോട്ടു പോകണമെന്നറിയാതെ മൂന്നും നാലും കുട്ടികളുമായി പകച്ചുനിൽക്കുന്ന അമ്മമാരെ ഞാൻ കണ്ടിട്ടുണ്ട്. സ്ത്രീ പുരുഷ ബന്ധം ഒരു എഗ്രിമെൻറ് ആണ്. അതിൽ രണ്ടുപേർക്കും തു

ല്യ അവകാശങ്ങൾ ഉണ്ട്. പക്ഷെ എന്നും പുരുഷൻ മുന്നിലും സ്ത്രീ പിന്നിലും ആണ്. എന്നുമെന്നും പിറകിൽ മാത്രം നില്ക്കാൻ ഇഷ്ടപ്പെടുന്ന അവരെ കഴിവില്ലാത്തവർ ആയി കാണരുത്. അവരുടെ കയ്യിലുണ്ട് വിലമതിക്കാനാവാത്ത ഒരു കഴിവ് അതാണ് സഹനം. സ്ത്രീ താഴ്ന്നുകൊടുക്കുന്നതു കൊണ്ടാണ് പലരുടെയും ജീവിതം നല്ലവിധത്തിൽ മുന്നേറുന്നത്. പുരുഷന് സ്ത്രീകൾ ചെയ്യുന്ന എല്ലാ കാര്യങ്ങളും ചെയ്യാനാവില്ല പക്ഷേ അവസരം ലഭിച്ചാൽ ഒരു സ്ത്രീ പുരുഷൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും കൂടുതൽ ഭംഗിയായും ശ്രദ്ധയോടെയും ചെയ്യാനാവും എന്തെന്നാൽ കർമ്മം കൊണ്ടും സഹനം കൊണ്ടും സ്ത്രീകൾ എന്നും മുന്നിലാണ് ഇരുപുറത്തുമുള്ള വിട്ടുവീഴ്ചകളാണ് ദാമ്പത്യത്തിന്റെ വിജയം. കലഹിച്ചു കഴിയുന്ന മാതാപിതാക്കളുടെ കുട്ടികളും വഴി പിഴയ്ക്കും. ജീവിതത്തിന് ഒരു അർത്ഥവും മൂല്യവും അവർ കാണില്ല. ആരും കൊതിക്കുന്നത് സ്നേഹമാണ്, സ്നേഹസാമീപ്യമാണ്. സ്നേഹം കിട്ടുന്നിടത്തേയ്ക്കു അവർ പോകും ആണായാലും പെണ്ണായാലും. അതുകൊണ്ടു അവരെ കുറ്റപ്പെടുത്താനാവില്ല. ഒരു പുരുഷന് വേണമെങ്കിൽ ഭാര്യയേയും കുട്ടികളേയും ഉപേക്ഷിച്ചു വേറൊരു കല്യാണം കഴിക്കാം പക്ഷേ അത്ര എളുപ്പമല്ല കുട്ടികളുള്ള ഒരു സ്ത്രീക്ക്. പത്തുമാസം ചുമന്ന് വേദനിച്ചു പ്രസവിച്ചതിന്റെ ഓർമ്മകൾ അവരെ വേട്ടയാടുന്നു. എന്നിട്ടും ഈയിടെയായി സ്വന്തം കുട്ടിയെ കൊന്നു കാമുകന്റെ കൂടെ ഒളിച്ചോടിയവരെ കുറിച്ചുള്ള വാർത്തകൾ നമ്മൾ ഏവരേയും അത്ഭുതപ്പെടുത്തി. ഇനിയും എത്രയെത്ര അത്ഭുതങ്ങൾ കാണാൻ കിടക്കുന്നു? കാലം കലികാലമല്ലേ? വഴിവിട്ടു ജീവിക്കുന്ന സ്ത്രീയും പുരുഷനും, യഥാർത്ഥത്തിൽ സൽമാർഗ്ഗികളായി ജീവിക്കുന്ന സ്ത്രീ പുരുഷന്മാർക്ക് ഒരു അപവാദമാണ്.

ഭക്തിയിലൂടെ ഉണ്ടാക്കിയെടുക്കുന്ന ഒരു പേടിയുണ്ട്. ആ പേടി നിലനിർത്തി അത് മുതലെടുക്കുന്ന കുറെ ആളുകളും ഉണ്ട്. അവരെ മാത്രമായി കുറ്റം പറയുന്നതെന്തിന് ? സ്വയബുദ്ധി ഉപയോഗിക്കാതെ നിന്ന് കൊടുത്തിട്ടില്ലേ ? ദൈവത്തിനെ കൂടാതെ നിങ്ങളുടെ ഭാവി അറിയാവുന്ന ഒരാളെ ഉള്ളൂ, അത് മറ്റാരുമല്ല നിങ്ങൾ തന്നെയാണ്. ഈ വിധത്തിൽ പോയാൽ, ജീവിച്ചാൽ എവിടെ വരെ എത്തും, എന്തായി തീരുമെന്നും നമുക്ക് അറിയാവുന്ന പോലെ മറ്റാർക്കും അറിയില്ല. അതുകൊണ്ടുതന്നെ ഭാവിയും ഭൂതവും പ്രവചിക്കുന്നവർക്ക് പണം കൊടുക്കരുത് കാരണം അവരും നമ്മളെപ്പോലെ തന്നെ ഭാവിയറിയാതെ വിഷമിക്കുന്നവരാണ്. എല്ലാത്തരം പരിഹാരങ്ങളും പ്രതിവിധികളും നടത്തിയിട്ടും മാറാത്ത വിഷമങ്ങളും രോഗങ്ങളും വേവലാതികളും അവർക്കുമുണ്ട്.

പണ്ടൊന്നും ആളുകൾക്ക് ഇത്രയ്ക്ക് ഭക്തി ഉണ്ടായിരുന്നില്ല. ഭക്തിയെ ബിസിനസ് ആയി കണ്ട് വേഷംകെട്ടി ഇറങ്ങിയവരുടെ വലയിൽ ബഹുഭൂരിഭാഗം ആളുകളും വീണിരിക്കുന്നു. ഭക്തിപ്രഭാഷണം കേൾക്കാനായി വളരെ ഭക്തിപുരസ്സരം എത്തുന്നവർക്ക് അത്ഭുതം തോന്നും വിധം വർഗ്ഗീയ പ്രസംഗങ്ങൾ കേൾക്കാം. ഭക്തിയെ മറയാക്കി വർഗ്ഗീയത വ്യാപകമായി പ്രചരിപ്പിക്കുന്നു എല്ലാ വിഭാഗക്കാരും. എന്തിനേറെ സാഹിത്യ ക്യാമ്പെന്ന പേരിൽ നടക്കുന്നതും സാഹിത്യ ചർച്ചകളല്ല മറിച്ച് രാഷ്ട്രീയ പ്രസംഗങ്ങളാണ്. പ്രസംഗങ്ങളിലൂടെ ചിലരെല്ലാം ദൈവത്തിന്റെ അവതാരമാണെന്ന് പറയുന്നവർ, മറ്റുള്ളവരെ സൃഷ്ടിച്ചിരിക്കുന്നത് പിന്നെ ആരാണ് എന്ന് ചിന്തിക്കാതെ പോകുന്നു. ഇവനുവേണ്ടിയാണ് അവനെ സൃഷ്ടിച്ചിരിക്കുന്നത്, അവനുവേണ്ടി ഇവനെയും. അങ്ങനെയെങ്കിൽ എല്ലാവർക്കും വേണ്ടിയാണ് ഇവിടെ എല്ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വർഗ്ഗീയ ചിന്ത ഉള്ളവർ ഒറ്റക്കണ്ണൻമാർ അതുമല്ലെങ്കിൽ ഇരുപുറവും കാണാതിരിക്കാൻ, കുതിരയുടെ കണ്ണിന്റെ ഇരുവശത്തും കെട്ടിവയ്ക്കുന്ന എന്തോ ഒന്ന് ആരാലോ ഇവരുടെ കണ്ണുകൾക്ക് ഇരുപുറത്തും പിടിപ്പിച്ചിരിക്കുകയാണ്. ഇരുപുറവും കാണണമെങ്കിൽ ആദ്യം വർഗ്ഗീയത മനസ്സിൽനിന്ന് കളയണം പക്ഷെ അത് കളയാതെ നോക്കാൻ അവരവരുടെ യജമാനന്മാർ ശ്രദ്ധിക്കുന്നുണ്ട് കാരണം നിങ്ങളിലെ കുതിരയെ പിന്നെ അവർക്ക് അനുയോജ്യമാംവിധം ഉപയോഗിക്കാനാവില്ലല്ലോ.

എന്തു പറഞ്ഞാലും അതിനെ എതിർത്ത് സംസാരിക്കുന്ന സ്വഭാവമുള്ളവർ പലരും നമുക്കിടയിൽ ഉണ്ട്. ആ ശീലം ഒരർത്ഥത്തിൽ നല്ലതല്ല പക്ഷേ എതിർത്തുപറയാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ പുറത്തേക്ക് പറയാതെ ഉള്ളിൽ വച്ചുതന്നെ അവയെ സംസ്ക്കരിച്ചു നോക്കൂ, നമ്മളിൽ നല്ല മാറ്റങ്ങൾ വരും. ദൈവം ഉണ്ട് എന്ന് പറയുമ്പോൾ ഇല്ല എന്നും ഇല്ല എന്നു പറയുമ്പോൾ ഉണ്ട് എന്നും പറയുന്നതിനുമുൻപ് ചിന്തിക്കുകയും അങ്ങനെ ഇരുപുറവും നല്ലവണ്ണം ചിന്തിച്ച് പ്രവർത്തിക്കുന്നവർക്ക്, സംസാരിക്കുന്നവർക്ക് ജീവിതത്തിൽ പ്രശ്നങ്ങൾ കുറയും അല്ലാത്തവർ എല്ലാത്തിനേയും അന്ധമായി വിശ്വസിക്കും, പിന്തുടരും. ജാതിയിലും മതത്തിലുമൊന്നും പെടാതെ യഥാർത്ഥത്തിൽ ദൈവം മാറി നിൽപ്പുണ്ട്. സൃഷ്ടിച്ച ദൈവത്തിന് ഒന്നിനോട് മാത്രമായി മമത വരാൻ സാധ്യതയില്ല കാരണം ദൈവം മനുഷ്യനല്ലല്ലോ. അതുമനസ്സിലാക്കി നാമും എല്ലാ സൃഷ്ടികളേയും അംഗീകരിക്കുക. ആശയങ്ങൾ തമ്മിൽ ഏറ്റുമുട്ടാം പക്ഷേ സ്വതന്ത്രമായി ചിന്തിച്ച് ആശയ സമന്വയം ഉണ്ടാക്കണം കാരണം എല്ലാം ഒന്നിൽ നിന്നാണ് ഉത്ഭവിക്കുന്നത് അതുകൊണ്ടുതന്നെ എല്ലാം ഒന്നാണ്, ഒന്നിലേക്കാണ് എന്ന ഓർമ്മവേണം. അങ്ങിനെയെങ്കിൽ പിന്നെ എന്തിന് തർക്കിച്ചിരുന്ന് സമയം കളയണം.

അറ്റൻഡൻസ് വിളിക്കുമ്പോൾ ഹാജർ പറഞ്ഞാൽ പോരേ? മതി, പക്ഷെ ക്ലാസ്സിൽ ഇരിപ്പുണ്ട് എന്ന ഒരു ബോധം വേണം, ശ്രദ്ധ വേണം. എല്ലാവരും അവരവരുടെ സാന്നിധ്യമറിയിക്കാനായി ഇന്ന് ബഹളം വയ്ക്കുകയാണ്. അപക്വമായി എഴുതിയും സംസാരിച്ചും ബഹളം വെക്കുയാണ്. എല്ലാവർക്കും കൂട്ടായി സോഷ്യൽ മീഡിയകളുമുണ്ട്.

കല്യാണം കഴിഞ്ഞുള്ള വിരുന്ന് പോക്ക് ഒരു നല്ല രസമുള്ള ഏർപ്പാടാണ്. ജീവിതത്തിൽ ഒരിക്കൽ മാത്രം കിട്ടുന്ന സൗഭാഗ്യം. ബന്ധുമി

ത്രാദികളുടെ ഓരോ വീടുകളിൽ ചെന്ന് വസ്ത്രവും പണവും ഭക്ഷണവും താമസവും പോരാത്തതിന് ആ പ്രദേശമാകെ ചിലവില്ലാതെ ആഡംബര വാഹനങ്ങളിൽ ചുറ്റിനടന്നു കാണാനും ആകും. പക്ഷേ വർഷങ്ങൾക്കുശേഷം ബന്ധുമിത്രാദികളും സുഹൃത്തുക്കളും ഓരോരുത്തരായി നമ്മളെ കാണാൻ, നമ്മുടെ സൽക്കാരം സ്വീകരിക്കാൻ വന്നാൽ പിന്നെ ആകെ കഷ്ടപ്പാടാണ്. വീട് വൃത്തിയാക്കണം, കാണാൻ ഭംഗിയില്ലാത്ത സാധനങ്ങളെ കളയണം, ചിലവയെ ഒളിപ്പിക്കണം കൂട്ടത്തിൽ മലമൂത്രവിസർജ്ജനം നടത്തി കിടക്കുന്ന വയസ്സായ അച്ഛനമ്മമാരെ കുറച്ചുനാളത്തേക്ക് പണം കൊടുത്തു നിർത്താവുന്ന വല്ലിടത്തേക്കും മാറ്റി പാർപ്പിക്കണം. ആകെപ്പാടെ ചിലവ്. പണ്ട് കല്യാണസമയത്ത് മുഴക്കിയ വീരവാദങ്ങൾ അവർ പരിശോധിക്കും. കല്യാണ പുതുക്കത്തിൽ, ഞാൻ പുതിയതായി വീട് വെക്കുമെന്നും ഞാനെന്റെ അച്ഛനമ്മമാരെ അവിടെ കൊണ്ടുപോയി പൊന്നുപോലെ നോക്കുമെന്നും സുഖമായി കഴിയുമെന്നുമെല്ലാം പറഞ്ഞു, ഇപ്പോൾ പൊല്ലാപ്പായി. വീണ്ടും വല്ല ബഡായിയും പറഞ്ഞു പിടിച്ചുനിൽക്കണം. എന്തിനാണാവോ എല്ലാവരും കൂടി ഇപ്പോൾ ഇങ്ങോട്ടേക്കു എഴുന്നള്ളുന്നത് ? എന്തായാലും ഈ വിരുന്നിനു വരുന്നവർ പോകുമ്പോൾ എന്തെങ്കിലും തന്നാൽ മതിയായിരുന്നു. ഈ കാട്ടിക്കൂട്ടലുകൾക്കായി വാങ്ങിയ കടം കുറച്ചെങ്കിലും തീർക്കാമായിരുന്നു. ഈ അവസ്ഥയിൽ ആയി നമ്മുടെ രാജ്യവും. ഇവിടത്തെ ചില നേതാക്കന്മാർ എല്ലാ രാജ്യവും കണ്ടു സൽക്കാരം സ്വീകരിച്ചു. ഇപ്പോൾ അവർ ഓരോരുത്തരായി ഇങ്ങോട്ടേക്ക് എഴുന്നള്ളാൻ പോവുകയാണ്. ചേരി പ്രദേശത്തുള്ള ആളുകളെ ഒഴിപ്പിക്കണം, അവിടെ ആകെ വൃത്തിയാക്കണം, വൃത്തിയാക്കാൻ പറ്റാത്തത് എന്തെങ്കിലും വെച്ച് മറക്കണം, ചിലവോട് ചിലവ് തന്നെ. പിന്നെ അച്ഛൻ സമ്പാദിച്ചുവെച്ച സ്വത്തും സ്ഥലവുമുണ്ടല്ലോ അതെല്ലാം വിൽക്കാം, പണയപ്പെടുത്താം എന്ന് കരുതുന്ന മക്കളെ പോലെ ഒന്നും ആലോചിക്കാതെ ഈ സാഹചര്യത്തേയും കൈകാര്യം ചെയ്യാനായി പുറപ്പെട്ടിരിക്കുകയാണ്. എന്തുചെയ്യും കൂടപ്പിറപ്പ് ആയിപ്പോയല്ലോ... നാട്ടുകാരൻ ആയിപ്പോയല്ലോ... നേതാവായി പോയല്ലോ... സഹിക്കുക തന്നെ...

സൽക്കാരം സ്വീകരിക്കുമ്പോൾ ആരായാലും ഒരുകാര്യം ഓർക്കണം, ഒരുനാൾ നാം അവരേയും സൽക്കരിക്കേണ്ടി വരുമെന്ന്. രാജ്യങ്ങളായ രാജ്യങ്ങളിലെല്ലാം പോയി സൽക്കാരം സ്വീകരിച്ചു. ഇനി അവർ ഓരോരുത്തരായി ഇവിടെ വരട്ടെ, നമുക്ക് അവരെ സ്വീകരിച്ച് ആനയിക്കാം. ഖജനാവിൽ പണമില്ലെങ്കിലെന്ത്, അടുത്ത് രാജ്യങ്ങളിൽ നിന്ന് കടം വാങ്ങാം അതുമല്ലെങ്കിൽ ഇലക്ഷൻ ഒന്നു കഴിയട്ടെ എല്ലാറ്റിന്റെയും കരം കൂട്ടി പാവം ജനതയെ പിഴിഞ്ഞെടുക്കാം. അണമുട്ടിയാൽ ചേരയും കടിക്കും എന്നൊരു ചൊല്ലുണ്ട്. പാവങ്ങളുടെ വയറ്റത്തടിച്ചാൽ അധികം വൈകാതെ പണി കിട്ടും. വയറ് നിറഞ്ഞിരിക്കുന്നവന്റെ അടുത്തു ചെന്ന് വർഗ്ഗീയത പറഞ്ഞു സമയം കളയാം പക്ഷേ വിശന്നാൽ പിന്നെ അവനു കണ്ണുകാണില്ല. ആര് ഭക്ഷണം തന്നാലും കഴിക്കും, അവരുമായി ചങ്ങാത്തം കൂടും. വിലക്കയറ്റത്തിനും തൊഴിലില്ലായ്മയ്ക്കും പരിഹാരമായില്ല എങ്കിലും കടംവാങ്ങിയാണെങ്കിലും നല്ല സൂപ്പർ ഹൈവേകൾ ഇനിയും നിർമ്മിക്കണം. വില കൂടിയ ആഡംബര വാഹനങ്ങൾ മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യണം എന്നിട്ട് ആ വാഹനങ്ങളിൽ സഞ്ചരിച്ചു ഹൈവേയിൽ വെച്ചേ തീരൂ എന്നാണെങ്കിൽ എന്തു ചെയ്യും ? ചക്രത്തിന്മേലാണ് വണ്ടി നീങ്ങുന്നത് എന്ന ബോധ്യം പോലുമില്ലാതെ വണ്ടി ഓടിക്കുന്ന ഡ്രൈവർമാർ കൂടിവരുന്നു. അമിതവേഗത, പോരാത്തതിന് മദ്യവും മയക്കുമരുന്നും. എങ്ങനെ ആക്സിഡൻറ് ഇല്ലാതിരിക്കും ? കുറച്ചുപേരുടെ അശ്രദ്ധയിൽ കുറേ നിരപരാധികൾ റോഡിൽ പൊലിഞ്ഞുപോകുന്നു. അങ്ങോട്ട് ചെന്ന് ഇടിച്ചാലും, ഇങ്ങോട്ട് വന്ന് ഇടിച്ചാലും ഉച്ചത്തിൽ സംസാരിക്കുന്നവൻ ജയിക്കും. പണവും പദവികളും അവനെ സഹായിക്കും. മരിച്ചവരെ ഓർക്കുമ്പോഴാണ് ദുഃഖം. ഒരു കണക്കിന് നോക്കിയാൽ അവർ ഇനിയും കലുഷിതമാകാനിരിക്കുന്ന കാലത്തിൽ നിന്നും രക്ഷപ്പെട്ടല്ലോ...

താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും എന്നു കേട്ടിട്ടില്ലേ. അതുപോലെ വൈറസ്സുകളെ നിർമ്മിച്ചാൽ ബോംബിനു പകരമായി ഉപയോഗിക്കാം എന്ന് കരുതി പക്ഷേ ബോംബ് നിർമ്മാണ വേളയിൽ അബദ്ധത്തിൽ പൊട്ടി കാലു നഷ്ടപ്പെട്ടവരെ പോലെ വൈറസ് കണ്ണുവെട്ടിച്ച് പുറത്തിറങ്ങി നിർമ്മിച്ചവരെ തന്നെ ഇല്ലാതാക്കിയിരിക്കുന്നു. ഇപ്പോൾ ആർക്കും ചൈനയുടെ ഉൽപ്പന്നങ്ങൾ വേണ്ട. അതിലൂടെയോ മറ്റോ കൊറോണ വൈറസ് വന്നാലോ ? വസൂരി എന്ന രോഗത്തിന് മരുന്ന് കണ്ടെത്തിയിട്ടില്ലാത്ത സമയത്ത് വസൂരിരോഗം വന്നവരെ കൂട്ടത്തോടെ കൊല്ലുന്ന പ്രവണത ഉണ്ടായിരുന്നു. എല്ലാകാലത്തും ഇതുപോലെ പുതിയ മരുന്ന് കണ്ടുപിടുത്തങ്ങൾക്ക് ആനുപാതികമായി പുതിയ വൈറസ്സുകളും വരും. ഇപ്പോഴത്തെ അവസ്ഥ മാത്രം കണക്കിലെടുത്തു വീമ്പു പറഞ്ഞു നടക്കുന്നവർ ജാതി മത രാഷ്ട്ര ചിന്തകൾ മറന്ന് ഓടി രക്ഷപ്പെടേണ്ടിവരും. ശത്രുവിനോട് പോലും സഹായമഭ്യർത്ഥിക്കേണ്ടിവരും. അതുകൊണ്ട് ആരോടും ശത്രുത വച്ചു പുലർത്തണ്ട. എല്ലാവരും നമ്മളെ പോലെയാണ്, സ്നേഹിക്കപ്പെടാൻ ഇഷ്ടപ്പെടുന്നവർ. ജാതിയുടെയും മതത്തിന്റെയും രാഷ്ട്രത്തിന്റെയും പേരിൽ ജനങ്ങളെ വേർതിരിച്ച്, വെറുപ്പ് വരുത്തിവയ്ക്കരുത്. പുതിയ പല വൈറസ്സുകളും പ്രകൃതി ദുരന്തങ്ങളും യുദ്ധങ്ങളും ഇനിയും വരാനിരിക്കുന്നുണ്ട് എന്ന് ഓർമ്മ വേണം.

പിച്ചിച്ചീന്തിക്കളയും എന്നറിഞ്ഞിട്ടും ഏറെ നേരം പൂത്തുലഞ്ഞുനിൽക്കാൻ കൊതിച്ച് ഏപ്രിൽ എത്തുംമുമ്പേ കണിക്കൊന്നകൾ പൂത്തു. നമുക്കുമുമ്പേ നേരത്തേ എത്തിയവർ നേരാംവണ്ണം ജീവിതം ജീവിച്ചുതീർത്തു. നമുക്കും അതിന് സാധിക്കണം...ഒരുപടിമുന്നേ ചിന്തിച്ച് പ്രവർത്തിക്കുക, ചുറ്റുമുള്ള കാഴ്ചകൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. നല്ല ശ്രദ്ധ വേണം...


●

# സഖാവ് ജോത്സ്യൻ

**കെ**. സി. കെ. പണിക്കർ എന്ന് വിളിക്കപ്പെടുന്ന കല്ലൂർ ചന്തുക്കുഞ്ഞൻ പണിക്കർ നല്ല ജ്യോത്സ്യനും നല്ല സഖാവുമായിരുന്നു ! വാക്കുകൾക്ക് പോറലേൽക്കാത്ത അക്ഷരങ്ങളെ അയാളുടെ വായിൽ നിന്ന് വീഴൂ. അങ്ങനെ ചുരുക്കം ചില സഖാക്കൾ കൂടി എന്റെ നാട്ടിലുണ്ടായിരുന്നു. ചുരുക്കം ചിലർ മാത്രം ! സഖാക്കൾ ടി. കുഞ്ഞൻ, പി. കെ. കൃഷ്ണൻ, കെ. സി. വേലു തുടങ്ങിയവർ. ഇവരൊക്കെ ആരോടും കയർത്ത് സംസാരിച്ചതായി ഞാൻ കണ്ടിട്ടില്ല.

സ: പണിക്കർ ജ്യോത്സ്യത്തിൽ കൂടിയും കമ്മ്യൂണിസം പ്രചരിപ്പിച്ചുകളയും. അതായിരുന്നു അദ്ദേഹത്തിന്റെ രീതി. കമ്മ്യൂണിസവും ജ്യോത്സ്യവും... മോരും മുതിരയും !! എല്ലാ വിശ്വാസപ്രമാണങ്ങളേയും അംഗീകരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം ! ഓണം, വിഷു എന്നീ വിശേഷ ദിവസങ്ങളിൽ പണിക്കർ എല്ലാ വീടുകളും കയറിയിറങ്ങും. കൂടെ ജ്യേഷ്ഠ പുത്രനും. പണിക്കർ വിഷുഫലം പറയും. മൂന്ന് പറ വർഷം, തെക്കോട്ട് വരവ്... തുടങ്ങിയ ഫലശ്രുതി ! സാധാരണക്കാർക്ക് എന്ത് മൂന്ന് പറ...? എങ്കിലും പണിക്കരെ സഹർഷം സ്വാഗതം ചെയ്യും. അരിയും തേങ്ങയും മറ്റും കൊടുക്കും. അതു ചുമക്കാനാണ് സഹായി.

പാവപ്പെട്ട പലരേയും സഖാവ് പണിക്കർ കൈയ്യയച്ച് സഹായിയ്ക്കും. അവർക്ക് വേണ്ടത് നൽകാൻ പല ചരക്ക് കടകളിൽ സ്വന്തം എക്കൗണ്ടിൽ ഏർപ്പാട് ചെയ്യും. നല്ലൊരു വായനശാലാ പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. മുക്കത്തിനടുത്ത അഗസ്ത്യൻ മുഴിയിൽ ആദ്യകാലത്ത് തരക്കേടില്ലാത്ത ഒരു വായനശാല പ്രവർത്തിച്ചിരുന്നു വർഷങ്ങൾക്ക് മുമ്പ്. അതിന്റെ ജീവാത്മാവും പരമാത്മാവുമായിരുന്നു പണിക്കർ.



**മുക്കം ഭാസി**
**9846138693**

വായനശാലാ പ്രവർത്തനവും, ജ്യോത്സ്യവും രാഷ്ട്രീയവും, സാമൂഹ്യപ്രവർത്തനവും എല്ലാം കൂടി പണിക്കർ ഒരു സർവ്വസമ്മതൻ ! എനിയ്ക്കൊരു അമ്മാവനുണ്ടായിരുന്നു; നൂറു ശതമാനവും കോൺഗ്രസ്സ്. രാഷ്ട്രീയം പഠിച്ചിട്ടൊന്നുമല്ല. മൊരത്ത വിശ്വാസം ദൈവവിശ്വാസം പോലെ. ഞാൻ വിദ്യാർത്ഥിയായിരിയ്ക്കുമ്പോൾ എന്നെ ഉപദേശിയ്ക്കും കമ്മ്യൂണിസ്റ്റുകാരുടെ കൂടെ ഒരിയ്ക്കലും കൂടിപോകല്ലെ എന്ന്.

പക്ഷെ അമ്മാവന് പണിക്കരെ വലിയ ഇഷ്ടമായിരുന്നു. എന്താ കാരണമെന്നല്ലെ ? ജ്യോത്സ്യത്തിൽ വലിയ വിശ്വാസം. തൊട്ടതിനും പിടിച്ചതിനും ഒക്കെ പണിക്കരെ കൊണ്ട് പ്രശ്നം വെപ്പിയ്ക്കും. പണിക്കർ പൊടിപ്പും തൊങ്ങലും വെച്ച് സമർത്ഥമായി ബഡായി വിളമ്പി അമ്മാവനെ ആകർഷിയ്ക്കും. ഇടയ്ക്കൊക്കെ പ്രായോഗിക കമ്മ്യൂണിസവും അമ്മാവന്റെ ബോധമണ്ഡലത്തിലേയ്ക്ക് തിരുകിക്കയറ്റും. മെല്ലെ തിന്നാൽ മുള്ളും തിന്നാം എന്ന പ്രായോഗിക വാദിയായിരുന്നു പണിക്കർ. ചുരുക്കി പറയട്ടെ എന്റെ അമ്മാവൻ പിന്നീട് പുനരവതരിച്ചത് ഒരു ഉഗ്രൻ കമ്മ്യൂണിസ്റ്റായി !!

കുട്ടിക്കാലത്ത് ഞങ്ങളുടെ നാട്ടിലെ ഒരു നമ്പൂതിരിയെ പറ്റി ഒരു കഥ കേട്ടിട്ടുണ്ട്. തൽക്കാലം ആ ഇല്ലക്കാരെ ഞാൻ മുല്ലശ്ശേരി എന്ന് വിളിയ്ക്കുന്നു. ഇല്ലപറമ്പ് ഒരു തെങ്ങിൻ തോപ്പാണ്. തെങ്ങിന്മേൽ ഒരു ഇളനീരും കരിക്കും വെക്കാതെ കുരങ്ങന്മാർ ഇളനീരും മന്നിങ്ങയുമൊക്കെ അവർ കടിച്ച് പൊളിച്ച് തിന്നും. വടിയുമെടുത്ത് ബഹളം വെച്ച് ഓടിച്ചാലോ, അവർ ഇളിച്ചുകാട്ടി അടുത്ത തെങ്ങിലേയ്ക്ക് ചാടും.

സഹികെട്ടു തിരുമേനി. ഇനി എന്തുചെയ്യും ? അപ്പോഴാണ് തന്റെ പരിചയക്കാരൻ ഉണ്ണിമോയി മുതലാളിയെ കാണുന്നത്. മുതലാളിയോട് കാര്യം പറഞ്ഞു. ഉണ്ണിമോയി സമാധാനിപ്പിച്ചു. "വഴിയുണ്ടാക്കാം. തിരുമേനി വിഷമിക്കണ്ട..."

ഒരു നല്ല നായയെ ഉണ്ണിമോയി തന്നെ വിലയ്ക്ക് വാങ്ങി തീരുമേനിയ്ക്ക് കൊടുത്തു. ഉശിരൻ നായ. നായ വന്നതോടെ നായാട്ട് തുടങ്ങി. കുരങ്ങന്മാരെ കണ്ടാൽ നായ കുരച്ച് കുരങ്ങന്മാരെ ഓടിയ്ക്കും. കുരങ്ങന്മാർ ഒരു തെങ്ങിൽ നിന്ന് മറ്റു തെങ്ങുകളിലേയ്ക്ക് ചാടും. "ഹാവൂ ! ഗുരുവായൂരപ്പാ... സമാധാനമായി." തിരുമേനി ആശ്വസിച്ചു.

ഒരു ദിവസം പ്രഭാതത്തിൽ തിരുമേനി തെങ്ങിൻ തോപ്പിലേയ്ക്ക് നോക്കിയപ്പോൾ ഒരത്ഭുതകാഴ്ച ! അന്തംവിട്ട തിരുമേനി പരിഭ്രാന്തിയോടെ അകായിലുള്ളവരെ (അന്തർജ്ജനത്തെ) വിളിച്ചു. "ദേ ! ഒന്ന് ഇങ്ങട വരൂ ! ഈ കാഴ്ച ഒന്ന് കാണൂ !!!"

അന്തർജ്ജനം കാഴ്ച കണ്ടു. ഉറക്കെ ജപിച്ചു... "ശിവ, ശിവാ... !!! എന്താ ഞാനീ കാണുന്നത്?"

കാഴ്ച മറ്റൊന്നുമായിരുന്നില്ല. നായയുടെ പുറത്തിരുന്നു ഒരു കുരങ്ങൻ സവാരി നടത്തുന്നു !! കുരങ്ങനും നായയും ഐക്യമുന്നണിയായി !! എങ്ങനെയെന്നോ ? കുരങ്ങന്മാർ തേങ്ങാപ്പൂൾ നായയ്ക്കെറിഞ്ഞുകൊടുക്കും. നായ അത് തിന്ന് വാലാട്ടി കുരങ്ങനുമായി സൗഹൃദം. ആ സൗഹൃദത്തിന്റെ ദൃശ്യമാണ് ഇവിടെ കണ്ടത്. ഒരു മൊരത്ത കമ്മ്യൂണിസ്റ്റ് വിരോധിയായ അമ്മാവനെ കമ്മ്യൂണിസ്റ്റാക്കിയ പണിക്കരുടെ തന്ത്രമോർക്കുമ്പോൾ എനിയ്ക്കീ കഥ

■ ഓർമ്മച്ചിത്രങ്ങൾ

ഓർമ്മ വരും.

മരണം വരെ എന്റെ അമ്മാവൻ കമ്മ്യൂണിസ്റ്റായിരുന്നു. ജാതക പൊരുത്തം നോക്കുമ്പോൾ ചൊവ്വാ ദോഷമുള്ള ജാതകക്കാരെ ഒരിയ്ക്കലും പണിക്കർ അകറ്റിനിർത്തിയില്ല. മനഃപൊരുത്തമുണ്ടോ അതിലും വലിയ പൊരുത്തമില്ലെന്ന് പണിക്കർ അടിവരയിടും. അത്തരം ചൊവ്വാ ദോഷക്കാർ നല്ല പൊരുത്തത്തോടെ ഇന്നും ജീവിയ്ക്കുന്നുണ്ട്. പതിനാറ് വർഷക്കാലം മുക്കം ഗ്രാമപഞ്ചായത്ത് മെമ്പറായിരുന്നു ഈ ജ്യോത്സ്യനായ സഖാവ് !! മനുഷ്യസ്നേഹിയായിരുന്ന ആ സഖാവിന് എന്റെ സ്മരണാഞ്ജലി ! ●

■ കവിത

## ആർ. ബി. ഐ



**സുന്ദരൻ മുക്കം**
**9497217506**

മുട്ടക്കുവാത്തിനെ
കൊന്നവനാണെന്റെ
മുത്തശ്ശിചൊന്ന
കഥയിലെ നായകൻ

മുത്തമിടും ദിനം
മുട്ടകളോരോന്ന്
വാരിയെടുത്തത്
ശാപ്പിട്ടുറക്കവും

ചൊന്നതു മുട്ട
കൊതിയരാം കൂട്ടുകാർ
മുട്ടയുണ്ടെത്രയോ
വാത്തിന്റെ സഞ്ചിയിൽ

ദുഷ്ട,തരുന്നില്ല
പൂവാലി പാലു
ചുരത്തുന്ന ചാതുര്യ
മില്ലാത്ത ജന്തു


കാവലാളാം രാഘവ
രാജരെ തട്ടിനീ
ശല്യക്രിയാശസ്ത്രം
കയ്യിലെടുക്കെടോ !

അച്ഛനിച്ഛിച്ചതേ
ജവം, ചെല്ലുന്നിതാഖരൻ
കണ്ടറിയാമീവിധം
സൃഗാലത്വ കൗശലം.

■ ഗായകരത്നങ്ങൾ

# മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ





**ടി. വി. നാരായണൻ കുട്ടി**
**9446030344**

## വാണി ജയറാം

'കലൈവാണി' എന്ന യഥാർത്ഥ പേരുള്ള 'വാണി ജയറാം' 1971 മുതൽ ഏതാണ്ട് 4 ദശാബ്ദ കാലത്തിനിടെ തെന്നിന്ത്യയിലെ വിവിധ ഭാഷകളിലായി ഏതാണ്ട് പത്തായിരത്തിലധികം ഗാനങ്ങളാലപിച്ചിട്ടുണ്ട്. ഇവർ ഇന്നും ഗാനരംഗത്ത് മോശമല്ലാത്ത സാന്നിദ്ധ്യം പുലർത്തുന്നുണ്ട്. സിനിമകളുടെ എണ്ണവും ഏകദേശം ആയിരത്തിനടുത്തുവരും. കൂടാതെ അനേകം ഭക്തിഗാന ആൽബങ്ങളും (മംഗള രൂപിണി, ശിവലിംഗം, ദുർഗ്ഗാദേവി, ശ്രീ അഷ്ടലക്ഷ്മി സ്തുതി) എന്നിവ ഇവരുടേതായുണ്ട്. ശ്രീ. ജയറാമിനെ വിവാഹം കഴിച്ച ശേഷമാണ് വാണി ജയറാം എന്ന പേരിലറിയപ്പെട്ടുതുടങ്ങിയത്. 'നവീന ഇന്ത്യയുടെ മീര' എന്നും ഇവരറിയപ്പെടുന്നു. വളരെ ദുർഘടമായ സംഗീതമിശ്രണവും അനായാസമായി കൈകാര്യം ചെയ്യുവാനുള്ള കഴിവിവർക്കുണ്ടായിരുന്നു. തെന്നിന്ത്യൻ ഭാഷകൾക്ക് പുറമെ മറാത്തി, ഹിന്ദി, ഒഡിയ, ഗുജറാത്തി, ബംഗാളി ഭാഷകളിലും ഇവർ പാടിയിട്ടുണ്ട്. തമിഴ്നാട്ടിലെ വെല്ലൂരിൽ 1945 നവംബർ 30ന്നാണ് ജനനം. അമ്മ പത്മാവതി, 6 പെണ്ണും, 3 ആണുമായി ഒമ്പതു മക്കളിൽ അഞ്ചാമത്തേതായിരുന്നു വാണി. വാണിയുടെ അമ്മ, രങ്കരാമാനുജ അയ്യങ്കാരുടെ കീഴിൽ സംഗീതാഭ്യസനം നടത്തിയിരുന്നു. ഇവർ വാണിയേയും അവിടെച്ചേർത്തു. മുത്തുസ്വാമി ദീക്ഷിതരുടെ ചില കൃതികൾ ഇവിടെനിന്ന് വാണി ഹൃദിസ്ഥമാക്കി. തുടർന്ന് കടലൂർ ശ്രീനിവാസ അയ്യങ്കാരാണ് വാണിയെ ചിട്ടയോടെ സംഗീതത്തിലെ ബാലപാഠങ്ങൾ പഠിപ്പിച്ചത്. ഇദ്ദേഹത്തെ കൂടാതെ ടി. ആർ. ബാലസുബ്രഹ്മണ്യൻ, ആർ. എസ്. മണി എന്നിവരും ഗുരുക്കന്മാരായിരുന്നു.

വാണി തന്റെ ആദ്യത്തെ പൊതുപരിപാടി ആകാശവാണിയിലൂടെ അവതരിപ്പിക്കുമ്പോൾ അവരുടെ വയസ്സ് വെറും എട്ട്. മദ്രാസ് ക്വീൻ മേരീസ് കോളേജിലായിരുന്നു പഠനം. അത് കഴിഞ്ഞ ഉടനെ എസ്. ബി. ഐ.യിൽ ജോലി കിട്ടി. താമസിയാതെ ഹൈദരാബാദിലേക്ക് മാറ്റവും കിട്ടി. വിവാഹശേഷം വാണി ബോംബേയിലേക്ക് താമസം മാറ്റി. പാടാനുള്ള വാണിയുടെ കഴിവ് മനസ്സിലാക്കിയ ജയറാം ഹിന്ദുസ്ഥാനി സംഗീതമഭ്യസിക്കാൻ ഇവരെ ഉപദേശിച്ചു. തുടർന്ന് 'പാട്യാല ഖരാന' യിലെ 'ഉസ്താദ് അബ്ദുൾറഹ്മാൻ ഖാന്' കീഴിലിവർ പഠനം തുടങ്ങി. സംഗീതത്തോടുള്ള സഹധർമ്മിണിയുടെ അർപ്പണബോധം മനസ്സിലാക്കിയ ജയറാം വാണിയോട് ജോലി

രാജിവെച്ച് സംഗീതത്തെ ഒരു തൊഴിലായി സ്വീകരിക്കാൻ ഉപദേശിച്ചു. തുടർന്ന് 1969ൽ ഹിന്ദുസ്ഥാനിയിൽ ഇവരുടെ അരങ്ങേറ്റം നടന്നു. മറാത്തി ആൽബങ്ങളുടെ നിർമ്മാതാവായ 'വസന്ത് ദേശായിയേ' ഇക്കാലത്താണിവർ പരിചയപ്പെടുന്നത്. ഇതിന്റെ ഫലമായി മറാത്തി ഭാഷയിൽ 'കുമാർ ഗന്ധർവ്വി'നോടൊത്ത് വാണി പാടിയ ആൽബത്തിലെ ഗാനങ്ങൾ മറാത്തി സംഗീത പ്രേമികളുടെ പ്രശംസയ്ക്ക് പാത്രമായി. തുടർന്ന് 'മീര' എന്ന സിനിമയിൽ പണ്ഡിറ്റ് രവിശങ്കറിന്റെ സംവിധാനത്തിൽ പാടാനുള്ള ഭാഗ്യവും വാണിക്ക് ലഭിച്ചു!

തെലുങ്കിൽ 1973ലാണ് ആദ്യമായി പാടിയത്. സിനിമ 'അഭിമാനവന്തലു' എന്നിലും 1975ൽ 'പൂജ' എന്ന സിനിമയിലൂടെയാണിവർ പ്രശസ്തയായത്. 1979ൽ കെ. വിശ്വനാഥിന്റെ 'ശങ്കരാഭരണം' സിനിമയിലിവർ 5 ഗാനങ്ങൾ പാടി. ശാസ്ത്രീയ സംഗീതത്തിന്റെ ചുവടുപിടിച്ചുള്ള ഇതിലെ ഗാനങ്ങളെപ്പോലെ 'സ്വാതി കിരണം' എന്ന സിനിമയിലും ഇവർ പാടിയിരുന്നു. ഈ രണ്ട് സിനിമകളും ഇവർക്ക് ദേശീയ അവാർഡുകൾ നേടിക്കൊടുത്തു. 1971ൽ ഋഷികേശ് മുഖർജിയുടെ ഹിന്ദി സിനിമയിലിവർ 3 ഗാനങ്ങൾ പാടി. 'ഗുഡ്ഢി' എന്ന സിനിമയിൽ ജയഭാദുരിക്ക് വേണ്ടി പാടിയ 'ബോലേരേ പാപിഹരാ' എന്ന ഗാനം അക്കാലത്തെ ഹിറ്റായി മാറി.

തമിഴിൽ 1973ൽ 'വീട്ടുക്ക് വന്ത മരുമകൾ' എന്ന സിനിമയ്ക്ക് വേണ്ടി പാടിയ 'ഒരു ഇടം ഉന്നിടം' എന്ന ഗാനമാണാദ്യത്തേത്. തുടർന്നിവർ തമിഴിലെ മിക്ക സംഗീത സംവിധായകരുടെ കീഴിലും പാടി. 1975ൽ 'അപൂർവ്വ രാഗ'ങ്ങളിലെ 'ഏഴ് സ്വരങ്കളുക്കുൾ എത്തനൈ രാഗം' എന്ന ഗാനമിവർക്ക് ദേശീയ അവാർഡ് നേടിക്കൊടുത്തു. തമിഴിലിവർ പാടിയ ഏറെ പ്രശസ്തമായ മറ്റൊരു ഗാനമാണ് 'മല്ലിഗൈ എൻ മന്നൻ മയങ്കും പൊന്നാന മലരല്ലവാ' എന്ന ഗാനം. ഇത് അക്കാലത്തെ ഗാനമേളയിൽ പാടാൻ സദസ്യർ ആവശ്യപ്പെട്ടുമായിരുന്നു. തുടർന്ന് 2014വരെ ഇവർക്കീരംഗത്ത് നല്ലതിരക്കായിരുന്നു.

മലയാളത്തിൽ 1973 സലീൽ ചൗധരി സംവിധാനം ചെയ്ത 'സ്വപ്നം' എന്ന സിനിമയിലെ 'സൗരയൂഥത്തിൽ വിടർന്നോരു' എന്ന ഗാനമായിരുന്നു ആദ്യത്തേത്. തുടർന്നക്കാലത്തെ ഭൂരിപക്ഷം സംഗീത സംവിധായകരുടെ കീഴിലുമിവർ പാടി. കുറേക്കാലത്തെ ഇടവേളയ്ക്കുശേഷം 2014ൽ '1983' എന്ന സിനിമയ്ക്ക് വേണ്ടിയിവർ മടങ്ങിവന്നു. തുടർന്ന് 2016ൽ 'ആക്ഷൻ ഹീറോ ബിജു' എന്ന സിനിമയിലുമിവർ പാടി.

***I. പുരസ്കാരങ്ങൾ : ദേശീയ അവാർഡുകൾ***

1) 1975 – മികച്ച പിന്നണി ഗായിക (അപൂർവ്വഗാനങ്ങൾ)
2) 1980 – മികച്ച പിന്നണി ഗായിക (ശങ്കരാഭരണം)
3) 1991 – മികച്ച പിന്നണി ഗായിക (സ്വാതി കിരണം)

***II സംസ്ഥാന അവാർഡുകൾ***

1) 1972 – ഗുജറാത്ത് സർക്കാർ (ഗുങ്ഘട്ട്)
2) 1979 – തമിഴ്നാട് സർക്കാർ (അഴകേ ഉന്നൈ ആരാധിക്കിറേൻ)
3) 1979 – നന്ദി അവാർഡ് – അവാർഡ് ആന്ധ്രസർക്കാർ (ശങ്കരാഭരണം)
4) 1982 – ഒഡിഷ സംസ്ഥാനം (ദേബ്ജാനി)

***III ട്രസ്റ്റ് അവാർഡുകൾ***

1) പി. സുശീലാ ഫലകവും ഒരു ലക്ഷം രൂപയും
2) ഒഡിയ സിനിമാ ബഹുമതി (2014)
3) പി. ബി. ശ്രീനിവാസൻ പുരസ്കാരം (2014)
4) 'ഇന്ത്യൻ സംഗീതത്തിന്റെ അഭിമാനം' – യുവകലാവാഹിനി സംഘടന
5) കമുകറ അവാർഡ് (2005)
6) കണ്ണദാസൻ അവാർഡ് (കണ്ണദാസൻ കഴകം, കോയമ്പത്തൂർ)
7) ഘണ്ടശാല ദേശീയ അവാർഡ് (2017)
8) എം. എസ്. എസ്. അവാർഡ് (2018)
9) പ്രവാസി എക്സ്പ്രസ് അവാർഡ് (2018)
10) എം. കെ. ത്യാഗരാജ ഭാഗവതർ അവാർഡ് (2004)
11) സുബ്രഹ്മണ്യ ഭാരതി അവാർഡ് (2012)

കൂടാതെ തമിഴ്നാട് സർക്കാരിന്റെ 'കലൈമാമണി', ചെന്നൈ 'മുദ്ര' അക്കാദമിയുടെ മുദ്ര അവാർഡ്, റേഡിയോ മിർച്ചി, ഹൈദരബാദിന്റെ സമഗ്രസംഭാവനയ്ക്കുള്ള അവാർഡ്, മലയാളത്തിലെ പിന്നണിഗായികയ്ക്കുള്ള 'വടക്കെ അമേരിക്കൻ സിനിമാ അവാർഡ്' തുടങ്ങി അനേകം അവാർഡുകളുടെ ജേതാവാണിവർ. 2018ലെ ഓസ്കാർ അവാർഡിനായി 'യഥാർത്ഥ ഗാനം' എന്ന വിഭാഗത്തിലേക്കുള്ള 70 ഗാനങ്ങളിൽ 'പുലിമുരുകൻ' എന്ന സിനിമയിൽ മുരുകൻ കാട്ടാക്കട എഴുതിയ വാണി ജയറാം പാടിയ 'മാനത്തെ മാരിക്കുറുമ്പേ' എന്ന ഗാനവും ഉൾപ്പെട്ടിരുന്നു. മലയാളത്തിലവർ ഏകദേശം 620 ഓളം ഗാനങ്ങൾ പാടിയിട്ടുണ്ടാവും.

***വാണിയുടെ ചില പ്രധാന മലയാള ഗാനങ്ങൾ***

1) തിരുവോണപുലരിതൻ (തിരുവോണം)
2) ധൂതന, ധൂംതന (തോമാസ്ലീഹ)
3) സീമന്തരേഖയിൽ (ആശീർവാദം)
4) നാടൻ പാട്ടിലെ മൈന (രാഗം)
5) പത്മതീർത്ഥക്കരയിൽ (ബാബുമോൻ)
6) തേടിത്തേടി ഞാനലഞ്ഞു (സിന്ധു)
7) മന്ദാരപ്പൂ
8) താരകേ...
9) നീലാംബരത്തിലെ, ആയില്യം പാടത്തെ പെണ്ണേ (രാസലീല)
10) വാൽക്കണ്ണെഴുതി വനപുഷ്പം ചൂടി (പിക്നിക്)
11) തൃപ്രയാരപ്പാ ശ്രീരാമാ (ഓർമ്മ

കൾ മരിക്കുമ്പോൾ)
12) ഓമനക്കുട്ടൻ ഗോവിന്ദൻ (പിച്ചിപ്പൂ)
13) കന്യാകുമാരിയും കാശ്മീരും (മാനിഷാദ)
14) ബ്രേച്ചേവാ യെ വരുനാ (ശങ്കരാഭരണം)
15) കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണ (ഗാനം - 1982)

2018 സപ്തംബർ 24ന് ഇവരുടെ ഭർത്താവ് ജയറാം അന്തരിച്ചു.



## ജാനമ്മ ഡേവിഡ്

ജാനമ്മ ഡേവിഡ് എന്ന പഴയകാല പിന്നണി ഗായികയെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെങ്കിലും, ജെ. സി. ഡാനിയലിന്റെ വിഗതകുമാരനിൽ മലയാള സിനിമാ ലോകത്തെ ആദ്യത്തെ നായികാ പദവി അലങ്കരിച്ച ശ്രീമതി. പി. കെ. റോസിയുടെ അച്ഛൻ താവഴിയിലെ വളരെ അടുത്ത ബന്ധുവാണ് ജാനമ്മ ഡേവിഡ്. പി. കെ. റോസിയുടെ അച്ഛനമ്മമാർ പൗലോസും കുഞ്ഞിയുമാണ്. റോസിയുടെ ഭർത്താവ് കേശവ പിള്ള, ഇവർക്ക് നാഗപ്പൻ, പത്മ എന്നീ രണ്ടുമക്കൾ. 1988ൽ പി. കെ. റോസി മരിച്ചപ്പോൾ ഇവർ മലയാള സിനിമയിലെ ആദ്യത്തെ നായികയായിരുന്നെന്ന കാര്യം പലർക്കും അറിയില്ലായിരുന്നെന്നതാണ് വാസ്തവം. ഇവരുടെ ഓർമ്മയ്ക്കായി ഒരു ചലച്ചിത്ര അവാർഡ് ഏർപ്പെടുത്താനും കേരള സർക്കാർ തീരുമാനിച്ചിരുന്നു.


***ജാനമ്മ ഡേവിഡിന്റെ ചില പ്രധാന ഗാനങ്ങൾ***

1. രത്നം വിതച്ചാൽ - നല്ല തങ്ക (1950) - പി. ലീല, രാമറാവു, ദക്ഷിണാമൂർത്തി
2. ആനന്ദമാണാകെ - നല്ല തങ്ക (1950) - പി. ലീല, അഗസ്റ്റിൻ ജോസഫ്
3. അരുതേ പൈങ്കിളിയേ - അമ്മ (1952) - ദക്ഷിണാമൂർത്തി
4. കൊച്ചമ്മയാകിലും - ആത്മസഖി (1952) - ടി. ആർ. പാപ്പാ
5. എല്ലാരും ചൊല്ലണ്, കുയിലിനെ തേടി - നീലക്കുയിൽ (1954) - കെ. രാഘവൻ
6. ഒരു പെണ്ണിനെ പിന്നിൽ, ഈ ലോകമേ - മിന്നുന്നതെല്ലാം പൊന്നല്ല (1957) - എസ്. എൻ. സ്വാമി
7. നാണമെന്തു കൺമണി - മിന്നുന്നതെല്ലാം പൊന്നല്ല (1957) - എസ്. എൻ. രംഗനാഥൻ
8. പിച്ചതെണ്ടി - ജയിൽ പുള്ളി - ബ്രദർ ലക്ഷ്മണൻ
9. കാക്കോത്തിയമ്മയ്ക്ക് (1988) - കാക്കോത്തിക്കാവിലെ അപ്പൂപ്പൻ താടികൾ - മലേഷ്യ വാസുദേവൻ, എസ്. പി. ഷൈലജ - ഔസേപ്പച്ചൻ
10. പൂവിനേ - മുകുന്ദേട്ടാ സുമിത്ര വിളിക്കുന്നു (1988) - ഔസേപ്പച്ചൻ
11. അഞ്ഞാഴി തനിക്കും (1993) - ആയിരപ്പറ - രവീന്ദ്രൻ - കെ. ജെ. യേശുദാസും സംഘവും
12. ജീവിത വാനം പ്രകാശമാനം - നല്ല തങ്ക (1950) - പി. ലീല, അഗസ്റ്റിൻ ജോസഫ്, സി. എസ്. രാധാദേവി

***അടുത്തത് : മാധുരി, അമ്പിളി***

■ കവിത

# പ്രകൃതി കന്യ



**വിനോദ് ചെത്തല്ലൂർ**
**9562410046**

പ്രകൃതി ഭംഗിതൻ
നിറകുടമായ
ഹരിതഭൂവിതിൽ
മടങ്ങിയെത്തവേ
ത്വരിത വേഗത്തിൽ
വാനിലൂടോടീടും
രജത മേഘങ്ങൾ
തൊട്ടടുത്തെന്ന പോൽ

മലകൾ, കുന്നുകൾ
താഴ് വരത്തോപ്പുകൾ
കിളികൾ പാടീടും
മാമരച്ചാർത്തുകൾ
പുളകമേകുന്ന
കാട്ടുപൂഞ്ചോലകൾ
മുറുകെ നമ്മെപ്പു
ണർന്നിടും വല്ലികൾ !

പതിയെ പുല്ലുക
ളിക്കിളി കൂട്ടുന്ന
പതുപതുപ്പാർന്ന
പച്ചപ്പുൽ മെത്തകൾ
കൊതി നിറയുന്നൊ
രായിരം ചേലിലായ്
ഹൃദയമാകവേ
തേനൂറും പൂവുകൾ !


ധവളകമ്പളം
മൂടിയ കുന്നുകൾ
പവനപ്പല്ലക്കി
ലണയും കോടയും
അവിടമാകവേ
കുളിർ പടർത്തവേ
കവിതപ്പൂമഴ
പകലിൽ, രാവിലും !!


നിറഞ്ഞ പുഞ്ചിരി
വഴിഞ്ഞൊഴുകുന്ന
കറുകറുപ്പാർന്ന
കാടിന്റെ കുട്ടികൾ
കറയതേശാത്ത
നിറ മനസ്സുകൾ
കുറവുകൾ നമു
ക്കവരെ നോക്കുമ്പോൾ !

വരുമൊരായിരം
തിരകളുള്ളിൽ, നാം
ഒരുമിച്ചീ മണ്ണിൽ
കഴിഞ്ഞതോർക്കവേ
'വരൂ'!വീണ്ടുമെ,ന്നതേ
രാഗവായ്പിൽ
ചിരപരിചിത
പ്രകൃതി കന്യക !!

# നാടിനെ അറിയാം, നാട്ടാരേം

# ആലപ്പുഴ ജില്ല



**ഡോ. ഒ. സി. പ്രമോദ്**
**9446071421**

**കി**ഴക്കിന്റെ വെനീസ് (Venice of the east) എന്നറിയപ്പെടുന്ന പ്രദേശമാണ് ആലപ്പുഴയെന്ന് ഏവർക്കും അറിയാം. എന്നാൽ എന്തുകൊണ്ടാണ് ഇങ്ങനെയൊരു വിശേഷണം എന്ന് ചോദിച്ചാൽ പലരും കൈമലർത്തും. ഇറ്റലിയിലെ ഒരു പ്രമുഖ നഗരമാണ് വെനീസ്. നൂറോളം ദീപ സമൂഹങ്ങൾ കൂടിച്ചേരുന്ന വെനീസിൽ സമുദ്രങ്ങളും നദികളുമൊക്കെ അവരുടെ ജീവനാഡിയാണ്. ആലപ്പുഴ ജില്ലയുടെ പടിഞ്ഞാറു ഭാഗം പൂർണ്ണമായും അറബിക്കടലാണ്. മറ്റ് പ്രദേശങ്ങളിൽ നദികളും കായലും മറ്റും ചുറ്റപ്പെട്ടിരിക്കുന്നു. കുട്ടനാടൻ പ്രദേശങ്ങൾ സമുദ്ര നിരപ്പിനേക്കാൾ താഴെയാണെന്നും കൂടി സൂചിപ്പിച്ചുകൊള്ളട്ടെ. ചുരുക്കം പറഞ്ഞാൽ വെള്ളക്കെട്ടില്ലാത്ത പ്രദേശം ആലപ്പുഴ ജില്ലയിൽ വളരെ കുറവാണ്. ആലപ്പുഴയെ വെനീസിനോട് ഉപമിക്കാൻ കാരണം ഇതൊക്കെത്തന്നെയാണ്.

വനഭൂമിയില്ലാത്ത കേരളത്തിലെ ഒരേയൊരു ജില്ല ആലപ്പുഴയാണ്. കേരളത്തിന്റെ 'നെല്ലറ'യെന്ന് വിശേഷിപ്പിക്കുന്ന 'കുട്ടനാട്' ആലപ്പുഴയിലാണെന്ന് അഭിമാനിക്കാം. പമ്പാ നദിയുടെ ദാനം (Gift of River Pampa) എന്ന് കുട്ടനാടിനെ വിശേഷിപ്പിക്കുന്നുണ്ട്. കുട്ടനാട്ടിലെ കായൽ മത്സ്യങ്ങളും കള്ളുഷാപ്പിലെ രുചികരമായ കറികളും മറ്റ് ഭക്ഷണവിഭവങ്ങളും ആസ്വദിക്കാത്തവർ തിരുവിതാംകൂറിൽ വിരളമാണ്. കള്ളുഷാപ്പിൽ ചോറും വിഭവങ്ങളും ഒരുക്കുന്നതും സ്ത്രീകൾ അടക്കമുള്ളവർ താത്പര്യത്തോടെ വന്ന് സംതൃപ്തിയോടെ കഴിച്ച് മടങ്ങിപ്പോകുന്നതും ആലപ്പുഴയിലല്ലാതെ മറ്റൊരിടത്തും നമുക്ക് കാണാൻ കഴിയുന്നതല്ല. കുട്ടനാട്ടിലെപ്പോലെ സമുദ്ര നിരപ്പിനേക്കാൾ താഴ്ന്ന് കിടക്കുന്ന ഒരു രാജ്യമാണ് ഹോളണ്ട് അഥവാ നെതർലാന്റ്. അവിടുത്തെ നാട്ടുകാരെ ഡച്ചുകാർ എന്ന് വിളിക്കുന്നു. ആലപ്പുഴ ബീച്ചുകളിലേയും കായലുകളിലേയും സൗന്ദര്യം പറഞ്ഞറിയിക്കാനാവാത്തതാണെങ്കിലും മഴക്കാലം വന്നാൽ പല വീടുകളും വെള്ളത്താൽ ചുറ്റപ്പെടുകയും ചെറുതോണികൾ ഓരോ വീടിനും അവശ്യവസ്തുവും ആകുന്നു. എങ്ങും വെള്ളത്താൽ ചുറ്റപ്പെട്ടതെങ്കിലും കുടിവെള്ളം ഇവർക്ക് കിട്ടാക്കനിയാണ്. കിണർ കുഴിച്ചാൽ ഉപ്പുവെള്ളം കിട്ടുന്ന നാട്ടിൽ പൈപ്പ് വെള്ളം തന്നെയാണ് പലരുടേയും ശരണം.

കേരളത്തിലെ പ്രശസ്തമായ നെഹ്റു ട്രോഫി വള്ളം കളി ഇവിടുത്തെ പുന്നമടക്കായലിൽ എല്ലാ വർഷവും ആഗസ്റ്റ് മാസത്തിൽ നടക്കുന്നു. ജവഹർലാൽ നെഹ്റുവിന്റെ സന്ദർശനത്തെ തുടർന്ന് ഏർപ്പാടാക്കിയതാണ് വിജയികൾക്കുള്ള ട്രോഫി. ആയതിനാൽ നെഹ്റു ട്രോഫി വള്ളംകളിയെന്ന് പേര് ലഭിച്ചു. അമ്പലപ്പുഴ ക്ഷേത്രവുമായി ബന്ധപ്പെടുത്തി മറ്റൊരു വള്ളംകളി കൂടി ഇവിടെയുണ്ട്. ചമ്പക്കുളം മൂലം വള്ളംകളിയാണ് അത്. അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രം നിർമ്മിച്ചത് ചെമ്പകശ്ശേരി തമ്പുരാനാണ്. 17-ാം നൂറ്റാണ്ടിൽ നിർമ്മിച്ച ഈ ക്ഷേത്രത്തിലേക്ക് വിധിപ്രകാരമുള്ള പ്രതിഷ്ഠ നിർമ്മിക്കാൻ കാലതാമസം എടുത്തതിനാൽ കൃത്യസമയത്ത് പ്രതിഷ്ഠ നടത്താൻ പാടുപെടേണ്ടിവന്നു. സമയത്തുതന്നെ പ്രതിഷ്ഠ നടത്തേണ്ടതിനാൽ കരിംകുളം ക്ഷേത്രത്തിലെ പ്രതിഷ്ഠ ഇളക്കി വള്ളത്തിൽ ആനയിച്ചുകൊണ്ടുവന്നതിന്റെ സ്മരണയ്ക്കാണ് ചമ്പക്കുളം വള്ളംകളി നടത്തുന്നതെന്നാണ് വിശ്വാസം. 1789-ൽ ടിപ്പുസുൽത്താൻ മലബാർ കൈവശപ്പെടുത്തി അവിടെയുള്ള പ്രമാണിമാർ ഗുരുവായൂർ ക്ഷേത്രത്തിലെ വിഗ്രഹം ഇളക്കിക്കൊണ്ടുവന്ന് അമ്പലപ്പുഴ ക്ഷേത്രത്തിന്റെ ഒരുഭാഗത്ത് പ്രതിഷ്ഠിച്ചു. 12 വർഷത്തോളം ഗുരുവായൂർ പ്രതിഷ്ഠ അമ്പലപ്പുഴയായിരുന്നു. ടിപ്പുവിന്റെ തകർച്ചയ്ക്ക് ശേഷം വിഗ്രഹം വീണ്ടും ഗുരു

വായൂരിൽ യഥാവിധം പ്രതിഷ്ഠിക്കുകയുണ്ടായി. അങ്ങനെയൊക്കെ ആണെങ്കിലും അമ്പലപ്പുഴ ക്ഷേത്രത്തിൽ ചെല്ലുന്നവർക്ക് 'ഗുരുവായൂർ ക്ഷേത്രം' എന്ന പേരിൽ അകത്ത് മറ്റൊരു ക്ഷേത്രം കാണാവുന്നതാണ്. ഗുരുവായൂരിലെ പ്രതിഷ്ഠ തിരികെ കൊണ്ടുപോയപ്പോൾ വിധിപ്രകാരം മറ്റൊന്ന് പണിത് ഇവിടെ പ്രതിഷ്ഠിച്ചതാണത്രെ. അമ്പലപ്പുഴ ക്ഷേത്രത്തെ 'തെക്കൻ ദ്വാരക' എന്നാണ് വിശേഷിപ്പിക്കുന്നത്. ഇതൊക്കെയാണെങ്കിലും അമ്പലപ്പുഴ ക്ഷേത്രത്തെ ജാതി-മത-വർഗ്ഗ-ദേശ ഭേദമന്യേ പ്രശസ്തനാക്കുന്നത് അവിടുത്തെ പാൽപ്പായസത്തിന്റെ പേരിലാണ്. പാൽപ്പായസം പലയിടത്തും തയ്യാർ ചെയ്യാറുണ്ടെങ്കിലും 'അമ്പലപ്പുഴയിലെ പാൽപ്പായസത്തെ' വെല്ലാൻ ലോകത്തൊരിടത്തും വേറൊരു പാൽപ്പായസമില്ല. ഓടിച്ചെന്ന് വാങ്ങാൻ പറ്റുന്നതല്ല അമ്പലപ്പുഴ പാൽപ്പായസം. നീണ്ട ക്യൂവിൽ നിന്ന് രസീത് മുറിപ്പിച്ച് മണിക്കൂറുകൾ കാത്തിരുന്നാൽ മാത്രമേ ആ വിശേഷപ്പെട്ട വിഭവം നമുക്ക് ലഭിക്കുകയുള്ളു.

ജന്മം കൊണ്ട് പാലക്കാട്ടുകാരനാണെങ്കിലും കർമ്മം കൊണ്ട് അമ്പലപ്പുഴക്കാരനായതാണ് കുഞ്ചൻ നമ്പ്യാരുടെ ജീവിതം. ചാക്യാർ കൂത്തിൽ മിഴാവ് കൊട്ടുന്ന ജോലിയായിരുന്നു നമ്പ്യാരുടേത്. ഒരുദിവസം കൂത്തിനിടയ്ക്ക് നമ്പ്യാർ ക്ഷീണം കാരണം ഉറങ്ങിപ്പോവുകയും ചാക്യാരുടെ പരിഹാസത്തിനിടയാവുകയും ചെയ്തു. തുടർന്ന് നമ്പ്യാർ രൂപം നൽകിയ കലാരൂപമായി തുള്ളൽ പ്രസ്ഥാനം വളർന്നു. പ്രതികാര ബുദ്ധിയാൽ ഉണ്ടാക്കിയതെങ്കിലും മലയാള ഭാഷയ്ക്ക് ഒരു ആക്ഷേപഹാസ്യം തുറന്നുകിട്ടിയെന്ന് പറയാതെ വയ്യ. തുള്ളൽ പ്രസ്ഥാന ആചാര്യന്റെ മിഴാവ് കേടുകൂടാതെ കൂത്ത് നടന്നിരുന്ന അമ്പലപ്പുഴ ക്ഷേത്ര പരിസരത്തെ ഓലപ്പുരയിൽ ഇന്നും വേണ്ട പരിഗണന നൽകി സംരക്ഷിച്ചിരിക്കുന്നു. നമ്പ്യാരുടെ പ്രാഗത്ഭ്യം അറിഞ്ഞ തിരുവിതാംകൂർ കൊട്ടാരം അദ്ദേഹത്തെ അവിടുത്തെ അന്തേവാസിയാക്കിയെങ്കിലും അവസാന കാലത്ത് അദ്ദേഹം അമ്പലപ്പുഴയിലായിരുന്നു. പ്രാചീന കവിത്രയങ്ങളിലെ ഒരുവനായ നമ്പ്യാർ (മറ്റുള്ളവർ എഴുത്തച്ഛൻ, ചെറുശ്ശേരി) പേപ്പട്ടി ബാധയെത്തുടർന്ന് മരണമടഞ്ഞു എന്നാണ് പറയുന്നത്.

ആധുനിക കവിത്രയങ്ങളിലെ പ്രിയങ്കരനായ മഹാകവി കുമാരനാശാനെ (ഉള്ളൂർ, വള്ളത്തോൾ എന്നിവർ ഈ ഗണത്തിലെ മറ്റുള്ളവർ)1924ൽ വിധി തട്ടിയെടുത്തത് ആലപ്പുഴ ജില്ലയിലെ പല്ലനയാറ്റിൽ ഉണ്ടായ ബോട്ടപകടത്തിലാണ്. 'റെഡിമർ' എന്ന ബോട്ടാണ് ആശാന്റെ ജീവനപഹരിച്ചത്. 1922-ൽ വെയിൽസ് രാജകുമാരൻ കുമാരനാശാന് പട്ടും വളയും നൽകുകയും 'കേരളീയ മഹാകവി' എന്ന പട്ടം നൽകുകയും ചെയ്തിരുന്നു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഉള്ളതുകൊണ്ട് തന്നെ ഇവിടുത്തെ തൊഴിൽ മേഖലയും ഇതിനോട് പൊരുത്തപ്പെട്ടാണ് നിലകൊള്ളുന്നത്. മത്സ്യബന്ധനം, കയർ വ്യവസായം, കർഷകത്തൊഴിലാളികൾ തുടങ്ങിയവർ അസംഖ്യമാണിവിടെ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കരുത്തുറ്റ പ്രദേശങ്ങളും ആണിവിടെ. പുന്നപ്ര - വയലാർ സമരങ്ങളിലൂടെ ആലപ്പുഴ ദേശീയശ്രദ്ധ പിടിച്ചുപറ്റി. ഇന്ത്യൻ യൂണിയനിൽ ചേരാതെ ഇടഞ്ഞുനിന്ന തിരുവിതാംകൂറിനേയും അവരുടെ ദിവാനേയും മനംമാറ്റത്തിന് പ്രേരിപ്പിച്ചത് ആലപ്പുഴക്കാരുടെ സംഘബലം കൊണ്ടാണെന്ന് പറയാതെ വയ്യ.

പുരാണ കഥകളുമായി തെക്കേ ഇന്ത്യയിലെ പല സ്ഥലങ്ങളേയും വിശ്വാസികൾ ബന്ധിപ്പിക്കാറുണ്ട്. ഖാണ്ഡവവനം ഉണ്ടായിരുന്ന നാടായിരുന്നു ആലപ്പുഴയെന്നും അഗ്നിദേവന്റെ ദാഹം തീർക്കാൻ ഖാണ്ഡവവനം ചുട്ടെരിച്ചതാണെന്നും മഹാഭാരതത്തിൽ പറയുന്നു. അങ്ങനെ ചുട്ടെരിച്ച നാടാണ് (ചുട്ടനാട്) കുട്ടനാടെന്ന് ചിലർ സമർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെടുത്തി മറ്റൊരു കഥ കൂടി പറയുന്നു. ഖാണ്ഡവദാഹത്തിൽ പലതരം നാഗങ്ങളും വംശമറ്റുപോവുകയോ പൊള്ളലേൽക്കുകയോ ചെയ്തിരുന്നു. ചുട്ടെരിഞ്ഞ മണ്ണ് പിന്നീട് ആറിത്തണുത്തത് മണ്ണാറശ്ശാലയായെന്നും സർപ്പകോപം ഇല്ലാതാക്കാൻ നാഗത്താന്മാരെ കുടിയിരുത്തിയ സ്ഥലമാണ് മണ്ണാറശാല നാഗക്ഷേത്രമെന്നും വിശ്വാസികൾ കരുതുന്നു. വെട്ടിക്കോട് നാഗക്ഷേത്രവും മറ്റൊരു പ്രശസ്തമായ നാഗക്ഷേത്രമാണ്. കമ്മ്യൂണിസ്റ്റുകാരായ അന്ധവിശ്വാസികൾ ധാരാളം ഉള്ള ഒരു പ്രദേശമാണ് ആലപ്പുഴ. വിശ്വാസങ്ങളെ ബലി കഴിക്കാൻ പല പാർട്ടി പ്രവർത്തകരും തയ്യാറല്ലെന്ന് ആലപ്പുഴയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. അടിസ്ഥാന വർഗ്ഗത്തൊഴിലാളികൾക്ക് ദൈവം ആണല്ലോ എന്തിനും ആശ്രയം. 'കണ്ണ് തുറക്കാത്ത ദൈവങ്ങളെ, കരയാൻ അറിയാത്ത, ചിരിക്കാൻ അറിയാത്ത കളിമൺ പ്രതിമകളെ...' എന്ന് ആലപിച്ച വയലാറിന്റെ മണ്ണായ ആലപ്പുഴയിൽ അന്ധവിശ്വാസങ്ങൾക്ക് ഒട്ടും കുറവില്ലായിരുന്നു. എസ്. എൻ. ഡി. പി.യുടെ ശക്തികേന്ദ്രവും ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ കണിച്ചുകുളങ്ങരയും ഇവിടെത്തന്നെയാണ്.

മറ്റ് ജില്ലകളിൽ നിന്ന് ആലപ്പുഴയിലെ ഉൾനാട്ടിലൂടെ ആദ്യമായി കടന്നുപോകുന്നവർ ഒരു വടക്കുനോക്കിയന്ത്രം കരുതുന്നത് നന്നായിരിക്കും. നാട്ടുകാരോട് ഉൾനാട്ടിലെ വഴി ചോദിച്ചാൽ മുന്നോട്ടുപോയി വടക്ക് തിരിഞ്ഞ് പിന്നെ പടിഞ്ഞാറ് ഭാഗത്തേക്ക് പോയി പിന്നെ കിഴക്ക് പിടിച്ച് വളവ് കഴിഞ്ഞ 'തെക്ക്' കാണണ വീടാണ് നിങ്ങൾ പറയുന്ന സ്ഥലം എന്ന് ക്ഷമയോടെ പറയുന്ന നാട്ടുകാരോട് 'വലത്തോട്ടാണോ ഇടത്തോട്ടാണോ' എന്ന് ചോദിച്ചാൽ പിന്നേയും ദിക്ക് മാത്രമേ പറയൂ. മഴക്കാലത്തോ സൂര്യപ്രകാശം കുറഞ്ഞ സമയത്തോ ഒക്കെ ആണെങ്കിൽ പെട്ടുപോയി എന്ന് പറയേണ്ടിവരും. (ഇന്ന് സ്മാർട്ട് ഫോൺ ഉള്ളത് രക്ഷയായി)

1957 ആഗസ്റ്റ് 17ാം തിയതി രൂപം കൊണ്ട ജില്ലയാണ് ആലപ്പുഴ. കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും ചെറുതും ഈ ജില്ല തന്നെയാണ്. 17

85-ൽ തിരുവിതാംകൂർ ദിവാൻ രാജാ കേശവദാസാണ് ആലപ്പുഴ പട്ടണം സ്ഥാപിച്ചത്. അതോടൊപ്പം തുറമുഖവും നിലവിൽ വന്നു. 8ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പെരിയ പുരാണത്തിൽ ഈ പ്രദേശങ്ങളെപ്പറ്റി (കുട്ടനാട്) പരാമർശം ഉണ്ട്. കേരളത്തിലെ ഏറ്റവും ജനസാന്ദ്രത ഉള്ള ജില്ലയും ആലപ്പുഴയ്ക്ക് സ്വന്തം.

കേരളത്തിലെ ആദ്യകാല റേഡിയോ സ്റ്റേഷനുകളിൽ ആലപ്പുഴയും ഇടം പിടിച്ചിട്ടുണ്ട്. കേരളത്തിലെ ആദ്യകാല അഞ്ച് മെഡിക്കൽ കോളേജുകളിൽ ആലപ്പുഴയ്ക്ക് പ്രമുഖ സ്ഥാനമുണ്ട്. കേരളത്തിലെ ഏറ്റവും വലിയ ഒറ്റ ചുമർ ചിത്രം 'ഗജേന്ദ്രമോക്ഷം' ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് കൃഷ്ണപുരം കൊട്ടാരത്തിലാണ്. 16 കെട്ട് വാസ്തുവിദ്യയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഈ കൊട്ടാരം ഇന്ന് പുരാവസ്തുവകുപ്പിന്റെ നിയന്ത്രണത്തിൽ ആണുള്ളത്.

കയർ കോർപ്പറേഷൻ (Coir fed) ന്റെ ആസ്ഥാനം ആലപ്പുഴയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കയർ ഉത്പാദിപ്പിക്കുന്നതും ഇവിടെത്തന്നെ. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസൂട്ടിക്കൽസ്, സൗത്ത് ഇന്ത്യ റബ്ബർ ഫാക്ടറി, എക്സൽ ഗ്ലാസ്സ് ഫാക്ടറി, ഉദയാ സ്റ്റുഡിയോ എന്നിവ ഇവിടെയാണ്. വെള്ള മണൽ ഉപയോഗിച്ച് ഇഷ്ടികയുണ്ടാക്കുന്ന ഇന്ത്യയിലെ ഏക ഫാക്ടറിയായ പള്ളിപ്പുറത്തെ 'പള്ളത്ര ബ്രിക്സ്' ഇവിടെയാണ്. നെല്ലുല്പാദനത്തിൽ രണ്ടാം സ്ഥാനം ആലപ്പുഴയ്ക്കാണ് (ഒന്നാം സ്ഥാനം പാലക്കാടിന് സ്വന്തം).

കായംകുളം കായൽ, വേമ്പനാട്ടുകായൽ എന്നിവയാണ് ഇവിടുത്തെ പ്രധാന കായലുകൾ. കേരളത്തിന്റെ പടിഞ്ഞാറൻ പ്രദേശത്ത് ആദ്യമായി ഒരു ലൈറ്റ് ഹൗസ് സ്ഥാപിക്കുന്നത് 1962-ൽ ആലപ്പുഴയിലാണ്. ചെമ്പകശ്ശേരി രാജ്യത്തിന്റെ ആസ്ഥാനമായിരുന്നു അമ്പലപ്പുഴ. അമ്പലപ്പുഴ ദേവനാരായണൻ (നേത്രനാരായണൻ) എന്നാണ് ചെമ്പകശ്ശേരി രാജാക്കന്മാരെ പൊതുവെ വിളിച്ചിരുന്നത്.

തിരുവനന്തപുരത്തുനിന്ന് വടക്കോട്ട് പോകുന്ന തീവണ്ടികൾ ഒന്നുകിൽ കോട്ടയം വഴിയോ ആലപ്പുഴ വഴിയോ ആണ് പോകേണ്ടത്. ഏതുവഴി പോയാലും ആലപ്പുഴ ജില്ലയിൽ പെടുന്ന കായംകുളം ജംഗ്ഷനിൽ വച്ചാണ് രണ്ടായി തിരിഞ്ഞു പോകുന്നത്. ശബരിമല തീർത്ഥാടകരുടെ സ്റ്റേഷൻ ചെങ്ങന്നൂരും ഈ ജില്ലയിലാണ്. ഏത് തരം മോട്ടോർ വാഹനങ്ങളുടേയും ശ്മശാന കേന്ദ്രമാണ് ആദിക്കാട്ടുകുളങ്ങര. നൂറാനാട്ടിനടുത്തുള്ള ഈ പ്രദേശത്ത് ഏത് വാഹനവും പൊളിച്ചടുക്കിക്കൊണ്ടിരിക്കുന്ന കാഴ്ച കണ്ട് അന്ധാളിച്ച് പോകാറുണ്ട്. മോഷ്ടിച്ച് കൊണ്ടുവരുന്നതും അല്ലാത്തതും ആയ വാഹനങ്ങൾ ഒക്കെ നിമിഷനേരം കൊണ്ട് ഊരിമാറ്റുന്നതും ആകൃതിമാറുന്നതും ഒക്കെ ഇവിടെ കാണാം.

ഇന്ത്യയുടെ അർദ്ധസൈനിക വിഭാഗമായ (Para Military Force) ഇൻഡോ ടിബറ്റൻ ബോർഡർ പോലീസിന്റെ (ITBP) ഒരു യൂണിറ്റ് നൂറനാട്ടിൽ ഏതാണ്ട് പത്ത് വർഷമായി പ്രവർത്തിക്കുന്നു. നൂറനാട്ടിൽ തന്നെ കുഷ്ഠരോഗികളുടെ ഒരു അഭയകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സെൻട്രൽ ഹാച്ചറി (Central Hatchery) ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഇത് 1961-ൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സർക്കാർ ഉടമസ്ഥതയിലുള്ള ഹാച്ചറി ആയിരുന്നു. കെടുകാര്യസ്ഥത മൂലം പഴയ പ്രതാപം നശിച്ചുവെങ്കിലും വിവിധതരത്തിലുള്ള കോഴിക്കുഞ്ഞുങ്ങളേയും കാടക്കുഞ്ഞുങ്ങളേയും ഒക്കെ വിരിയിച്ചെടുക്കുന്നതും ആവശ്യക്കാർക്ക് ന്യായവിലയിൽ കൊടുക്കുന്നുമുണ്ട്. കൂടാതെ കോഴി, കാട, ആട്, പശു തുടങ്ങിയവ വിജയകരമായി വളർത്താൻ വേണ്ട പരിശീലന പദ്ധതികളും ഇവിടെയുണ്ട്.

Central Plantation Crops Research Institute (CPCRI) യുടെ റിസർച്ച് സ്റ്റേഷൻ കായംകുളത്ത് പ്രവർത്തിക്കുന്നു. തേങ്ങ, അടയ്ക്ക, കൊക്കൊ തുടങ്ങിയവയുടെ ഗവേഷണ വിഭാഗമാണ് ഇവിടെ പ്രവർത്തിക്കുന്നത്. കൃഷി വിജ്ഞാൻ കേന്ദ്രവും (KVK) ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് ആയാസരഹിതമായതും ലാഭകരമായ കൃഷി രീതികൾ കർഷകർക്ക് എത്തിച്ച് കൊടുക്കുന്നതാണ് KVKയുടെ ധർമ്മം. കേരള കാർഷിക സർവ്വകലാശാലയുടെ റീജിനൽ അഗ്രികൾച്ചറൽ റിസേർച്ച് സ്റ്റേഷൻ കായംകുളത്തിനടുത്തുള്ള ഓണാട്ടുകരയിൽ പ്രവർത്തിക്കുന്നു. Central Coir Research Institute ആലപ്പുഴയിൽ പ്രവർത്തിക്കുന്നു.

കേരളത്തിലെ ഒരേയൊരു താപനിലയം സ്ഥാപിതമായത് കായംകുളത്താണ്. National Thermal Power Corporation Ltd (NTPCL) എന്നാണ് ഇതിന്റെ പേര്. ഉത്പാദനച്ചെലവ് കൂടുതലായതിനാൽ കേരളം ഈയിടെയായി ഇവിടുന്നുള്ള വൈദ്യുതി സ്വീകരിക്കുന്നില്ല.

കഴിഞ്ഞ 35 വർഷത്തിൽ അധികമായി കേരള പോലീസും ഇന്റർപോളും അന്വേഷിച്ചുകൊണ്ടിരിക്കുന്ന പിടികിട്ടാപ്പുള്ളി സുകുമാരക്കുറുപ്പിന്റെ നാട് മാവേലിക്കരയാണ്. തന്നെപ്പോലെ രൂപസാദൃശ്യം ഉള്ള ഫിലിം റെപ്രസെന്റേറ്റീവ് ചാക്കോ എന്നയാളെ ശ്വാസംമുട്ടിച്ച് കൊന്ന്, കാറിലിട്ട് കത്തിച്ച് തന്റെ പേരിലുള്ള ഇൻഷൂറൻസ് തുക തട്ടിയെടുക്കാനായിരുന്നു കുറുപ്പിന്റെ ശ്രമം. പക്ഷെ എല്ലാ പഴുതും അടച്ചുകൊണ്ട് ഒരു കുറ്റം ചെയ്യാനാവില്ലല്ലോ ! കുറുപ്പിന്റെ അതിബുദ്ധി പോലീസിന് മനസ്സിലാവുകയും രായ്ക്ക് രാമാനം കുറുപ്പിന് ഒളിവിൽ പോകേണ്ടി വന്നു. 1984-ൽ നടന്ന ഈ പ്രമാദമായ സംഭവം പല സിനിമകളിലും ഇടം പിടിച്ചിട്ടുണ്ട്. NH 47, പിന്നേയും തുടങ്ങിയ മലയാള സിനിമകളിലും അണിയറയിൽ സജ്ജമായിക്കൊണ്ടിരിക്കുന്നതും 2020-ന്റെ അവസാനത്തോടെ തിയേറ്ററിൽ എത്തുന്നതുമായ കുറുപ്പ് എന്ന ദുൽക്കർ സൽമാന്റെ സിനിമകളിലേയും ഇതിവൃ

ത്തം സുകുമാരക്കുറുപ്പ് തന്നെയാണ്. ചെങ്ങന്നൂർ മറ്റ് രണ്ട് അസാധാരണ കൊലപാതകങ്ങൾക്ക് കൂടി സാക്ഷ്യം വഹിച്ച നാടാണ്. അമേരിക്കയിൽ നിന്ന് മടങ്ങി വിശ്രമജീവിതം നയിച്ച ഭാസ്കര കാരണവർ എന്ന ഭർതൃ പിതാവിനെ ഷെറിൻ എന്ന മരുമകൾ തന്നെ കാമുക സുഹൃത്തുക്കളെ ഉപയോഗിച്ച് വധിച്ച കേസിൽ ജീവപര്യന്തം തടവിന് വിധിക്കപ്പെട്ടിരിക്കുകയാണ്. വഴിപിഴച്ച ജീവിതം നയിച്ചിരുന്ന മകൻ സ്വന്തം പിതാവിനെ പെട്രോൾ ഒഴിച്ച് കത്തിച്ച് തന്റെ തടസ്സങ്ങൾ ഒഴിവാക്കാൻ ശ്രമിച്ച ഷെറിൻ ജോൺ എന്ന ചെറുപ്പക്കാരന്റെ കഥയും നടന്നത് ചെങ്ങന്നൂരിലാണ്. കുറ്റങ്ങൾ ചെയ്താൽ പിടിക്കപ്പെടും എന്നതും ഉപ്പ് തിന്നാൽ എന്നെങ്കിലും കണക്ക് തീർത്ത് വെള്ളം കുടിക്കേണ്ടിവരും എന്ന കേവല തത്ത്വം നമ്മുടെ ചെറുപ്പക്കാർക്ക് എന്നാണ് മനസ്സിലാവുക ?

പ്രായപൂർത്തിയായ സ്ത്രീകൾക്ക് 'മാസമുറ' അഥവാ ആർത്തവം എന്നത് പ്രകൃതി നിയമമാണ്. ഹൈന്ദവാചാര പ്രകാരം ഈ ദിവസങ്ങൾ അശുദ്ധിയുടെ നാളുകളായാണ് ഗണിക്കുന്നത്. എന്നാൽ ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിന് മറ്റൊരു രസകരമായ ഏടാണുള്ളത്. ശിവ - പാർവ്വതി ക്ഷേത്രത്തിലെ പാർവ്വതീ വിഗ്രഹത്തിന് മാസമുറ ഉണ്ടാകാറുണ്ടത്രേ ! ദിവസവും പൂജാരി വസ്ത്ര പരിശോധന നടത്തും. മാസത്തിലൊരിക്കൽ രക്തക്കറ കണ്ടുപിടിച്ചാൽ ദേവിയെ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റും. നാല് ദിവസം ക്ഷേത്രം അടച്ചിടും. തുടർന്ന് 5ാം ദിവസം വിഗ്രഹത്തെ പമ്പാനദിയിൽ മുക്കിയെടുത്ത് (ആറാട്ട്) ആറാട്ട് ഉത്സവം നടത്തുന്നു. ഇതിനെ തൃപ്പൂത്താറാട്ട് എന്ന പേരിലാണ് അറിയപ്പെടുന്നത്. ആയിരക്കണക്കിന് ഭക്തജനങ്ങളാണ് ഐശ്വര്യം ലഭിക്കാൻ തൃപ്പൂത്താറാട്ടിൽ പങ്കുകൊള്ളാനെത്തുന്നത് എന്നതാണ് ഏറെ രസകരം. ആറാട്ട് കഴിഞ്ഞ് ശുദ്ധിയായി, വിശുദ്ധയായി പാർവ്വതി ദേവിയെ ശിവന്റെ അടുത്ത് വീണ്ടും പ്രതിഷ്ഠിക്കുന്നു.

ആലപ്പുഴയ്ക്കും കായംകുളത്തിനും ഇടയ്ക്കായി ദേശീയ പാതയിൽ മരിയൻ റിട്രീറ്റ് സെന്റർ എന്ന പേരിൽ ഒരു ധ്യാന കേന്ദ്രം ഉണ്ട്. ലക്ഷക്കണക്കിന് വിശ്വാസികൾ തടിച്ചുകൂടുന്ന ഇവിടെ പലപ്പോഴും നീണ്ട ഗതാഗതക്കുരുക്ക് ഉണ്ടാകാറുണ്ട്. അവർ അച്ചടിക്കുന്ന 'കൃപാസനം' എന്ന പത്രം എന്തിനും പരിഹാരം ഉണ്ടാക്കുന്ന ദിവ്യ ഔഷധം ആണെന്ന് വിശ്വാസികളും ഇതിന്റെ നടത്തിപ്പുകാരും പറയുന്നത്. രോഗബാധയുള്ള സ്ഥലത്ത് കൃപാസനം പത്രം പൊതിഞ്ഞുവച്ചാൽ 24 മണിക്കൂർ കഴിയുമ്പോൾ അത്ഭുതമായ ഫലമാണ് ഉണ്ടാകുന്നതെന്ന് വിശ്വാസികൾ പ്രചരിപ്പിക്കുന്നു. ബ്രെയിൻ ട്യൂമർ വരെ മാറിയ ചരിത്രം ഉണ്ടെന്ന് പലരും സാക്ഷ്യം പറയുന്നു. പക്ഷെ ഈ സ്ഥാപനത്തിന്റെ ഡയറക്ടറിന് (ഫാദർ ജോസഫ് വലിയ വീട്ടിൽ) അസുഖം വന്നപ്പോൾ ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിക്കേണ്ടി വന്നു എന്ന് വിശ്വാസികൾക്ക് അംഗീകരിച്ച് കൊടുക്കാൻ പ്രയാസമാണ്. ഞങ്ങളുടെ കൈയ്യിലുള്ള മുയലിന് കൊമ്പ് മൂന്ന് എന്നാണല്ലോ പല അന്ധവിശ്വാസികളും കരുതുന്നത്. ഏതായാലും വിശ്വാസങ്ങൾ നിലനിർത്തേണ്ടത് പലർക്കും കീശ വീർപ്പിക്കാനുള്ള മാർഗ്ഗമായി കണക്കാക്കാം. പണം കായ്ക്കുന്ന മരം വെട്ടിമാറ്റാൻ ആരും തയ്യാറാകില്ലല്ലോ !

കായംകുളത്ത് ഒരു രാജവംശം ഉണ്ടായിരുന്നു. മധ്യകാല കേരളത്തിൽ അതിന്റെ പേര് ഓടനാട് എന്നായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് ഇത് കീഴടക്കി തിരുവിതാംകൂറിനോട് ചേർത്ത് കായംകുളം രാജാക്കന്മാരെ തിരുവിതാംകൂറിന്റെ സാമന്തന്മാരാക്കി മാറ്റി. മാർത്താണ്ഡവർമ്മ രാജാവ് പുതുക്കിപ്പണിത കൊട്ടാരമാണ് ഇന്ന് കൃഷ്ണപുരത്തുള്ളത്. കായംകുളം, മാവേലിക്കര, കരുനാഗപ്പള്ളി തുടങ്ങിയ പ്രദേശങ്ങളെ പൊതുവെ 'ഓണാട്ടുകര' എന്ന് അറിയപ്പെട്ടിരുന്നു.

●



# ചാന്ദ്രയാനം



ദിലീപൻ
7034633555

പണമൊഴുക്കിപ്പണിതീർത്ത
ഇരുനിലമാളികയിൽവാസം
കാതങ്ങൾ താണ്ടാനായ്
ആഡംബരക്കാറൊന്ന്..
എല്ലാം നേടിയവർ
എല്ലാം തികഞ്ഞവർ.

എന്നിരുന്നാലും
വേലിക്കപ്പുറത്തെ ഓല
പ്പുരയടുപ്പ് പുകഞ്ഞാൽ
വല്ലാത്ത അസഹനീയത.
എന്തായിരിക്കും അടുപ്പത്ത്
തിളയെടുക്കുന്നത്.

നാസാരന്ധ്രങ്ങൾ വികസിപ്പിച്ച്
വായുവലിച്ചകത്തുകയറ്റി
അയലത്തെ ഗന്ധവും
പരതിപ്പുറപ്പെടും.

ഉദ്യമം പരാജയമായാൽ
അടുക്കളത്തോട്ടത്തിലിറങ്ങി
ഇല്ലാത്ത കായ്കറികൾ
പറിക്കുന്നതായ് ഭാവിച്ച്
കണ്ണുകളാലൊരു തെരച്ചിൽ.

നിഷ്ഫലമായ
കണ്ണുകളിയ്ക്കൊടുക്കം
അതിര് കടന്ന് ചെന്നൊരു
കുശലം പറച്ചിൽ.
ഭ്രമണപഥം വ്യതിചലിപ്പിച്ച്
അടുക്കളക്കറക്കം.
മൂടിവെച്ച കറിച്ചട്ടിയിൽ
എന്തെന്നറിയാനാഗ്രഹം.

മണിമാളികയിലിരുന്ന്
തൊട്ടപ്പുറത്തെ
ഓലപ്പുരയിലെ
നിഗൂഢത തേടാനുള്ള
ഇതേ ജിജ്ഞാസയാണ്
ഭൂമിവിട്ട് ചന്ദ്രനെയറിയാൻ
റോക്കറ്റും കത്തിച്ചിറങ്ങാൻ
മനുജനെ
പ്രാപ്തനാക്കിയത്.

# വീട്ടുനടപ്പ് = നാട്ടുനടപ്പ്



**രാജേന്ദ്രൻ വയല**
**9446377201**

**ഒ**പ്പം ജോലി ചെയ്തിരുന്ന ഇപ്പോൾ പെൻഷണറായ വന്ദ്യ സുഹൃത്ത് വളരെ ദുഃഖത്തോടെ എന്നോട് ഒരനുഭവം പങ്കുവെച്ചു. രണ്ട് മക്കളാണ് സുഹൃത്തിനുള്ളത്. മുതിർന്ന പെൺകുട്ടി വിവാഹിതയായി ഭർത്താവിനോടൊപ്പം അകലെയുള്ളൊരു നഗരത്തിൽ ജീവിക്കുന്നു. അതിന് താഴെയുള്ള മകൻ ബാംഗ്ലൂരിൽ പ്രശസ്തമായൊരു അന്താരാഷ്ട്ര കമ്പനിയിലെ സീനിയർ ഉദ്യോഗസ്ഥൻ. വീട്ടിൽ സുഹൃത്തും ഭാര്യയും മാത്രം.

പരമ്പരാഗതമായി കിട്ടിയിട്ടുള്ളതും സുഹൃത്ത് വാങ്ങിയിട്ടുള്ളതുമായ കുറച്ചേറെ കൃഷിഭൂമിയും പാടവും ഇപ്പോഴും സ്വന്തമായുണ്ട്. കൃഷി ചെയ്യാൻ പഴയതുപോലെ കഴിയാറില്ല. അമിതമായ കൂലിച്ചെലവും അതിന്റെ അഞ്ചിലൊന്നുപോലും തിരികെ കിട്ടാത്തതും സ്വന്തമായി അദ്ധ്വാനിക്കാനുള്ള ആരോഗ്യഹാനിയുമൊക്കെത്തന്നെ കാരണം. കുറച്ച് സ്ഥലത്ത് റബ്ബർ കൃഷിയുള്ളിടത്ത് നിന്നുകിട്ടുന്ന ആദായവും പരിമിതം.

ഒരവധിയുടെ ഇടവേളയിൽ മകൻ വീട്ടിലെത്തിയപ്പോൾ ഭൂമിയുടേയും വീടിന്റേയും നികുതി വില്ലേജാഫീസ്സിലും പഞ്ചായത്തിലും അടച്ചുവരാൻ സുഹൃത്ത് മകനോടാവശ്യപ്പെട്ടു. ആ ഓഫീസുകൾ എവിടെയാണെന്ന് തനിക്കറിയില്ലെന്നും ഓൺലൈനിലൂടെ അടയ്ക്കാൻ കഴിയുമോ എന്നുനോക്കട്ടെയെന്നും മകൻ പറഞ്ഞു.

“ഈ വസ്തുവകകളൊക്കെ ആർക്കുവേണ്ടിയാണ് അച്ഛൻ കാത്തുവയ്ക്കുന്നത്. ഇതൊക്കെയും ഇപ്പോൾ ഡെഡ് മണിയാണ്. ഒക്കെയും കിട്ടുന്ന വിലയ്ക്ക് വിറ്റ് ബാങ്കിലിട്ടാൽ പോരേ ?” മകൻ നീരസത്തോടെ തുടർന്നുപറഞ്ഞത് കേട്ടപ്പോൾ സുഹൃത്തിന്റെ മനസ്സുനൊന്തു. ഇനിയിപ്പോൾ അതിനല്ലേ വഴിയുള്ളുവെന്ന് എന്നോടാരാഞ്ഞു.

ഇത് ഈ സുഹൃത്തിന്റെ മാത്രം അനുഭവമായിരിക്കില്ല. എനിക്കും ഇത് വായിക്കുന്ന നിങ്ങൾക്കുമൊക്കെ ഇതുപോലെയോ വേറിട്ടതോ ആയ നോവുള്ള വേളകൾ ഉണ്ടായിട്ടുള്ളതാണെന്ന് തീർച്ചയായിരിക്കില്ലേ ? ഇക്കാര്യം ഇഴനീർത്ത് വിശകലനം ചെയ്യേണ്ടതില്ല. കുട്ടികളെ ചെറുപ്പം മുതൽ വീട്ടുനടപ്പിലും നാട്ടുനടപ്പിലുമൊന്നും മനപ്പൂർവ്വം പങ്കാളിയാക്കാതെ യൂണിഫോറം ജീവികളായി വളർത്തിയെടുത്ത് പരിപാലിക്കുന്ന രക്ഷാകർത്താക്കളായ നമ്മൾ തന്നെയാകുന്നു, ഇന്നത്തെ തലമുറ പൊതുവേ ഇത്തരത്തിലായിട്ടുള്ളതിന് ഒരു പരിധിവരെ ഉത്തരവാദികൾ.

തീർച്ചയായും ഒരു പരിധിവരെ മാത്രം. വിദ്യാഭ്യാസ സമ്പ്രദായം, സർക്കാർ നിലപാട്, അദ്ധ്യാപക രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതൃത്വമനോഭാവം എന്നിവയൊക്കെയും യുവതലമുറയുടെ കാഴ്ചപ്പാട് നിർണ്ണയിക്കുന്നതിൽ പങ്കാളികൾ തന്നെയാകുന്നു. ഗാന്ധിയൻ വിദ്യാഭ്യാസ ചിന്തകൾ ഒരുപരിധി വരെയെങ്കിലും പ്രാവർത്തികമാക്കിയിരുന്നുവെങ്കിൽ സമൂഹം ഇന്ന് നേരിടുന്ന പൊതുവായ പ്രശസ്ത സങ്കീർണ്ണതകൾക്ക് ആരോഗ്യകരമായ ദിശാവബോധമുണ്ടാക്കാൻ കഴിയുമായിരുന്നു എന്നതിൽ അഭിപ്രായഭേദമുണ്ടാവുമോ ?

നമുക്ക് പ്രവൃത്തികളിലല്ല പ്രസംഗങ്ങളിലും അഘോഷച്ചടങ്ങുകളിലും മാത്രമാണ് താല്പര്യം. എത്ര ആഹ്വാനങ്ങളും ഉപദേശനിർദ്ദേശങ്ങളുമാണ് എവിടെ നിന്നും കേൾക്കാനുള്ളത് ! ഇതിൽ ഒരുശതമാനമെങ്കിലും പ്രാവർത്തിക തലത്തിൽ എത്തിയിരുന്നുവെങ്കിൽ നാടിന്റെ അവസ്ഥ എത്രയോ മേന്മയുള്ളതാവുമായിരുന്നു.

മഹാത്മാവായ ഗാന്ധിജിയുടെ നൂറ്റിയൻപതാം ജന്മദിനവും രാഷ്ട്രം എത്രമാത്രം ചെലവ് ചെയ്തും ആഘോഷസമന്വിതവുമായാണ് ആചരിക്കയുണ്ടായതെന്ന് നാം കണ്ടു.

എല്ലാ മേഘലകളിലും എന്തൊക്കെ തരത്തിലും രീതിയിലും ‘ഗാന്ധിയൻ പ്രവൃത്തികൾ’ നടപ്പാക്കാമെന്നതിനെപ്പറ്റി ഉത്തരവാദിത്തത്തോടെയും ക്രിയാത്മകമായും ചിന്തിച്ചിരുന്നുവെങ്കിൽ കൈവരിക്കാൻ കഴിയുമായിരുന്ന മാറ്റം എത്ര ആരോഗ്യകരമായിരുന്നു. ഇങ്ങനെയൊക്കെ ആരോപിക്കാനും കുറ്റപ്പെടുത്താനും എളുപ്പത്തിൽ കഴിയും. ഞാനും എന്റെ നിലപാടുകളും എപ്പോഴും ശരിയെന്ന് ചിന്തിക്കാനും അതിലുറപ്പിച്ച് നിൽക്കാനുമാണ് എല്ലാവരുടേയും ശ്രദ്ധ. വിരുദ്ധമായി പെരുമാറുന്നവരെ പരിഹസിക്കാനും ഒറ്റപ്പെടുത്താനും സാമൂഹ്യവിരുദ്ധരായി ചാപ്പ കുത്താനും നാം ശ്രമിക്കുന്നു.

‘തനിക്കുതാനും പുരയ്ക്ക് തൂണും’ എന്ന പഴമൊഴിയും തനിക്കു താനേ പണിവതു നാകം നരകവുമതുപോലെ എന്ന കവിവചനവും വിരുദ്ധോക്തിയോടെ വ്യാഖ്യാനിക്കപ്പെടുന്നില്ലേ ! (എത്രയേടുകളിലെഴുതാം ഈ കുറിമാനങ്ങൾ). തനി

■ കാഴ്ചപ്പുറങ്ങൾക്ക(ഇ)പ്പുറം

ക്കും കുടുംബാംഗങ്ങൾക്കും മാത്രമായി ചരിക്കാനുള്ള ഒരു ലക്ഷ്മണ വൃത്ത പരിധി ചമച്ച് അതിൽ രാജകീയതയോടെ അവരോധിതരായിരിക്കുന്ന പ്രമാണിവർഗ്ഗമായി നാം മാറുന്നില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഏകാധിപതികൾക്കുണ്ടാകുന്ന ചരിത്രദുരനുഭവപാഠം ഉൾക്കൊള്ളാനും കുടുംബാന്തരീക്ഷത്തിൽ അതിന്റെ കരിനിഴൽ പടരാതിരിക്കാനും ശ്രമിക്കാമെന്ന് പറയാനേ കഴിയു. ചരിത്രവും, മഹാത്മാവിന്റെ മാർഗ്ഗനിർദ്ദേശങ്ങളുമൊക്കെ അക്ഷരസങ്കലനങ്ങളുടെ പരിവൃത്തിയിൽ നിർബന്ധിക്കപ്പെട്ടിരിക്കുന്ന കാലത്ത് അതിനെ മറികടക്കാൻ നിയതിക്കേ കഴിയുമാറാകൂ. •

■ കവിത

## ഞാനവൾ തന്നോർമ്മകളിൽ




**ബിബിത് പാലക്കാട്**
9567471727


വയസ്സ് നൂറായാലുമെന്നെ
കാലമേ നീ കൊല്ലരുത്..
കൈകാലൊടിഞ്ഞിരിക്കുകിലും,
ഒരു ഭാഗം തളർന്നു കിടക്കുകിലും,
ഹൃദയമിടിപ്പ് മെല്ലേ കുറയുകിലും,
കാഴ്ച നിറങ്ങളെ മറയ്ക്കുകിലും,
അർബുദമെന്നെ ഞെരുക്കുകിലും,
സഖി നീ വിണ്ണിലലിയുകിലും
നിൻ നിനവുകളിലെനിക്ക്
ജീവിക്കണം
ഭൂമിയുള്ളിടത്തോളം കാലം...
മരണശേഷമെന്തെന്നാർക്കറിയാം
മറവിയും മരണവും
എന്നിൽനിന്നുമകന്നു നിൽക്കുക
ഞാനവളിന്നോർമ്മകളിൽ
മരിക്കാതെ ജീവിക്കട്ടെ...!

■ലേഖനം

# അഭ്യാസവും ആഭാസവും

(ഒന്നാം ഭാഗം)




**പ്രൊഫ. വി. കെ. എം. നായർ**
9497504782


**ശാ**രീരികവും മാനസികവുമായ (ആത്മീയ) പരിശീലനമാണ് അഭ്യാസം. അഭ്യാസത്തിൽ പ്രായോഗികതയ്ക്ക് നല്ല പങ്കുണ്ട്. അതുകൊണ്ടാവാം പരിശീലനത്തിൽ ആവർത്തന സ്വഭാവം ഒഴിച്ചുകൂടാൻ പാടില്ലാതായത്. മതവിഷയങ്ങളിൽ അഭ്യാസത്തിനാണ് പ്രാധാന്യം. അഞ്ച് പ്രാവശ്യം നിസ്ക്കരിക്കുക, സാഷ്ടാംഗം നമസ്കരിക്കുക. വലിയ കുരിശുമേന്തി മലമുകളിലെ പള്ളിയിൽ എത്തുക, താഴെ നിന്ന് കല്ലുരുട്ടി മലമുകളിലെ ക്ഷേത്രത്തിലെത്തിക്കുക തുടങ്ങി പല ആചാരങ്ങളിലും അഭ്യാസത്തിന് പങ്കുണ്ട്. ക്ഷേത്രത്തിൽ ആദ്യത്തെ പ്രവേശന കവാടം കഴിഞ്ഞുള്ള പ്രധാന ഗോപുരത്തിന് ചുറ്റും വലംവയ്ക്കുക, കിടന്നുരുളുക എന്നതും അഭ്യാസത്തിന്റെ ഭാഗം തന്നെ. അഭ്യാസം കൊണ്ടുദ്ദേശിക്കപ്പെടുന്നത് ശാരീരിക, മാനസിക ബലം വർദ്ധിപ്പിക്കുക എന്നതാണ്. ചില ഭക്തന്മാർ പ്രായശ്ചിത്തമായും അഭ്യാസം കാട്ടാറുണ്ട്. മാനസികമായി ക്ഷീണവും ഭയവും പിടിപെട്ട ഭക്തന്മാർക്ക് അഭ്യാസം ഒരു രോഗവിമുക്ത ചികിത്സയാണ്. ഇതുകൊണ്ടാവാം അഭ്യാസത്തിന് ആവർത്തന സ്വഭാവം വരുന്നത്. രോഗവിമുക്തരാകുന്നതുവരെ ഉരുളുന്ന സ്വഭാവം തുടരാറുണ്ട്. വെറും നേർച്ചയാണെങ്കിൽ ഒരു പ്രാവശ്യത്തിൽ ഒതുക്കുകയാണ് പതിവ്. നിസ്കരിക്കുന്നതിൽ മതസ്നേഹം ഊട്ടിയുറപ്പിക്കുക എന്ന സ്വഭാവമാണ് പ്രധാനം. കുരിശുമേന്തി മലമുകളിൽ കല്ലും മുള്ളും കാലുക്കുമെത്തയായി ചെയ്യുന്ന കർമ്മം സഹനശക്തി വർദ്ധിപ്പിക്കാനാണ്. ശാരീരികക്ലേശവും മാനസിക ശേഷിക്കുറവും ഇല്ലാതാക്കാൻ ഇത് സഹായിക്കുന്നു. അഭ്യാസവും മതവിശ്വാസവും ഒരുമിച്ച് സമ്മേളിച്ച് ആചാരങ്ങൾ മതത്തിനേയും ഭക്തനേയും ഒരേപോലെ ആശ്വസിപ്പിക്കുന്നതാണ് അഭ്യാസം. പക്ഷെ അഭ്യാസം ആത്മാർത്ഥതയോടെ ചെയ്യുക എന്നത് വളരെ പ്രധാനമാണ്. യാന്ത്രികമായുള്ള ഹോമവും പൂജയും പോലെ അഭ്യാസവുമായാൽ ഭക്തന് അതുകൊണ്ട് പ്രായോഗിക തലത്തിൽ പ്രയോജനമില്ലാതാകും. വിദ്യാഭ്യാസവും കുഞ്ഞുനാളിലെ തുടങ്ങി കുഞ്ഞുങ്ങളുടെ ഓർമ്മശക്തി വർദ്ധിപ്പിക്കാനായി ആവർത്തന സ്വഭാവമുള്ള അഭ്യാസങ്ങൾ പരിശീലിപ്പിക്കുന്നത് കുഞ്ഞുങ്ങളുടെ ഭാവി ശോഭനമാക്കാനുതകും. ഓർമ്മശക്തി വർദ്ധിപ്പിക്കുക, നിസ്വാർത്ഥ സേവനം ആവർത്തിച്ച് ചെയ്യാൻ പഠിക്കുക മുതലായ കാര്യങ്ങൾ മനസ്സിലുറയ്ക്കാൻ അഭ്യാസം കുഞ്ഞും നാളിലെ തുടരേണ്ടതാണ്. മതത്തിലും വിദ്യാഭ്യാസത്തിലും വിശ്വാസമില്ലാത്ത രാഷ്ട്രീയ കക്ഷികൾക്ക് ഹർത്താൽ തുടങ്ങിയ ആചാരങ്ങൾ ആവർത്തന വിരസത കൂടാതെ ചെയ്യാൻ അഭ്യാസം നല്ലതാണ്. ഗുണ്ടായിസം ബലപ്പെടുത്താൻ അഭ്യാസം ഉപകരിക്കും. ചെ

യ്യുന്നത് ആവർത്തനവിരസത കൂടാതെ ചെയ്യാൻ, ഉദാഹരണത്തിന് തല്ലും കൊലയും മോഷണവും സ്ത്രീയെ മാനഭംഗപ്പെടുത്തൽ മുതലായ സത്കർമ്മങ്ങൾ ആവർത്തിച്ചാസ്വദിക്കാൻ അഭ്യാസം സഹായകമാകും. മന്ത്രിമാർക്കും മറ്റ് പ്രധാന രാഷ്ട്രീയക്കാർക്കും പറഞ്ഞത് തന്നെ ആവർത്തിച്ച് പറയാൻ, കള്ളമായാലും യുക്തിരഹിതമായതായാലും അശാസ്ത്രീയമായതായാലും അഭ്യാസം സഹായിക്കാറുണ്ട്. അങ്ങനെ ഭക്തർക്കും ഗുണ്ടകൾക്കും മന്ത്രിമാർക്കും ഭയം കൂടാതെ അഭ്യാസം ചെയ്താൽ അതിന്റെ ഫലം തീർച്ചയായും ഉണ്ടാകും. അഭ്യാസം യാന്ത്രികമാകരുതെന്ന് മാത്രം. അഴിമതി ആവർത്തിച്ച് സുഖിച്ച്, രസിച്ച് ഭരിക്കാനുള്ള അഭ്യാസം വിജയിക്കാൻ എന്നുമെന്നും കഴുതകളും അടിമകളുമായി ജീവിക്കാൻ വിധിക്കപ്പെട്ട ജനം വേണ്ട പൂജ ചെയ്യാനും നിസ്കരിക്കാനും ഉരുളാനും തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം. അവരാണല്ലോ ഹർത്താൽ ആചരിക്കാനും ബന്ദ് ആഘോഷിക്കാനും വിധിക്കപ്പെട്ടവർ. ആവർത്തന സുഖം അനുഭവിക്കുന്ന കഴുതകളായതുകൊണ്ട് ആശയവിഴുപ്പ് ചുമക്കാൻ ഒരിക്കലും ഒരു മടിയും തോന്നുകില്ല.

വിദ്യാഭ്യാസം എല്ലാവർക്കും ഇഷ്ടമുള്ളതാണ്, വേണ്ടതുമാണ്. ഇപ്പോഴത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ വിദ്യാഭ്യാസം ആഭാസമായി മാറുന്നു എന്ന ശങ്ക ഇല്ലാതില്ല. വിദ്യാഭ്യാസത്തോട് രാഷ്ട്രീക്കാരുടെ സങ്കുചിത മനോഭാവമാണ് ഇതിന് കാരണമായി ഭവിക്കുന്നത്. രാഷ്ട്രീയ മേൽതട്ടുകാർ വിദ്യാഭ്യാസത്തെ വല്ലാതെ ഭയക്കുന്നു. സാധാരണ വിദ്യാഭ്യാസമാകാം. കൂടുതലായാൽ ജനരോഷം വർദ്ധിച്ച് അധികാരം നഷ്ടപ്പെട്ട് പോകുമോയെന്ന ഭയമാണ് കക്ഷിഭേദമന്യേ രാഷ്ട്രീയ നേതാക്കന്മാരിൽ കണ്ടുവരുന്നത്. IAS അല്ല, ഏത് ASS ആയാലും 'തൊഴുതുണ്ട് വാഴാൻ' തയ്യാറായില്ലെങ്കിൽ 'വൺ, ടു, ത്രീ അതോടെ അവന്റെ കഥ കഴിയ്ക്കും. അതിന് ഇപ്പോഴത്തെ സ്ഥിതി തുടരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ് നമ്മുടെ രാഷ്ട്രീയക്കാർ.

വിദ്യാഭ്യാസം ആഭാസമാകുന്നത് എങ്ങനെയെന്ന് നോക്കാം. ആഭാസമെന്നാൽ ഇല്ലാത്തത് ഉണ്ടെന്ന് തോന്നിപ്പിക്കലാണ്. മിഥ്യാധാരണ സൃഷ്ടിക്കലാണ്. മലയാളത്തിൽ ആഭാസം അശ്ലീലമെന്നായി മാറിക്കൊണ്ടിരിക്കുന്നു. ഇല്ലാത്തത് ഉണ്ടെന്ന് തോന്നിപ്പിക്കുന്ന വിദ്യാഭ്യാസ രീതി ഏതാണ് ? വിദ്യ കൊണ്ട് പ്രായോഗികതലത്തിൽ പ്രയോജനമില്ലാത്ത മാതിരി നടത്തുന്ന രീതിയാണ് വിദ്യ + ആഭാസം = വിദ്യാഭ്യാസം. കോളേജുകൾ മുഖാന്തിരം യൂണിവേഴ്സിറ്റിയിൽ നിന്ന് കിട്ടുന്ന ബിരുദം ഇന്നിപ്പോൾ ആഭാസവും അശ്ലീലവുമടങ്ങിയ ബിരുദമാണ്. പ്രായോഗിക തലത്തിൽ പ്രയോജനം കുറഞ്ഞതാണ്. ആഗോള തലത്തിൽ ഒരുവിലയും കല്പിക്കാൻ യോഗ്യത ഇല്ലാത്ത ബിരുദമാണ് നമ്മുടെ യൂണിവേഴ്സിറ്റികളിൽ നിന്ന് നല്കാൻ വിദ്യാഭ്യാസമന്ത്രിമാരും രാഷ്ട്രീയക്കാരും ശ്രമിക്കുന്നത്.

ഇത് ശരിയാണെന്നാണ് മന്ത്രി വാദിക്കുന്നത്. മന്ത്രിയുടെ വാദം പരിശോധിക്കാം. മന്ത്രി ഈ വിഷയം ചർച്ച ചെയ്യാൻ മുഖ്യനെ സമീപിക്കുന്നു. മുഖ്യൻ എഴുന്നേറ്റ് നിന്ന് മന്ത്രിയെ സ്വീകരിക്കുന്നു. മന്ത്രി ഇരിക്കുമ്പോൾ മുഖ്യനും ഇരിക്കുന്നു. സ്ഥിതിസമത്വം പൂർണ്ണമായി പാലിച്ച ശേഷം ചർച്ച തുടങ്ങുന്നു. വിദ്യാഭ്യാസ കാര്യത്തിൽ നമുക്ക് അബദ്ധം പറ്റിയിരിക്കുന്നു. എന്റേതുൾപ്പടെ പല സമുദായത്തിലെ വിദ്യാർത്ഥികളും എസ്. എസ്. എൽ. സി പരീക്ഷയിൽ തോല്ക്കുന്നു, തോല്ക്കുന്നു എന്നല്ല പറയേണ്ടത്, തോല്പിക്കുന്നു. ഇപ്പോൾ pass percentage 45% കടക്കുന്നില്ല. ഇത് 98% ആക്കിയാൽ പാവപ്പെട്ട ദരിദ്രരായ നമ്മുടെ കുട്ടികൾ പാസ്സാകും. പാസ്സായാൽ അവർക്ക് കലാലയ വിദ്യാഭ്യാസം ലഭിക്കും. അവിടേയും pass percentage കൂട്ടാൻ നിർദ്ദേശം കൊടുത്താൽ അവർക്ക് വേണ്ട ജോലി നല്കാനാവും. മാത്രവുമല്ല, കലാലയങ്ങൾ കെട്ടിപ്പൊക്കിയ പാവങ്ങളായ നമ്മുടെ വ്യവസായികൾക്ക് വ്യവസായം തുടർന്ന് നടത്താൻ സാധിക്കും. ഈ വ്യവസായികളിൽ നല്ലൊരു ഭാഗം നമ്മുടെ ജാതിക്കാരും മതക്കാരുമാണ്. നമ്മുടെ കക്ഷിയിൽ വിശ്വസിക്കുന്നവരും. ഇത് കൊണ്ടുള്ള പ്രയോജനം 1. നമ്മുടെ ദരിദ്രരായ കുട്ടികൾക്ക് (നമ്മുടെ എന്ന് പറഞ്ഞാൽ നമ്മുടെ കക്ഷിയിൽ വിശ്വസിക്കുന്നവർ) വിദ്യാഭ്യാസം ലഭിക്കുന്നു. 2) നമ്മുടെ വിദ്യാർത്ഥികൾ നമ്മുടെ സംസ്ഥാനം വിട്ട് പുറത്തുപോകാൻ കഴിയാത്ത അവസ്ഥ നമ്മൾ സൃഷ്ടിക്കുന്നു. 3) നമ്മൾക്ക് വേണ്ട ഡോക്ടേഴ്സും എൻജിനീയേഴ്സും നമുക്ക് ഉപയോഗിക്കാൻ തക്കവിധം വിദ്യാഭ്യാസം നല്കാൻ നമുക്ക് സാധിക്കുന്നു.

"നമ്മുടെ എൻജിനീയേഴ്സ് പാലം പണിതാൽ പാലം പഞ്ചവടിപ്പാലം പോലാകില്ലേ ?" മുഖ്യൻ ചോദിക്കുന്നു.

"പാലം വീണാൽ വീണ്ടും അതേ സ്ഥലത്ത് വേറൊരു പാലം. നമുക്ക് വേണ്ടത് നമ്മുടെ എൻജിനീയേഴ്സ് തന്നുകൊണ്ടേയിരിക്കും."

"നമ്മുടെ ഡോക്ടേഴ്സ് ചികിത്സിച്ചാൽ രോഗികൾ മരിക്കില്ലേ?" മുഖ്യൻ

"മരിച്ചാൽ നമുക്കെന്താ നഷ്ടം ? രോഗികളായാൽ കുറേപേർ മരിക്കണം."

"ശരി എന്നാൽ താങ്കൾ വിചാരിക്കുന്ന മാതിരി തന്നെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ കൊണ്ടുവന്നോളൂ." മുഖ്യൻ ഉവാച.

"ഈ ആഴ്ച തന്നെ പാവങ്ങളായ നമ്മുടെ വിദ്യാഭ്യാസ മുതലാളിമാർ അങ്ങയെ വന്നുകാണും."

"ആയിക്കോട്ടെ, ഇവിടേക്ക് വരേണ്ട, നമ്മുടെ പി. എ.യെ കണ്ടാൽ മതി. പി. എ.യെ കാണാൻ കഴിഞ്ഞില്ലായെങ്കിൽ പാർട്ടി സെക്രട്ടറിയെ കണ്ടാലും മതി."

അങ്ങനെ വിദ്യാഭ്യാസ പരിഷ്കാരം ഊർജ്ജിതമായി. വിദ്യാഭ്യാസ മന്ത്രി എല്ലാ വൈസ് ചാൻസിലേഴ്സിന് പി. എ. മുഖാന്തിരം വേണ്ട നിർദ്ദേശങ്ങൾ നല്കി. കക്ഷിയിൽ പെട്ട സിന്റിക്കേറ്റ് മെമ്പേഴ്സിനെ പി. എ.

കണ്ട് കാര്യങ്ങൾ ധരിപ്പിച്ചു. തോറ്റവർ ജയിക്കുന്നു. ചിലർക്ക് മാർക്ക് കൂടുതൽ നല്കുന്നു. എല്ലാം മംഗളമായി കലാശിക്കുന്നു. വൈസ് ചാൻസിലേഴ്സ് വിദ്യാഭ്യാസ മന്ത്രിയെ തൊഴുതുണ്ട് വാഴുന്ന കാലം !

ശാസ്ത്രമാർഗ്ഗങ്ങൾ മനുഷ്യനേയും പ്രകൃതിയേയും ഒന്നിപ്പിക്കുന്നു എന്നതാണ് സത്യം. നമ്മുടെ നാട്ടിൽ മന്ത്രിമാർക്ക് ശാസ്ത്രം ഭാരമാണ്. ശാസ്ത്രപരാജയം പ്രളയം സൃഷ്ടിച്ചുകൊണ്ടേ ഇരിക്കുന്നു. പ്രളയം അടിക്കടി ഉണ്ടാകാൻ 101 കലത്തിൽ പൊങ്കാലയും 101 മെഴുകുതിരി പള്ളിയിൽ നേരുകയും 101 പേർക്ക് 'ചക്കാത്ത്' നല്കാൻ രഹസ്യ ഏർപ്പാട് നടത്തുകയും ചെയ്യുന്നു മന്ത്രിയുടെ ആജ്ഞാനുവർത്തികൾ. വെളിനാട്ടിൽ നിന്ന് പണം ഒഴുകാൻ തുടങ്ങുമ്പോൾ മന്ത്രിയുടെ അനുയായികൾ തുള്ളിച്ചാടുന്നു. ഈ തുള്ളലാണ് ഭരണത്തിന്റെ നിലനില്പിനാധാരം.

വിദ്യാഭ്യാസവും ബോധാഭ്യാസവും ഒന്നാണ്. ആദിയുമില്ല, അന്തവുമില്ല, ചലനവുമില്ലാത്തതാണ് ബോധം. ബോധമാണീശ്വരൻ. സത് ചിത ആനന്ദം. ബോധമെന്നാണ് അഭിജ്ഞമതം, ബോധമാണെന്ന് സാധാരണക്കാർ പോലും സമ്മതിക്കുന്നു. ജന്മനാ ലഭിക്കുന്ന അറിവിനെ വിശാലവും ആഴത്തിലുമുള്ളതാക്കാനാണ് ബോധാഭ്യാസം വേണ്ടിവരുന്നത്. ബോധാഭ്യാസത്തിന് കാഴ്ചയിൽ നിറയുന്ന ആഭാസങ്ങൾ അകറ്റേണ്ടതാണ്. ആഭാസം ഭ്രമാനുഭവമായി മാറിയാൽ ബോധാഭ്യാസത്തിന് തടസ്സം നേരിടും. ജാതി മത രാഷ്ട്രീയ കക്ഷികളാണ് ഭ്രമാനുഭവങ്ങൾ മനപൂർവ്വം സൃഷ്ടിക്കുന്നത്. ഇതിനും ദുർവാസനകൾക്കും എതിരായി ശക്തിയുക്തം യുദ്ധം ചെയ്യാൻ തയ്യാറായാലെ ബോധാഭ്യാസത്തിനുള്ള തടസ്സങ്ങൾ നീങ്ങി അന്തരീക്ഷം ശുദ്ധമാവൂ.

പ്രയോജനരഹിതമായ കാഴ്ചയാണ് ഭ്രമം. ഭ്രമം വർദ്ധിച്ചാൽ അത് ഭ്രാന്താകും. ഭ്രാന്തന്മാർ കൂടിയാൽ രാജ്യം ഭ്രാന്താലയമാകും. ഭ്രമരഹിത ജീവിതം വളരെ ചുരുങ്ങിയതാണെങ്കിലും അത് സത്യാധിഷ്ഠിതമാണ്. സത്യത്തിലേയ്ക്ക് എത്താൻ ജാതി മതത്തിൽ നിന്നും ദുർഗന്ധം വമിക്കുന്ന ചീഞ്ഞ് നാറുന്ന ആശയ കുളത്തിൽ മുങ്ങിത്താഴാതെ നാം രക്ഷ നേടേണ്ടിയിരിക്കുന്നു. ജാതിയോ മതമോ കക്ഷിരാഷ്ട്രീയമോ പൊള്ളയായ മതേതരവാദമോ നമ്മളെ ദുർവാസനകളിൽ നിന്ന് അകറ്റാൻ പോകുന്നില്ല. പൊള്ളയായ മതേതരം എന്ന് പറയാൻ കാരണം, ഒരു മതവും ജനാധിപത്യത്തിൽ ഭരണകാര്യങ്ങളിൽ നേരിട്ടോ അല്ലാതേയോ ഇടപെടാൻ പാടില്ലായെന്നതാണ് ഭരണഘടനാപരമായ മതേതരത്വം. നമ്മുടെ നാട്ടിൽ ചെറുതും വലുതുമായ മതങ്ങൾ ഒരു ദയയും കൂടാതെ ഭരണകാര്യങ്ങളിലും മറ്റ് സാമൂഹ്യ വിഷയങ്ങളിലും ഇടപെടുന്നു എന്ന സത്യം ആർക്കാണ് നിഷേധിക്കാനാവുക?. ജനാധിപത്യ രാഷ്ട്രീയം വെറും ഹിപ്പോക്രസിയാണ്. അതിന്റെ പേരാണ് വോട്ട് ബാങ്ക് രാഷ്ട്രീയം. ഇതിൽ ജുഡീഷ്യറി പോലും തോറ്റ് തുന്നം പാടുന്ന അവസ്ഥയാണ് ഇന്ന് നമ്മുടെ നാട്ടിൽ നിലവിലുള്ളത്.

ജനിക്കുമ്പോഴുള്ള ബോധം ജീവിക്കാനുള്ള മോഹമാണ്. അമ്മയുടെ മുലപ്പാൽ കുടിക്കാനുള്ള ദാഹം. മുലപ്പാൽ നല്കുന്ന അമ്മയാണ് ദൈവം. മറ്റൊരു ദൈവം കുഞ്ഞിന്റെ ബോധമണ്ഡലത്തിലുണരാൻ സമയമായിട്ടില്ല. സ്വന്തം വിസർജ്ജ്യത്തിൽ ഇഴയുമ്പോൾ അതിൽ അസ്പർശ്യത അനുഭവപ്പെടുന്നില്ല. നീന്തി നീന്തി തിണ്ണയ്ക്കരുകിലെത്തി അരിക് എന്ന ബോധം തോന്നാതെ മറിഞ്ഞ് മണ്ണിലേക്ക് പതിക്കുമ്പോൾ പുത്തൻ അനുഭവം ഉണ്ടായ പോലെ ഉരുണ്ട് വീണ്ടും കമിഴ്ന്ന് തറയിൽ കൈകുത്തി ഇഴയുന്നു. ചിലപ്പോൾ അമ്മ സഹായിച്ചെന്ന് വന്നേക്കാം. അമ്മ സഹായിക്കേണ്ടിവരുന്നത് ആശ്രയം കരച്ചിലിലൂടെ വ്യക്തമാക്കുമ്പോൾ മാത്രം. കരയാനുള്ള നിർദ്ദേശം എവിടെനിന്നാണ് ? പരുപരുത്ത പ്രതലം തൊലിയിൽ ഉരുമ്മി വേദനിക്കുമ്പോൾ മാത്രം. കുഴിയിലാണ് വീണതെങ്കിൽ ഇഴഞ്ഞ് കരയിലേക്ക് വരാൻ കഴിയാത്തപ്പോൾ കരയുന്നു. കരയാനുള്ള നിർദ്ദേശം തുടക്കത്തിൽ ശരീരത്തിന്റേതാണ്. ക്രമേണ ചുണ്ടും നാവും കണ്ണും തൊലിയുമെല്ലാം ഒരുമിച്ചുള്ള നിർദ്ദേശം നല്കാൻ കഴിയുമാറാകുന്നു. അപ്പോൾ ചിരിയും കരച്ചിലും ഒരുപോലെ സ്വാഗതമരുളുന്നു. ചുറ്റിലുമുള്ള ശബ്ദം കേൾക്കുന്നു. അമ്മയുടെ ശബ്ദം പ്രത്യേകം തിരിച്ചറിയുന്നു. അമ്മയുടെ സ്പർശനം തൊലിയിൽ പെട്ടാൽ കുഞ്ഞ് തിരിച്ചറിയുന്നു. അമ്മയുടെ മുലകൾ കൈയിൽ പെട്ടാൽ കുഞ്ഞ് അത് പ്രത്യേകമായി ഓർമ്മിക്കാൻ പഠിക്കുന്നു. അമ്മയിലൂടെ ശബ്ദവും സ്പർശവും കാഴ്ചയും ബലപ്പെടുന്നു. ഇത് ബോധമാണ്. ഇതിന് ചലനസ്വഭാവവും നശ്വര സ്വഭാവമുണ്ട്. ഇതിന്റെ ഉത്ഭവസ്ഥാനം അഖണ്ഡ നിശ്ചലബോധമാണ്. അതിന്റെ combination എന്തെന്ന് ആർക്കും നിശ്ചയമില്ല. അന്വേഷണം തുടരുന്നു എന്ന് മാത്രം. സാധാരണ ബോധത്തിലൂടെ കാണുന്ന കാഴ്ചകൾ വെറും തോന്നൽ മാത്രം. ബോധം കുറഞ്ഞാൽ ശാസ്ത്രം ഭാരമാകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ ! കോപതാപത്തിൽ മുഴുകുന്നവനും ഭ്രമിക്കുന്നവനും അറിവ് കഴുതപ്പുറത്തെ വിഴുപ്പ് കെട്ടുപോലാണ്. മനസ്സാകെ പുണ്ണുപിടിച്ചാൽ സൗമ്യശീലനും അദ്ധ്വാനിയും സ്നേഹസമ്പന്നനുമായ ഭർത്താവ് പോലും നികൃഷ്ടനാകുന്നു. മൂഢബുദ്ധികളായ ഭരണാധികാരികൾക്ക് ചുറ്റിലും വെറുപ്പ് വളർത്തുന്നവരാണെന്ന തോന്നലുണ്ടാകാം. ശരിയായ രാജ്യസ്നേഹികൾ പോലും ശത്രുക്കളാണെന്ന ചിന്ത വളർത്തുന്നവരായിമാറാം. ദുഷ്ടചിന്തകളിൽ നിന്നും തെറ്റായ വാസനകളിൽ നിന്നും മുക്തി നേടാനെന്ന് വേണമെന്ന ചിന്തയാണ് കുട്ടികളെ നിങ്ങൾക്കുണ്ടാകേണ്ടത്. ബോധമാണ് മനുഷ്യനുള്ളത്. ബോധം അനശ്വരബോധത്തോളം വളരണം, വളർത്തണം. അതിനുള്ള പ്രയത്നമാണ് നമുക്ക് വേണ്ടത്. സ്നേഹം, സമാധാനം, ശാന്തി എന്നിവ വളർന്നാലേ സ്വതന്ത്രചിന്ത വളരൂ. സ്വതന്ത്ര ചിന്ത ഉണ്ടായാലെ ശാസ്ത്രവും സാഹിത്യവും സംസ്കാരവും വളരൂ. ബോധ

ത്തേയും ദൈവത്തേയും ബന്ധിപ്പിക്കുന്ന വിധം ചിന്തിച്ചുയരാം. എല്ലാ മഹത് ഗ്രന്ഥങ്ങളുടെ മൗനാനുവാദത്തോടെ നമുക്ക് ചിന്തിക്കാം. ചിന്തയാണ് മുക്തിക്കുള്ള ഏകമാർഗ്ഗം.

മതവും ദൈവവും മനുഷ്യസൃഷ്ടിയാണ്. മതം ഒരു സ്ഥാപനവും ദൈവം ഒരു സങ്കല്പവും ആണ്. ഭ്രമമാണ് ദൈവ സങ്കല്പത്തിനാധാരം. ബോധം അനിഷേധ്യ സത്യമാണ്. അനിഷേധ്യമായ സത്യമാണ്. മനസ്സെന്നത് കാണാനാവാത്ത മനുഷ്യാവയവമാണ്. മനസ്സിന്റെ സഹായികളായി ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നത് പഞ്ചേന്ദ്രിയങ്ങളാണ്. അന്തഃകരണമെന്നും സൂക്ഷ്മശരീരമെന്നും അഭിജ്ഞർ ഇതിന് പേര് നല്കിയിട്ടുണ്ട്. ജനിച്ചപ്പോൾ എങ്ങനെ ജീവനുണ്ടായി എന്നൊ മരിച്ചപ്പോൾ എന്ത് സംഭവിച്ചു എന്നൊ അറിയാത്ത ജീവിതത്തിൽ, രണ്ടിനും മദ്ധ്യേ എന്തൊക്കെയൊ സംഭവിക്കുന്നു എന്ന തോന്നലുകൾ മാത്രമാണ് ജീവിതം. ഇതിന് മനീഷിമാർ നല്കുന്ന പദമാണ് 'ഭ്രമം' എന്ന് നേരത്തെ സൂചിപ്പിച്ചല്ലൊ ! മനുഷ്യൻ ബോധവാനായതിനാൽ ദൈവമെന്ന സങ്കൽപ്പത്തെ മാറ്റിമറിക്കാം. മതമെന്ന സ്ഥാപനത്തെ ഇല്ലാതാക്കാം. ഭ്രമം മൂലം ഉണ്ടാകുന്ന എല്ലാ സങ്കല്പത്തിനും ഇത് തന്നെയാണ് പരിഹാരം. സങ്കല്പങ്ങൾ വേണ്ടായെന്ന് തോന്നിയാൽ ഭ്രമം ഇല്ലാതാകും. ശുദ്ധബോധം അവശേഷിക്കുകയും ചെയ്യും. ഭ്രമത്തിലൂടുണ്ടായ മതത്തേയും ദൈവസങ്കല്പത്തേയും ഇല്ലാതാക്കി ശുദ്ധബോധമുണ്ടാക്കിയാൽ, ദൈവസങ്കല്പത്തിന്റേയും മതത്തിന്റേയും പേരിലുള്ള ദുർവാസനകളും ഇല്ലാതാകും. കലഹമില്ലാതായാൽ ശാന്തിയും സമാധാനവും പുണ്യഭൂവായ ഈ മണ്ണിൽ വളരും. അതിനാവട്ടെ നമ്മുടെ ശ്രമം. അല്ലാതെ പാരമ്പര്യമഹിമ ഉയരത്തിലാണെന്ന് കാട്ടാൻ ഗാന്ധി പ്രതിമയുടെ കഴുത്തിൽ ദേശീയപതാക കെട്ടാൻ തുനിയുന്നത് ലജ്ജാകരമാണ്. ബുദ്ധി കുറവാണെങ്കിലും ബുദ്ധി ഉണ്ടെന്ന് പ്രതീതി ജനിപ്പിക്കാൻ ആഭാസപൂണൂൽ പാരമ്പര്യം അണിയുന്നത് സ്വീകാര്യമല്ല തന്നെ. അടിമകളായ കഴുതകളാണ് നിങ്ങളുടെ വിഴുപ്പ് ചുമക്കുന്നു എന്നത് കൊണ്ടാണ് ഇതൊക്കെ സാധിക്കുന്നതെന്ന് നിങ്ങൾ മറക്കരുത്. ഭ്രമമാണ് നിങ്ങളെ ഇപ്പോഴും ഭരിക്കുന്നത്. ഭരിക്കപ്പെടുന്നവർ കൂടുതൽ കൂടുതൽ ഭ്രാന്തന്മാരാക്കിക്കൊണ്ടും ഇരിക്കുന്ന ദുരവസ്ഥയാണ് നമ്മുടെ നാട്ടിന്റെ ഇന്നത്തെ ശാപം.

നിങ്ങൾ സ്വയമറിയുക. നിങ്ങളുടെ അടിമകളായ ആശ്രിത വർഗ്ഗത്തേയും സ്വയമറിയാൻ പ്രേരിപ്പിക്കുക. നിങ്ങളുടെ ഭ്രമാനുഭവത്തേയും ദുർവാസനകളേയും ഇല്ലാതാക്കിയാൽ, അജ്ഞതയുടെ ഫലമായുണ്ടാകുന്ന നിങ്ങളുടെ അഹങ്കാരം നിശ്ശേഷമില്ലാതാകും. ഭാരതീയരായ എല്ലാരേയും ജാതിമത ഭേദമന്യേ സ്നേഹിക്കാൻ കഴിയും. നിങ്ങളുടെ ജാതി, മത, ദേശ ഭ്രാന്തും ക്രമേണ ഇല്ലാതാകും. നിങ്ങളുടെ കോപം കോപത്തിനോടായി ചുരുങ്ങും.

(തുടരും)


**വായനക്കാർ വരിക്കാരായി**

**സഹകരിക്കുക**

**വാർഷിക വരിസംഖ്യ**

**170 രൂപ മാത്രം**


# ഇഷ്ടം




**രാജീവ് മാമ്പുള്ളി**


**9400418318**


എത്രമേൽ
സ്നേഹിക്കയാൽ
അത്രമേൽ
വെറുത്തുവെന്തകലുന്നു നാം

നഷ്ടക്കണക്കിനോപാരി
ചൊല്ലി അനുദിനം
നഷ്ടപ്പെടുത്തുന്നു
നാം ഓരോ വസന്തവും

കഷ്ടമാണ് ചുടുചാമ്പലായി
മാറുമെങ്കിലും
ഇഷ്ടമാണ് എനിക്ക്
ഇത്തിരിപോന്ന ജീവിതം.

# ശിഷ്ടകാലകർമ്മം




ജയത്തിനായ് പൊരുതി വിജയം വരിച്ചു
വിജയത്തിൻ രസം നുണഞ്ഞാസ്വദിച്ചു.
ആസ്വാദനത്തിൻ പാരമ്യദശയിൽ
പരാജയത്തെയും ശിരസാവഹിച്ചു.
പരാജയത്തിലെ പാലമൃതിൻ രസം
നുണഞ്ഞിരിക്കവെ, ലയിച്ചിരിക്കവെ
വിജയം വരവായ് വരവേൽക്കാൻ.
കേവലമാമീ ദ്വന്ദ്വ പ്രകൃതിയിൽ
അനന്തത തേടിയ മൂഢത്വം
നിത്യത ദർശിച്ചൊരന്ധത്വം.
നിർത്താം ഇനിയീ
'വി' 'പരാ' ക്കൾ തൻ കളി
അണയാം ശാശ്വത സത്യത്തെ.
അതുതേടലാവട്ടെ ഇഷ്ടവിനോദം
അതിൻ അനുഭവമനുദിനം സ്പഷ്ടമായീടട്ടെ
അതിൻ ആചാരണംതന്നെ ദൃഷ്ടാന്തധർമ്മം
അതിനായിത്തീരട്ടെ ശിഷ്ടകാലകർമ്മം.


**അജയ് ബാലചന്ദ്രൻ**

**9895659050**

■ ദൈവനാമത്തിൽ

# ഒരിയ്ക്കൽ മാത്രം



മുഹമ്മദ് കനി
8086293957


**അ**ഖില ചരാചരങ്ങളേയും സൃഷ്ടിച്ച്, പരിപാലിച്ച്, സംരക്ഷിച്ച്, തീറ്റിപ്പോറ്റിവരുന്ന ജഗദീശ്വരൻ (അല്ലാഹു) മനുഷ്യർക്കുമാത്രം വിശേഷ ബുദ്ധി നൽകിയനുഗ്രഹിച്ചു. എന്നാൽ ആ ബുദ്ധി തന്റെ സ്വന്തം കഴിവുകൊണ്ടുണ്ടാക്കിത്തീർത്തതാണെന്നഹങ്കരിച്ചുകൊണ്ട് തന്നിഷ്ട പ്രകാരം ജീവിച്ചു. മരണമാസന്നമായപ്പോൾ അല്പസമയം നീട്ടിത്തരുവാൻ വേണ്ടി മരണത്തിന്റെ മാലാഖയോട് താണുകേണപേക്ഷിച്ചു. ആരാച്ചാരായ മാലാഖ ദൈവനിർദ്ദേശം കൃത്യമായും പാലിച്ചുകൊണ്ട് ഒരു സെക്കന്റുപോലും സമയം നീട്ടി നൽകാതെ അവന്റെ ആത്മാവിനെ എടുത്തുകൊണ്ട് ദൈവസന്നിധിയിൽ സമർപ്പിച്ചു. ഒരിയ്ക്കൽ മാത്രം ലഭ്യമാവുന്ന ഈ ജീവിതത്തെ ദൈവ (അല്ലാഹു)ത്തിന്റെ ഇഷ്ടമനുസരിച്ച് നയിച്ചുകൊണ്ട് നാമെല്ലാവരും തന്നെ മഹാഭാഗ്യവാന്മാരായിത്തീരാം. എല്ലാവിധ സുഖസൗഭാഗ്യങ്ങളും നിറഞ്ഞ സ്വർഗ്ഗീയ ജീവിതം കരസ്ഥമാക്കാം. അതിനുവേണ്ടി നാം പ്രാർത്ഥിയ്ക്കാം, പരിശ്രമിയ്ക്കാം.

സ്തുതി മുഴുവൻ വിശ്വനാഥന്.

■ കവിത

# പൗരാവകാശം

ഇ. എൻ. നാരായണൻ
9539307005



വറ്റിക്കൊണ്ടിരിക്കുന്നു ഊർജ്ജസ്രോതസ്സുകളും
പറ്റിപ്പിടിച്ചുനിൽക്കാൻ ശേഷിയുമില്ലാതായി
കാട്ടുതീപടരുന്നു മാനത്തോ തീമഴയും
നാട്ടിലെ വീടുകളിൽ വിഷവാതകങ്ങളും
തുടലും പൊട്ടിച്ചോടി ഭീകരരൂപികളും
ഇടഞ്ഞുനിന്നീടുന്നു കയ്യൂക്കു കാട്ടീടുന്നു
വേനൽമഴയാം തോഴൻ വഴിതെറ്റിപ്പോയല്ലോ
വേവിക്കാനെത്തീടുന്നു ഉഗ്രരൂപിയാം ദേവൻ
സംഭരിച്ചീടാൻ മഴവെള്ളത്തെ ദാഹം തീർക്കാൻ
സംരക്ഷണം നൽകീടും ഭൂമിതൻ പാത്രങ്ങളെ
തട്ടിത്തകർത്തുവല്ലോ കുരുത്തംകെട്ട മക്കൾ
പൊട്ടിച്ചിരിക്കുന്നല്ലോ ബന്ധനവിമുക്തന്മാർ
മാനഭംഗം ചെയ്യാനും കശക്കിയെറിയാനും
മൗനാനുവാദം കിട്ടി വിളയാട്ടം തുടരാൻ
വേട്ടക്കാർക്കെത്തിക്കുന്നു തോക്കുകൾ ഉണ്ടകളും
വേട്ടയാടപ്പെടുന്നോർ പാഞ്ഞീടുമശരണർ
നാടിന്റെ പതാകയെ വലിച്ചുകീറുന്നോർക്കു
കാടിന്റെ പുത്രന്മാരെ കടിച്ചുകൊല്ലുന്നോർക്കു
കിട്ടീടുമംഗീകാരം വാഴ്ത്തപ്പെട്ടവരാക്കും
കാട്ടീടാനധികാരം ഉത്തമപൗരരല്ലോ !
ഭാരതമാതാവിനെ നിന്ദിക്കുന്നോരുത്തമ
പൗരന്മാരാണുപോലും പൗരത്വമവകാശം !
ജാതിമതാതീരായ് രാഷ്ട്രത്തെ സേവിക്കുന്നോർ
ഓതീടാം നിസ്സംശയം പൗരത്വലബ്ധിക്കർഹർ.

■ പാചകം



ജയ ചന്ദ്രൻ
8593949935

# നവരസം

(നവരസം എന്നത് സ്വന്തമായി കണ്ടെത്തിയ പേരാണ്. ഇത് കുടിക്കുമ്പോൾ മുഖത്ത് നവരസം വരുമോ എന്നൊന്നും അറിയില്ല. അറിയണമെങ്കിൽ കുടിച്ചുകൊണ്ട് കണ്ണാടി നോക്കണം.)

**ആവശ്യമായവ**

1. കുരുമുളകുപൊടി - $^1/_4$ ടീസ്പൂൺ
2. മുളകുപൊടി - $^1/_4$ ടീസ്പൂൺ
3. മഞ്ഞൾപൊടി - $^1/_4$ ടീസ്പൂൺ
4. മല്ലിപ്പൊടി - $^1/_2$ ടീസ്പൂൺ
5. ജീരകം - $^1/_4$ ടീസ്പൂൺ
6. കായപ്പൊടി - $^1/_4$ ടീസ്പൂൺ
7. വെളുത്തുള്ളി - 2 അല്ലി
8. ചുവന്നുള്ളി - 1 അല്ലി
9. കറിവേപ്പില - 5 ഇതൾ

**ഉണ്ടാക്കുന്ന വിധം**

ഈ ഒമ്പതു ചേരുവകൾ നല്ല പോലെ മിക്സിയിൽ അരച്ചെടുക്കുക. അതേ മിക്സിയിൽ ഒരു തക്കാളി ചെറുതായരിഞ്ഞ് ഒന്ന് തിരിച്ചെടുക്കുക. 3 കപ്പ് വെള്ളത്തിൽ നെല്ലിക്ക വലുപ്പത്തിൽ പുളി കുതിർത്ത് പിഴിഞ്ഞെടുക്കുക. ഇതിൽ ആവശ്യത്തിന് ഉപ്പും അരച്ച ചേരുവകളും ചേർത്ത് നന്നായി തിളപ്പിക്കണം. ആവശ്യമെങ്കിൽ വളരെ ചെറിയ കഷണം ശർക്കര ചേർക്കാം. കുറച്ച് മല്ലിയിലയും തൂകി ഒരു സ്പൂൺ എണ്ണയിൽ കടുകും കറിവേപ്പിലയും വറത്തിടുക. തണുപ്പ് കാലങ്ങളിൽ ഊർജ്ജം പകരുന്നതാണ് ഈ രസം.

# ധാരണകൾ തിരതല്ലും കടൽ അല പോലെ..



**മുരളി മൂത്തേടം**
**9400126340**

**ട**ൗണിൽ നിന്ന് ഓട്ടോ പിടിച്ച് വീട്ടിലേക്ക് വരുന്ന വഴി എതിർദിശയിൽ നിന്ന് വന്ന വാഹനത്തെ തൊട്ടുരുമ്മി മറികടന്ന് ഡ്രൈവർ പറഞ്ഞു. "സാർ പേടിക്കണ്ട എനിക്ക് ഞാൻ ഓടിക്കുന്ന വണ്ടിയെ കുറിച്ച് വ്യക്തമായ ധാരണയുണ്ട്" വീട്ടിൽ വന്ന് കയറിയപ്പോൾ തെങ്ങുകയറ്റക്കാരൻ "സാർ പേടിക്കണ്ട ഷീറ്റിൽ വീഴ്ത്താതെ നോക്കാം എനിക്ക് ധാരണയുണ്ട്." അതെ, ഓരോരുത്തർക്കും അവരവരുടെതായ ധാരണകൾ, വ്യക്തമായ ധാരണകൾ...

വ്യക്തമായ ധാരണ എന്നത് അനുദിനം അനുവർത്തിക്കപ്പെടുന്ന ഒരു പ്രയോഗവും, വസ്തുതയുമാണ്. ഓരോ വ്യക്തി ജീവിതത്തിന്റെയും ഉന്നതിയിലും, അധഃപതനത്തിലും എന്തിന് ദിനാചര്യങ്ങളിൽ വരെ അദൃശ്യ സാന്നിധ്യമായ് ധാരണകൾ നിലനിൽക്കുന്നു. മനുഷ്യരാശിയുടെ ഉൽപത്തി മുതൽ തലമുറകളിലൂടെ പകർന്ന് വരുന്ന ചില ധാരണകൾ ഉണ്ട്. എന്നാൽ അൽപ്പസമയം കൊണ്ട് അവസാനിക്കുന്ന ചില ധാരണകളും ഉണ്ട്. ഒരെ കാഴ്ച്ചയിൽ പോലും പലരിലും പല തരം വ്യതിയാനവും, വ്യത്യസ്തതയും പ്രകടമാവുന്ന ധാരണകളിൽ നാണയത്തുട്ടിന്റെ ഇരുവശങ്ങൾ പോലെ ഒരു ഭാഗത്ത് വ്യക്തതയും ശക്തിയും മറുഭാഗത്ത് അവ്യക്തതയും, ബലഹീനതയും തുടരുന്നു. എന്താണ് യഥാർത്ഥത്തിൽ ധാരണയുടെ വ്യക്തത എന്ന് പ്രതിപാദിക്കപ്പെടുമ്പോൾ പോലും ഈ വിഷയത്തിൽ ഇതിലും ശക്തവും, വ്യക്തവുമായ ധാരണകൾ ഇനിയുമുണ്ട് എന്നതാണ് വാസ്തവം. കാരണം ഈ പ്രപഞ്ചം അത്രമാത്രം വിചിത്ര ധാരണകളാൽ സമ്പന്നമാണ്.

ജീവിതയാത്രയുടെ പ്രാരംഭഘട്ടം മുതൽ മനുഷ്യൻ അന്വേഷണങ്ങളിലൂടെയും, അനുഭവങ്ങളിലൂടെയും, പങ്ക് വെക്കലിലൂടെയും ചില ധാരണകൾ കൈവരിക്കുന്നു. എന്നാൽ വിശ്വാസപരമായും, വിദ്യാഭ്യാസപരമായുമുള്ള പരീക്ഷണങ്ങളുടെയും, നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന തിരിച്ചറിവിലൂടെയാണ് ധാരണകളിൽ വ്യക്തത സാധ്യമാകുന്നത്.

പ്രഭാവവും സാന്നിധ്യവും, സാധ്യതയും മുൻനിർത്തി ധാരണയുടെ സ്വീകാര്യത നിർണ്ണയിക്കപ്പെടുന്നു. ഇത്തരം ധാരണപരമായ കാഴ്ചപ്പാടിൽ ഊന്നിയാണ് മനുഷ്യൻ തന്റെ ചിന്തകളും, ആശയങ്ങളും ആവിഷ്കരിക്കുന്നത്. പ്രകൃതിയെ തന്റെ ആവാസ വ്യവസ്ഥയ്ക്ക് എങ്ങനെ അനുകൂലമാക്കാം എന്ന ബുദ്ധിപരമായ ചിന്തകളും, ആശയങ്ങളുമാണ് ശാസ്ത്ര സംബന്ധമായ കണ്ടുപിടുത്തങ്ങളിലേക്ക് അവനെ നയിച്ചത്. തൽഫലമായി ഭൂമുഖത്ത് വിസ്മയകരമായ പുരോഗതി സൃഷ്ടിക്കപ്പെട്ടു.

ഓരോ നിമിഷവും വൈവിധ്യങ്ങളാൽ നിറയപ്പെടുന്ന ഈ ലോകത്ത് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ ധാതുലവണപരമായ പ്രകൃതിയുടെ പങ്ക് തിരിച്ചറിഞ്ഞ മനുഷ്യൻ പിന്നീട് പ്രകൃതി ചൂഷണത്തിലും, ഭൂമി കൈയടക്കുന്നതിലും തന്റേതായ താൽപര്യങ്ങൾക്കും, മാനസികനിലവാരങ്ങൾക്കും അനുസൃതമായ ധാരണകൾ മെനഞ്ഞു.

ധരിക്കുന്നതും, ധരിക്കപ്പെടുന്നതുമായ ഇത്തരം ധാരണകളിലെ പാകപിഴകൾ പലപ്പോഴും നന്മകൾക്കൊപ്പം തിന്മകളും പ്രദാനം ചെയ്യുന്നു. ചില വ്യക്തി പ്രഭാവങ്ങൾക്ക് വില കൽപ്പിക്കപ്പെടുമ്പോഴും, ധാരണകളിൽ സ്വാർത്ഥ താൽപര്യങ്ങൾ സ്വാധീനം ചെലുത്തുമ്പോഴും അഭിപ്രായ വ്യത്യാസവും, തെറ്റായ സന്ദേശങ്ങളും, പ്രചരിക്കപ്പെടുന്നു.

ശാസ്ത്ര സംബന്ധമായ കണ്ടുപിടുത്തങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നു. ചിലത് സംഘർഷഭരിതവും, വിപ്ളവാത്മകവുമാകുന്നു. മറ്റ് ചിലത് യുദ്ധങ്ങളിലേക്ക് വരെ വഴിമാറിയത് ഹിറ്റ്ലർ, മുസ്സോളിനി തുടങ്ങിയ ഏകാധിപതികളുടെ ചരിത്രത്താളുകളിൽ നമുക്ക് കാണാൻ കഴിയും.

ഇത്തരം ധാരണാപരമായ സമ്മർദ്ദങ്ങൾ മൂലം ഉണ്ടാവുന്ന ഭയം, ആശങ്ക, വിഷമം, ആകുലത തുടങ്ങിയ മാനസികപിരിമുറുക്കങ്ങളെ മറികടക്കാനും, സത്യസന്ധവും നീതിയുക്തവുമായ മൂല്യങ്ങളിലേക്ക് വെളിച്ചം വീശാനും ഈശ്വരവിശ്വാസം, വിശുദ്ധ ഗ്രന്ഥങ്ങളിലെ പുണ്യപുരാണ കഥകൾ എന്നിവ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

ശുഭാപ്തി വിശ്വാസത്തോടും, അർപ്പണ മനോഭാവത്തോടും കൂടിയുള്ള ധർമ്മങ്ങളിലൂടെ മേൽപ്പറഞ്ഞ സന്ദർഭങ്ങളെ അതിജീവിക്കപ്പെടുന്നു എന്ന സന്ദേശമാണ് പുരാണേതിഹാസ കഥകളിലൂടെ സാധ്യമാകുന്നത്. എങ്കിലും, ഐതിഹ്യ കഥാസന്ദർഭങ്ങളിൽ പലയിടത്തും നമ്മിൽ ധാരണപിശകുകൾ ജനിപ്പിക്കുന്നു. മഹാഭാരതത്തിലും, വാൽമീകി അദ്ധ്യാത്മരാമായണത്തിലും, ബൈബിളിലും, ഖുറാനിലും തുടങ്ങി എല്ലാ വിശുദ്ധ ഗ്രന്ഥങ്ങളിലും

ഇത്തരം ധാരണാപിശകുകൾ പ്രകടമാണ്. അതിനാൽ വിശ്വാസത്തിൽ അധിഷ്ഠിതമായ ധാരണകളിൽ നിന്ന് വ്യത്യസ്ത മതങ്ങളും, ആചാരങ്ങളും, വിശ്വാസരീതികളും ഉടലെടുത്തു. ചിലത് അന്ധവിശ്വാസങ്ങളായും, നിരീശ്വരവാദങ്ങളായും തുടരുന്നു. കൂടാതെ മറ്റ് ചിലത് ജ്യോതിശാസ്ത്ര അനുമാനങ്ങളായും, നിമിത്ത ശകുനങ്ങളായും, ആൾദൈവ സങ്കൽപ്പങ്ങളായും മനുഷ്യനിൽ സംതൃപ്തി പകരുന്നു. എന്നാൽ ഐതിഹ്യപരമായ വിശ്വാസങ്ങളേക്കാൾ ചരിത്രപരമായ യാഥാർത്ഥ്യങ്ങളിലേക്കുള്ള മനുഷ്യന്റെ അന്വേഷണ പ്രയാണങ്ങളിൽ തന്റെ പഞ്ചേന്ദ്രീയ സാധ്യതകളിലൂടെയും, പ്രവൃത്തി പരിചയത്തിലൂടെയും സ്വായത്തമാക്കുന്ന ധാരണകൾക്കാണ് കൂടുതൽ സുതാര്യത. അവിടെ സാമൂഹിക ആവശ്യകതയും, യുക്തിചിന്തയുമാണ് ധാരണയുടെ ഗതിവിഗതികൾ നിയന്ത്രിക്കുന്നത്. ഉദാഹരണമായി ആദ്യകാലത്ത് ഒരു വിഭാഗത്തിലോ, സമുദായത്തിലോപെട്ട മനുഷ്യർ ഒരിടത്ത് കൂട്ടമായ് താമസിച്ചിരുന്നു. എന്നാൽ പിന്നീട് അത് കൂട്ടുകുടുംബ വ്യവസ്ഥകളായി മാറി. കാലാന്തരങ്ങളിൽ കുടുംബങ്ങളായി ചുരുങ്ങി, ഇന്ന് അണുകുടുംബമായും, ഫ്ളാറ്റ് സംസ്ക്കാരമായും പരിണമിക്കപ്പെട്ടു. ഇപ്പോൾ ഒരു വീട് പണിയുന്നതിന് പോലും ഓരോരുത്തർക്കും അവരവരുടെതായ ആശയങ്ങളും, ധാരണകളും നിലവിൽ ഉണ്ട്.

അതുപോലെത്തന്നെ ആദ്യകാലങ്ങളിൽ സമയം, ദൂരം, കാലാവസ്ഥ, കൃഷി തുടങ്ങി മിക്ക കാര്യങ്ങളും പ്രകൃതിചലനങ്ങളെയും, സൂര്യചന്ദ്ര സഞ്ചാര ദിശകളെയും നിരീക്ഷിച്ചാണ് തിട്ടപ്പെടുത്തിയിരുന്നത്. എന്നാൽ ഘടികാരത്തിന്റെ വരവോടെ സമയനിഷ്ഠയിലും, ഗണിത 'ഭൗമ' ജ്യോതിശാസ്ത്ര നിർവചനങ്ങളിലൂടെ ദൂരം, വേഗത, ഉയരം, കാലാവസ്ഥ നിരീക്ഷണം തുടങ്ങി സമസ്ത മേഖലകളിലും യുക്തിപരമായ ബോധ്യം സാധ്യമായി. പിന്നീട് കമ്പ്യൂട്ടറിന്റെ കണ്ടുപിടിത്തത്തോടെ സമയവും, ദൂരവും, ശബ്ദവും, കാഴ്ചകളും, വാർത്തകളും, സന്ദേശങ്ങളും, തുടങ്ങി സർവ്വ വിഷയങ്ങളും കമ്പ്യൂട്ടർ ആപ്പുകളിൽ നിക്ഷിപ്തമായി.

അങ്ങനെ കാലഘട്ടത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് വസ്ത്രധാരണം, ഭക്ഷണരീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും കാഴ്ചപ്പാടുകൾക്ക് അനുസൃതമായ ധാരണകൾ പരിവർത്തിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ കാഴ്ചപ്പാടുകൾക്കും, ചിന്താഗതികൾക്കും, സ്ഥാപിത താൽപര്യങ്ങൾക്കുമനുസരിച്ച് ധാരണകൾ കാൽപ്പനിക സ്വഭാവം കൈവരിക്കപ്പെടുമ്പോഴും, വ്യതിചലിക്കുമ്പോഴുമാണ് വ്യക്തതയും, അവ്യക്തതയും ഇഴ ചേരുന്നത്.

തൽഫലമായി ഒരെ കാഴ്ചയിൽ പോലും വിഭിന്ന കാഴ്ചപ്പാടുകളും, ചിന്താകുഴപ്പങ്ങളും ഉലൈടുക്കുന്നു. കാർബൺ ആറ്റം മറ്റ് ഏതൊരു മൂലകവുമായി പ്രവർത്തിക്കുമ്പോൾ പുതിയ ഒരു സംയുക്തമായി മാറുന്നത് പോലെ ധാരണകൾ ഓരോ മനസ്സിലും ഓരോ തരത്തിൽ വിന്യസിക്കുന്നു. അവിടെ സത്യ മിഥ്യകളെക്കാൾ യുക്തിക്ക് അതീതമായ സങ്കൽപ്പ ധാരണകളാണ് ഉയർന്ന് വരുന്നത്.

ചില ചിത്രങ്ങൾ പോലും മാനുഷിക ധർമ്മങ്ങളെ ഉത്ബോധനം ചെയ്യുന്ന ധാരണകളായ് മാറിയിട്ടുണ്ട്. ലിയോനാർഡോ ഡാവിഞ്ചിയുടെ 'മോണാലിസ', കെവിൻ കാർട്ടറുടെ ആഫ്രിക്കൻ ചിത്രങ്ങൾ തുടങ്ങി ഇന്നും ചിത്രങ്ങളിലൂടെയും, കലകളിലൂടെയും, പ്രവർത്തികളിലൂടെയും സ്വന്തം വളർച്ചയേക്കാൾ സാമൂഹിക നന്മയ്ക്ക് വേണ്ടി പ്രയത്നിക്കുന്നവർ നമുക്കിടയിൽ ഉണ്ട്. അവരുടെ പങ്ക് ഭൗതീക മുന്നേറ്റങ്ങൾക്ക് പുത്തനുണ്ണർവ്വ് നൽകുന്ന ധാരണകളായി മാറിയിട്ടുമുണ്ട്. എന്നാൽ അവരുടെ ഉദ്ദേശ ശുദ്ധി പലപ്പോഴും ചോദ്യം ചെയ്യപ്പെടാറുണ്ട്. ഉദാഹരണമായി കെവിൻ കാർട്ടറുടെ ഒറ്റ ചിത്രം ആഫ്രിക്കൻ ഗ്രാമങ്ങളിലേക്ക് ലോക ശ്രദ്ധ എത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു, എങ്കിലും ആ ചിത്രത്തിന്റെ പേരിൽ ഉയർന്ന വിമർശനങ്ങളിൽ മനംനൊന്ത് അദ്ദേഹം ആത്മഹത്യ ചെയ്യുകയാണ് ഉണ്ടായത്. കൂടാതെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് നയപരമായ ദിശാബോധം പകരുന്നതിലും, ലക്ഷ്യപ്രാപ്തി നേടുന്നതിലും ഗാന്ധിജിയുടെ നേതൃത്വം അവിഭാജ്യ ഘടകമായിരുന്നു' എന്നാൽ അദ്ദേഹത്തിന്റെ അഹിംസാപരമായ മിതവാദങ്ങളും, സമരമുറകളും വിമർശന സാഹചര്യമൊരുക്കി. അതിന് എതിരെ ഭിന്ന അഭിപ്രായവും, തീവ്ര ആശയവാദങ്ങളും, സായുധ വിപ്ളവങ്ങളും ഉയർന്ന് വന്നത് സ്വാതന്ത്ര്യസമര ചരിത്രങ്ങളിൽ കണ്ടു. പിന്നീട് അസഹിഷ്ണുതയുടെയും, മറ്റും ഇരയായി ഗാന്ധിജി കൊല ചെയ്യപ്പെടുകയാണ് ഉണ്ടായത്. ഇന്നും ഗാന്ധിജിയുടെ ഘാതകനെ അനുകൂലിച്ചും, പ്രതികൂലിച്ചും ഉള്ള ധാരണകൾ ഉയർന്ന് വരാറുണ്ട് കൂടാതെ സാധ്യതകളെക്കാൾ പ്രഭാവത്തെ അടിസ്ഥാനമാക്കി ഉയർന്ന് വരുന്ന ചില ധാരണകൾ ഉണ്ട്.

പരസ്യചിത്രങ്ങളിൽ നാം ഉൽപ്പന്നത്തിന്റെ മേൻമയേക്കാൾ അതിനെ അവതരിപ്പിക്കുന്ന പ്രധാനിയിലേക്ക്, പ്രഭാവത്തിലേക്ക് ഊന്നൽ നൽകുന്നു. അല്ലെങ്കിൽ വിശ്വാസത്തിലെടുക്കുന്നു. അതുപോലെത്തന്നെ നാം നമ്മുടെ ആവാസ പരിധിക്കപ്പുറം ഒരു സംഭവത്തെയോ, 'സ്ഥലത്തെയോ, വ്യക്തിയെയോ, വിഷയത്തെയോക്കുറിച്ച് അറിയുന്നത് ദൃശ്യമാധ്യമങ്ങളിലൂടെയും, പഠന സഹായികളിലൂടെയുമാണ്. എന്നാൽ ഒരേ കാര്യത്തെ കുറിച്ചോ, ഒരേ വാർത്തയെ കുറിച്ചോ പല മാധ്യമങ്ങളിലും, പഠന സഹായികളിലും വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കപ്പെടുന്നു. തദവസരങ്ങളിൽ നാം പ്രഭാവത്തെ അടിസ്ഥാനമാക്കി ധാരണകൾ മെനയുന്നു. കൂടാതെ ചില വിജയ പരാജയ വിഷയങ്ങൾ അർഹതപ്പെട്ടവരെക്കാൾ അനർഹരിലേക്ക് വന്ന് ചേരാറുണ്ട്. ഉദാഹരണമായി ' റോഡ്, പാലം തുടങ്ങി നാടിന്റെ വികസന പ്രവർത്തനങ്ങൾ പലതും രാഷ്ട്രീയനേതൃത്വത്തിലേക്കും, സിനിമ

പോലുള്ള ആസ്വാദന കലകളുടെ വിജയം അതിന്റെ പ്രധാന നടനിലേക്കും എത്തിച്ചേരുന്നു. എന്നാൽ ഈ പറഞ്ഞവയുടെ പരാജയങ്ങൾ പലപ്പോഴും അണിയറ പ്രവർത്തകരിലേക്ക് വിരൽ ചൂണ്ടപ്പെടുന്നു.

ഇനി, ഒരു വാഹനത്തിൽ കുണ്ടും, കുഴിയും നിറഞ്ഞ പാതയിലൂടെ യാത്ര ചെയ്യുമ്പോൾ ആദ്യം നാം വാഹനത്തിന്റെ പോരായ്മകളെ കുറിച്ചാണ് വാചാലരാകുന്നത്. എന്നാൽ അതേ വാഹനത്തിൽ നല്ല റോഡിലൂടെ സുഖമായി യാത്ര ചെയ്യുമ്പോൾ റോഡിന്റെ മേൻമകളാണ് നാം ശാസ്ത്രീയവൽകരിക്കുന്നത്. ഇങ്ങനെ ദൈനംദിനം മനുഷ്യൻ ഏർപ്പെടുന്ന സമസ്ത മേഖലകളിലും അവരവരുടെ മാനസിക വ്യാപ്തിക്കനുസൃതമായ ഏകപക്ഷീയ, സാങ്കൽപീക ധാരണകൾ വാർത്തെടുക്കപ്പെടുന്നു. ചിലത് സ്ഥാപിക്കപ്പെടുന്നു.

പുതുതലമുറകളിലൂടെ ആവിഷ്കരിക്കപ്പെടുന്ന ചില ധാരണകൾ ഉണ്ട്. കല, സാഹിത്യം, വിദ്യാഭ്യാസം, വസ്ത്രധാരണം, ഭക്ഷണം തുടങ്ങി എല്ലാ മേഖലകളിലും പുതുതലമുറ സാങ്കേതികമായ ആശയങ്ങളും, ധാരണകളും കൈകൊള്ളാറുണ്ട്. കാലത്തിന്റെ വ്യവസ്ഥിതിക്കനുസരിച്ചുള്ള സ്വാഭാവിക മാറ്റങ്ങളാണിത്. എന്നാൽ ഇത്തരം മാറ്റങ്ങൾ സാമൂഹികമായ വിമർശനങ്ങൾക്ക് വിധേയമാവാറുണ്ട്. പുതിയ, പഴയ തലമുറകൾക്കിടയിൽ ഉൾകൊള്ളനോ, അംഗീകരിക്കാനോ കഴിയാത്ത ധാരണാപരമായ ഈ അന്തരം എല്ലാ കാലത്തും നിലനിൽക്കുന്നു എന്നതാണ് വാസ്തവം. കാഴ്ചകളിൽ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും പല കാര്യങ്ങളിലും മാനസികമായി പുരോഗതി സംഭവിക്കുന്നില്ല എന്നതാണ് സത്യം.

സമഗ്രമായ വിദ്യാഭ്യാസം ഒരു പരിധി വരെ മനുഷ്യനെ ശരി തെറ്റുകൾ പഠിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും ആജീവാനാന്ത വിദ്യാഭ്യാസവും, അനന്തമായ അന്വേഷണ ത്വരയും മനുഷ്യനെ വൈകൃതപരമായ ധാരണകൾക്ക് വിധേയനാക്കുന്നു. ഇല്യൂമാനിറ്റി പോലുള്ള സംഘടനകൾ ആവിർഭവിച്ചത് ഇത്തരം പ്രവണതകളിലൂടെയാണ് എന്ന് വിശ്വസിക്കാതെ വയ്യ.

സിനിമ പോലുള്ള ആസ്വാദന കലകളിലൂടെയും, സോഷ്യൽ മീഡിയകളിലൂടെയും പലതരം വൈകൃതപരമായ ധാരണകളെ പ്രോൽസാഹിപ്പിക്കപ്പെടുന്നു അല്ലെങ്കിൽ പിൻതുടരപ്പെടുന്നു എന്നത് ഖേദകരമായ ദുരവസ്ഥയാണ്. ഏതൊരു വിഷയത്തിലും ആശയപരമായ സംവാദങ്ങളിലൂടെ ഉരുത്തിരിയുന്ന അനുമാനങ്ങളാണ് ധാരണകളിൽ വ്യക്തതയുടെ പ്രധാന ഘടകം. അവിടെ വിശ്വാസത്തിനും വലിയ സ്വാധീനം ഉണ്ട്.

അമ്മ, അച്ഛൻ, ഭാര്യ, മക്കൾ തുടങ്ങി കുടുംബാംഗങ്ങൾക്കിടയിലെ ആത്മവിശ്വാസം, സ്വന്തം പ്രവൃത്തി മണ്ഡലത്തിൽ അർപ്പിക്കുന്ന ശുഭാപ്തി വിശ്വാസം, സൗഹൃദങ്ങൾക്കിടയിലെ ഇഷ്ടാനിഷ്ടം, വിശ്വാസം, ആത്മീയാധിഷ്ഠിതമായ ഈശ്വരവിശ്വാസം തുടങ്ങി വിശ്വാസങ്ങൾക്കിടയിലെ ഏറ്റകുറച്ചിലുകൾ പലപ്പോഴും ധാരണകൾക്കിടയിൽ ശരിതെറ്റുകൾ നിർണ്ണയിക്കുന്നു. തന്റെ നിശ്ചയദാർഢ്യത്തെ കുറിച്ചും, ധീരതയെ കുറിച്ചുമുള്ള അവകാശവാദവും, താൻ കാണുന്നതും, കേൾക്കുന്നതും, ചിന്തിക്കുന്നതും, പറയുന്നതും സത്യമാണ് അല്ലെങ്കിൽ സത്യാവസ്ഥയാണ് എന്ന വിചാരവും മനുഷ്യനിൽ തെറ്റിദ്ധാരണ ജനിപ്പിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്നു. നിശ്ചയദാർഢ്യമാവാം, അത് ധാർഷ്ട്യത്തിലേക്ക് വഴി മാറാതെ പവിത്രമായി കാത്തു സൂക്ഷിക്കുക എന്നതാണ് യഥാർത്ഥ ധാർമ്മികത.

മേൽ പറഞ്ഞതുപോലെ തലമുറകളിലൂടെ പകർന്നുവന്നതാണ് നാമീ കാണുന്നതും, അനുഭവിക്കുന്നതുമായ നന്മ തിന്മകൾ. ഇനിയും ഒരു തലമുറയ്ക്ക് അധിവസിക്കാൻ, മനുഷ്യരാശിയുടെ നിലനിൽപ്പ് സാധ്യമാവാൻ അനിവാര്യമായ സദ്ഗുണ സമ്പന്ന മൂല്യാധിഷ്ഠിത ധാരണകൾ സാധ്യമാവട്ടെ. ക്ഷമയോടെ പ്രവർത്തിക്കാം, പ്രത്യാശിക്കാം. •



# ജയം

ബിതാ ദാസ്
8075638695

നിന്റെ സ്വപ്നങ്ങളിലേക്കുള്ള വഴി
മൗനം കൊണ്ടു മരവിച്ച,
ഇരുൾ മൂടിയ
ഇടനാഴിയിലൂടെയായിരുന്നു.

അവിടെ
ഘനീഭവിച്ച
വെൺമേഘശകലങ്ങൾ
ആരെയോ പ്രതീക്ഷിച്ച്
വഴിയറിയാതെ
അലഞ്ഞുതിരിഞ്ഞു നടന്നിരുന്നു.

ഇമയനക്കങ്ങളിൽപോലും
ഭീതി നിഴലിക്കുന്ന
നിറം നഷ്ടപ്പെട്ട ശലഭക്കൂട്ടങ്ങൾ
ഒളിക്കാനിടമില്ലാതെ
പരതിപ്പരതി നടന്നിരുന്നു.

പെയ്യാൻ തയ്യാറായ
ഒരു കാർമേഘത്തുണ്ട്
കാറ്റിന്റെ പിൻവിളി കേട്ടിട്ടും
തിരിഞ്ഞുനോക്കാതെ
മുഖം കറുപ്പിച്ച്
മടിച്ചുനിന്നിരുന്നു.

പ്രതിധ്വനിപ്പിക്കാനുള്ള ത്വരമൂത്ത്
അടച്ചു കെട്ടപ്പെട്ട ഒരുപാട് അറകൾ
ശബ്ദത്തെ ധ്യാനിച്ച്
ചെവി കൂർപ്പിച്ചു നിന്നിരുന്നു.

ഉരുകിയൊലിക്കാൻ മോഹിച്ച്
ഒന്നിലധികം മഞ്ഞുമലകൾ
സൂര്യമുഖങ്ങളെക്കിനാവു കണ്ട്
നിദ്രയിൽ ലയിച്ച് ഉറച്ചുനിന്നിരുന്നു.

മുനയൊടിയാത്ത മുള്ളുകളേയും
ആഴം കാണാ-
തമോഗർത്തങ്ങളേയു-
മതിജീവിച്ചൊരിക്കൽ
ഞാനവിടെ
ഋതുഭേദങ്ങളായിപ്പുനർജ്ജനിച്ച്
മുക്തി നേടും.

# ഇരുട്ടിൽ തപ്പും ബാല്യങ്ങൾ



ഉണ്ണിവിശ്വനാഥ്
9895555393

**കാ**ലം അസ്ത്രത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കുന്നു. ശാസ്ത്രം വളർന്നുകൊണ്ടിരിക്കുന്നു. ഉന്തിനോട് കൂടെ ഒരു തള്ള് എന്ന പഴമയുടെ വരികളെ ഓർമ്മപ്പെടുത്തും വണ്ണം പരിഷ്കാരം ശാസ്ത്രത്തോടൊപ്പം വളർന്നു പന്തലിക്കുന്നു. പുതുതലമുറ മാത്രം വളം കിട്ടാത്ത തെങ്ങു പോലെ കൂമ്പടഞ്ഞു മുരടിച്ചു പോകുന്നു.

നമ്മൾ തെരുവിലേക്കിറങ്ങി വീക്ഷിക്കേണ്ട കാലം അതിക്രമിച്ചു. ഒരു കൊലപാതകവും, പീഢനവും, രാഷ്ട്രീയക്കാരുടെ പേക്കൂത്തുകളുടെ വിറളിപിടിച്ച തമ്മിൽ തല്ലുകളും, നാടിന്റെ നന്മയെ വിറ്റു കാശാക്കാൻ അലമുറയിട്ട് പാഞ്ഞ് പാതി വഴിയിൽ കാലിടറി വീഴുന്ന പുത്തൻ പണക്കാരന്റെ അപചയങ്ങളും വാർത്താ മാധ്യമങ്ങളിലൂടെയും, റ്റി. വി. ചാനലുകളിലൂടെയും മിനുട്ടിന് മിനുട്ടിന് ഉദ്ഘോഷിക്കുമ്പോൾ, നമുക്ക് പിന്നിൽ നടക്കുന്ന ഭാവി തലമുറയെ (കുട്ടികളെ) കുറിച്ച് എന്തുകൊണ്ട് ആലോചിക്കുന്നില്ല. എന്തുകൊണ്ട് അവർക്കായി ആരും ശബ്ദമുയർത്തുന്നില്ല. അവരുടെ പ്രശ്നങ്ങൾ അനാവരണപ്പെടുന്നില്ല.

ഒരു കുട്ടിയെക്കുറിച്ചറിയാൻ വീട്ടിലോ സ്കൂളിലോ കളി സ്ഥലത്തോ മാത്രം വീക്ഷിച്ചാൽ പോര. അവന്റെ അല്ലെങ്കിൽ അവളുടെ ഒരു ദിവസത്തെ വീക്ഷിക്കണം. രാവിലെ ഒരു ട്ടിഫിൻ ബോക്സും, ഒരു ലോഡുപുസ്തകവുമായി നിരത്തിലേക്കിറങ്ങുന്ന കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങളും, ദുരിതങ്ങളും എന്തെന്നറിയാൻ രക്ഷിതാക്കളോ, അദ്ധ്യാപകരോ, സാമൂഹ്യ പ്രവർത്തകരോ തുനിഞ്ഞിട്ടുണ്ടോ.

രാഷ്ട്രീയക്കാരും, തത്ത്വ ചിന്തകരും, സെലിബ്രിറ്റികളും മൈക്കു കയ്യിൽ കിട്ടിയാൽ വാചാലരാകാറുണ്ട്, ഇന്നത്തെ കുട്ടികൾ നാളത്തെ ഭാരതത്തിന്റെ നെറുകയിലെ തിലകക്കുറികളാക്കേണ്ടവരാണെന്നും, ഭാവിയുടെ വാഗ്ദാനങ്ങളാണെന്നുമൊക്കെ. എന്തിന്, ആരെ തൃപ്തിപ്പെടുത്താൻ. ഇതൊക്കെ കേട്ട് ഒരു കുട്ടിയും നാളെ ഒന്നുമാകാൻ പോകുന്നില്ല. അത്രത്തോളം മാനസിക പിരിമുറുക്കത്തിലൂടെ കടന്നു പോകുന്നവരാണ് ഇന്നത്തെ കുട്ടികൾ.

രാവിലെ നിരത്തിലിറങ്ങിയാൽ തന്നെക്കാൾ ഭാരമേറിയ സ്കൂൾ ബാഗും തൂക്കി സ്ക്കൂളിലെത്താൻ റോഡരികിൽ ബസ്സുകാത്തു നിൽക്കുന്ന നാളത്തെ അദ്ധ്യാപകനേയും, പത്ര പ്രവർത്തകനേയും, ഡോക്ടറേയും, കളക്ടറേയുമൊക്കെ നമുക്ക് കാണാൻ കഴിയും. ഓരോ ബസ്സു വന്നു നിൽക്കുമ്പോഴും മുതിർന്നവർ കയറുന്നതിനിടക്ക് തിക്കിതിരക്കി കയറുമ്പോൾ എണ്ണമെടുത്ത് കയറ്റി ബാക്കിയുള്ളവരെ അവിടെ ഉപേക്ഷിച്ചുപോകുന്ന ബസ്സുകൾ. വരുന്ന വണ്ടിയും എണ്ണമെടുക്കും മൂന്നോ, അഞ്ചോ അതിൽ കൂടുതൽ കയറ്റില്ല. പിന്നീട് ചീറിപ്പാഞ്ഞ് വരുന്ന ഒരു ബസ്സും കുട്ടികൾ മാത്രം അവശേഷിക്കപ്പെടുന്ന സ്റ്റോപ്പുകളിൽ ബ്രേക്കിടാറില്ല. ഉന്തലിലും, തള്ളലിലും ബസ്സിൽ കയറിപ്പറ്റുന്നവർ ഒളിമ്പിക്സിന് മെഡൽ കിട്ടിയ സന്തോഷത്തിലാവും. പക്ഷേ കാലികളെ ആട്ടുന്ന രീതിയിൽ അങ്ങട് നിക്ക്, ഇങ്ങട് നിക്ക്, ബാഗ് ഒതുക്കിപ്പിടിക്ക് ഈവണ്ണമുള്ള ബസ്സ് ജീവനക്കാരുടെ ദേഷ്യ പ്രകടനങ്ങളും. മുകളിലെ കമ്പിയിൽ കയ്യെത്താതെ അടുത്തിരിക്കുന്ന യാത്രക്കാരന്റെ ദേഹത്തൊന്നു മുട്ടിയാൽ ശകാരം വേറെ. ഏറെ കഷ്ടം മുതിർന്നവരെല്ലാം ഈ പ്രകടനങ്ങൾ കണ്ട് ഞെളിഞ്ഞിരിക്കുകയല്ലാതെ കുട്ടികൾക്കു വേണ്ടി ശബ്ദമുയർത്താറില്ല. തന്റെ കുട്ടിയോ പേരക്കുട്ടിയോ ഇതുപോലെ ഏതെങ്കിലും ബസ്സിൽ കയറിയുമിറങ്ങിയും ഇതുപോലുള്ള അവസ്ഥകൾ തരണം ചെയ്യുന്നുണ്ടെന്ന് ചിന്തിക്കാതെ സ്വപ്നലോകത്തെ ബാലഭാസ്കരൻമാരായി ഏതോ ലോകത്തായിരിക്കും. ഇവയൊക്കെ തരണം ചെയ്ത് സ്കൂളിലെത്തിയാൽ വൈകിയെത്തിയതിനു ശകാരവും, ശിക്ഷയും വേറെ. ഊർജ്ജ്വസ്വലരായിരിക്കേണ്ട കുട്ടികൾ രാവിലെ തന്നെ കാറ്റുപോയ ബലൂൺ പോലെയാകും. ഇവിടെ അവരെന്തു തെറ്റു ചെയ്തു. ഇത്രയേറെ ദുരിതങ്ങൾ നൽകിയാണോ പുതുതലമുറയെ വാർത്തെടുക്കേണ്ടത്.

കുഞ്ഞുങ്ങളെ കാത്തിരിക്കുന്ന ഒരുകൂട്ടർ വേറെയുണ്ട്. പുഞ്ചിരിയിലൂടെയും, സൗഹൃദ സംഭാഷണത്തിലൂടെയും തങ്ങളിലേക്കടുപ്പിക്കാൻ അരയും തലയും മുറുക്കിയിരിക്കുന്നവർ ‘കച്ചവടക്കാർ’ അവരിലൂടെ എത്തുന്ന ലഹരിയുടെ സുഖം നുകരുന്നതിലേക്കായി കുഞ്ഞുങ്ങളെ ചൂണ്ടയിട്ട് പിടിക്കും. ഒരു കുട്ടിയെ കിട്ടിയാൽ അവനിലൂടെ അടുത്ത കുട്ടിയെ തരപ്പെടുത്തും. ഹാൻസ്, പാൻപരാഗ്, കഞ്ചാവ്, ബ്രൗൺ ഷുഗർ, ഹെറോയിൻ എന്നിവ കുട്ടികളിലേക്ക് എത്തപ്പെടുന്നു എന്നുള്ളത് അറിഞ്ഞിട്ടും പ്രതിരോധിക്കാൻ കഴിയുന്നില്ല എന്നത് ഒരു വലിയ സത്യമാണ്. കാൻസർ പോലുള്ള രോഗങ്ങൾക്ക് കഴിക്കുന്ന വേദന സംഹാരികൾ വാങ്ങാൻ മെഡിക്കൽ സ്റ്റോറുകളിൽ പോകേണ്ട ആവശ്യമില്ല. സ്കൂളുകൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ചെറുകടകളിൽ ലഹരിക്കായി ഇത് സുലഭമായി വിൽക്കപ്പെടുന്നുണ്ട്. കാശില്ലെങ്കിൽ കടം നൽകി ആദ്യമവരെ വശത്താക്കും. അവർ അതിനടിമപ്പെട്ടു കഴിയുമ്പോൾ കടം കൊടുക്കൽ നിർത്തും. ലഹരിക്കടിമകളായ കുട്ടികൾ അതി

നായി ഏതു വിധേനയും കാശുണ്ടാക്കാൻ ശ്രമിക്കും. പെൺകുട്ടികൾ വരെ മേൽപറഞ്ഞ ലഹരിമരുന്നുകൾക്ക് അടിമകളായി മാറുന്നുണ്ടെന്നത് ഞെട്ടിക്കുന്നൊരു സത്യമാണ്. ലഹരിയുടെ പിന്നിൽ നടക്കുന്ന ലൈംഗീകചൂഷണങ്ങളും നാം തിരിച്ചറിയാതെ പോകുന്നുണ്ട്. പ്രലോഭനങ്ങളിൽപ്പെട്ടു വഴി തെറ്റുന്ന ബാല്യങ്ങളെ ശ്രദ്ധിക്കാനോ അവർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകാനോ നാം തയ്യാറാകുന്നില്ല എന്നതാണ് സത്യം.

കാലം അഗ്നിയേക്കാൾ ചൂടുപിടിച്ചാണ് കടന്നുപോകുന്നത്. കാണുന്നതും, കേൾക്കുന്നതുമെല്ലാം ചുട്ടുപൊള്ളുന്ന വാർത്തകളാണ്. ശാസ്ത്രം വളർന്നപ്പോൾ, ഇന്റർനെറ്റ് നമുക്കിടയിൽ വിഹരിച്ചപ്പോൾ നേട്ടങ്ങളേക്കാളേറെ കോട്ടങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് പടികടന്നെത്തി. അച്ഛനും, അമ്മയും ജോലി തിരക്കും, മറ്റു തിരക്കുകളുമൊഴിഞ്ഞ് വീടെത്തുമ്പോൾ സ്കൂളിൽ പോയി വാടിത്തളർന്നുവരുന്ന മക്കൾക്കൊപ്പമിരുന്ന് അവരുടെ അന്നത്തെ ദിവസത്തെ കാര്യങ്ങൾ ചോദിച്ചറിയാനുള്ള മനസ്സ് എത്രപേർ കാട്ടുന്നുണ്ട്. അവരുടെ വായിൽ നിന്നു കുട്ടികളോടു പറയാൻ രണ്ടു വാക്കുകൾ മാത്രം പുറത്തുവരും. പഠിക്കൂ, ഭക്ഷണം കഴിക്കൂ. കിട്ടുന്ന സമയം ഫെയിസ്ബുക്കിലും വാട്സപ്പിലും മുഴുകുന്ന ഇന്നത്തെ അച്ഛനമ്മമാർ. അവരുടെ ബാല്യ അനുഭവങ്ങളും അവരുടെ അച്ഛനമ്മമാർ എങ്ങനെ പെരുമാറിയിരുന്നു എന്നതും ഇന്നുള്ള മക്കളിലും പ്രകടമാക്കാൻ ശ്രമിക്കുന്നില്ല. അച്ഛനും അമ്മയുമായുള്ള മാനസിക അടുപ്പം കുറയുംതോറും കുട്ടികൾ അപഥ സഞ്ചാരത്തിലേക്ക് കൂപ്പുകുത്തുന്നു. ബാല്യങ്ങൾ വഴി തെറ്റാതെ സുഗമമായ ജീവിത വഴിയിൽ സഞ്ചരിച്ചു മുന്നേറാൻ വീട്ടിൽ നിന്നും തന്നെ തുടങ്ങേണ്ടിയിരിക്കുന്നു.

മേൽ പറഞ്ഞതുപോലെ രാവിലേയും, വൈകുന്നേരങ്ങളിലും ഭാവിയുടെ വില്ലേജ് ഓഫീസറും, പോലീസും, വക്കീലുമൊക്കെ മഴയായാൽ പോലും നിർത്തിയിട്ട അവരവരുടെ റൂട്ടിലോടുന്ന ബസ്സുകളുടെ സ്റ്റെപ്പിനടുത്ത് വരിയായി നിൽക്കുന്നത് കാണാം. തമാശയായാലും നമ്മളെല്ലാവരും പറയാറുണ്ടല്ലോ മദ്യശാലയിലാണ് അച്ചടക്കവും ക്ഷമയുമുള്ള ക്യൂ കാണുന്നതെന്ന്. എങ്കിൽ ഈ ജൂൺ മാസം മുതലെങ്കിലും അത് തിരുത്തപ്പെടണം. അതിലും അച്ചടക്കമായ ക്യൂ ബസ്സ് കയറാൻ നിൽക്കുന്ന കുട്ടികളുള്ള ബസ്സ്റ്റാന്റുകളിലാണെന്നറിയണം' ക്യൂ നീളുമ്പോഴും ബസിനുള്ളിൽ ഒരീച്ച പോലുമുണ്ടാവില്ലെങ്കിലും ബസ്സെടുക്കും മുന്നെ ബസിൽ കയറാൻ കുട്ടികൾക്ക് അനുവാദമില്ല, ബസ്സെടുക്കാൻ സമയമായാൽ ഇരപ്പിച്ചൊരെടുക്കൽ. പറ്റുന്നവർ വെപ്രാളത്തിൽ ചാടിക്കയറും അല്ലാത്തവർ ജീവൻ ഭയന്ന് മാറി നിൽക്കും. നമ്മുടെ ദൈവത്തിന്റെ സ്വന്തം നാട്ടിൽ എത്ര തവണ ബസ്സിനടിയിൽപ്പെട്ട് കുരുന്നുകളുടെ ജീവൻ പൊലിഞ്ഞിട്ടുണ്ട്. അതിനെതിരെ സമത്വ കേരളത്തിലെത്ര സമരം നടന്നു, എത്ര പ്രതിഷേധം, ഹർത്താൽ ഒന്നുമില്ല കുട്ടികൾ വാക്കുകളിൽ പുകഴ്ത്തിക്കാട്ടാനും, പ്രവർത്തിയിൽ ചവിട്ടിത്തേക്കാനുമുള്ള ഒരുപകരണം മാത്രമായി മാറിയിരിക്കുന്നു.

പുനപ്പരിശോധിക്കേണ്ടതും ചർച്ച ചെയ്യേണ്ടതും, നിലവിൽ നടക്കുന്നതുപോലുള്ള വൃത്തിഹീനവും, നാറിയതുമായ വിഷയങ്ങളല്ല. മറിച്ച് നാളെയുടെ ഉന്നമനത്തിനായി ഊർജ്ജസ്വലമായി പ്രവർത്തിക്കേണ്ട കുട്ടികളിൽ നിന്നുമാണ് നാം ഓരോ ദിനവും ചിന്തിച്ചു തുടങ്ങേണ്ടത്. അതിന് അവർക്ക് കൃത്യമായ സംരക്ഷണം ഉറപ്പുവരുത്തണം.

പണം മാത്രമാണോ ജീവിതത്തിൽ പ്രധാനം. അല്ലെങ്കിൽ രാവിലത്തേയും, വൈകുന്നേരത്തേയും ഓട്ടം കൊണ്ടുമാത്രമാണോ ബസ്സ് മുതലാളിമാരും, ഗവൺമെന്റും സമ്പാദ്യം നില നിർത്തുന്നത്. കുട്ടികളോട് അവഗണന കാണിക്കുന്ന ബസ്സുകൾ നിരോധിക്കണം, KSRTC ബസ്സുകളിൽ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യാത്ര ചെയ്യാനും, കോളേജ് കുട്ടികൾക്ക് നിലവിലെ ചാർജ്ജിന്റെ നാലിലൊന്നായി നിജപ്പെടുത്താനും തയ്യാറാകണം.

പഠനത്തിലൂടെ മാത്രമല്ല ജീവിതവിജയം നേടാൻ കഴിയുക. കുടുംബ ബന്ധങ്ങളുടെയും, സുഹൃത്ബന്ധങ്ങളുടേയും, സാമൂഹിക ബന്ധങ്ങളുടേയും ആവശ്യകത വ്യക്തമാക്കിക്കൊടുക്കുകയും അതിനവസരങ്ങൾ നൽകുകയും വേണം. സമൂഹത്തിൽ അവരനുഭവിക്കുന്ന അവഗണനകളും, ഒറ്റപ്പെടുത്തലുകളും അവരുടെ മനസ്സിൽ അതുമായി പൊരുത്തപ്പെട്ടു പോകാനിടയാക്കുന്നു. തന്മൂലം അവരത് നാളെ അവർ വിഹരിക്കുന്ന മേഖലകളിലും, കുടുംബത്തിലും, സ്വജീവിതത്തിലും പ്രാവർത്തികമാക്കുന്ന രീതിയിലേക്ക് മാറപ്പെടും, അത് ഓരോ തലമുറകൾ കടന്നുവരുമ്പോഴും രൂക്ഷമായ രീതിയിൽ കൂടിക്കൊണ്ടിരിക്കും. കാലങ്ങൾ കഴിയുമ്പോൾ നന്മയും, സ്നേഹവും, ആത്മാർത്ഥതയുമില്ലാത്ത ഒരു നരകമായി മാറും ഈ ദൈവനാട്. നിറയെ സ്നേഹം കിട്ടുന്ന കുട്ടികൾക്ക് മറ്റുള്ളവരേയും സ്നേഹിക്കാനേ കഴിയൂ. അതുപോലെ അനുഭവങ്ങളിൽ അവർക്ക് ഏറെ കിട്ടുന്നതെന്തോ അതായിരിക്കും അവർ മറ്റുള്ളവർക്കായും പകർന്നു നൽകുക. അത് സ്നേഹമായാലും, ദേഷ്യമായാലും, പകയായാലും, അവഗണനയായാലും. രക്ഷിതാക്കൾ വീട്ടിൽ വാട്സാപ്പും, ഫെയിസ് ബുക്കും കുറച്ചൊഴിവാക്കൂ, ആ സമയം മക്കൾക്കായി ചിലവഴിക്കൂ, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കൂ. സമൂഹത്തിൽ സഞ്ചരിക്കുന്ന ഓരോ കുഞ്ഞും തന്റെ കുഞ്ഞാണെന്ന മനോവികാരത്തോടെ നോക്കി കാണൂ. അവർക്ക് നേരിന്റെ പാതയിലേക്ക് വെളിച്ചം പകരൂ. പഴമയെ അതുപോലെ പകർന്നുനൽകാൻ കഴിഞ്ഞില്ലെങ്കിലും അതിലെ നന്മകളെ കുറച്ചെങ്കിലും അവരിലേക്ക് പകർത്താൻ നമുക്ക് കഴിയും, കഴിയണം. നന്മയുള്ള, സ്നേഹമുള്ള, സുരക്ഷിതത്വമനുഭവിക്കുന്ന നല്ല വ്യക്തിത്വങ്ങൾ നാളേക്കായി വളർന്നുവരട്ടെ. നമുക്കതിനായി പ്രാർത്ഥിക്കുക മാത്രമല്ല യത്നിക്കാം, നടപ്പിലാക്കാം. •



തുളസി കേരളശ്ശേരിയുടെ
9526144499

## താദാത്മ്യം

എത്ര എഴുതിമാച്ചിട്ടും
വീണ്ടുമെഴുതിയിട്ടും
'ഞാൻ' 'നീ'യാവുന്നതിലെ
ഔചിത്യം ചിന്തനീയം !
'ഞാൻ' എന്നതിന്
അസ്തിത്വമില്ലാതല്ല,
'ഞാൻ' പെണ്ണായതുകൊണ്ടുമല്ല,
'ഞാൻ' എന്നെഴുതി
രണ്ടാവുന്നതിലും സുഖം
'നീ' എന്നെഴുതി
ഒന്നാവുന്നത് തന്നെയെന്ന്
കണ്ടെത്തിയത്
എന്റെ ഹൃദയതൂലികയല്ലാതെ
മറ്റാരുമല്ലല്ലോ...!

## കല്ല് പുഴയോട്

നിന്നോടൊത്തൊഴുകുക
എന്നാൽ നമ്മളൊന്നിച്ചുനീങ്ങുക
എന്നാണ് ഞാൻ ധരിച്ചത്.
എന്നാൽ... നീ നുരഞ്ഞ് പതഞ്ഞ്
കുത്തിയൊഴുകുമ്പോൾ,
അടിത്തട്ടിലൂടെ, തട്ടിയും തടഞ്ഞും,
ഉരസിയും ഉലഞ്ഞും,
തേഞ്ഞും മാഞ്ഞും,
അരികും മുക്കുമുടഞ്ഞ്,
നേർത്തുനേർത്ത്
ഇല്ലാതാവുകയായിരുന്നു ഞാൻ...!
അതേ...നിന്നോടൊത്ത് ഒഴുകുക
എന്നാൽ നിന്നിൽ ലയിച്ച്
അലിഞ്ഞലിഞ്ഞ് നീയാവുക
എന്നതാണല്ലേ... അർത്ഥം !?





# സുന്ദരവനത്തിൽ ഒരു ക്രിസ്തുമസ്



ഡോ സുനീത് മാത്യു
09486382600

**2018** ലെ ക്രിസ്തുമസ് അവധിക്കാലമാണ് ഞങ്ങൾ സുന്ദർബൻസ് എന്ന ലോകത്തിലെ ഏറ്റവും വലിയ കണ്ടൽ വനത്തിലെത്തിയത്. പതിനായിരം ചതുരശ്ര കിലോമീറ്റർ ആണ് ഇതിന്റെ വിസ്തീർണ്ണം. കേരളത്തിന്റെ വിസ്തീർണ്ണം നാൽപ്പതിനായിരത്തിൽ താഴെ ചതുരശ്ര കിലോമീറ്ററുകൾ മാത്രമാണെന്നുമോർക്കണം. എങ്കിൽ മാത്രമേ സുന്ദർബൻസിന്റെ വലുപ്പത്തെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുകയുള്ളൂ. ഈ കണ്ടൽക്കാടിന്റെ അറുപതു ശതമാനവും ബംഗ്ലാദേശിലാണുള്ളത്. നാൽപ്പതു ശതമാനത്തോളം മാത്രമേ ഇന്ത്യയുടെ ഭാഗമായുള്ളൂ. ഗംഗ, ബ്രഹ്മപുത്ര, മേഘ്ന എന്നീ നദികളുടെ അഴിമുഖം ബംഗാൾ ഉൾക്കടലിൽ വികസിച്ചുണ്ടായതാണ് സുന്ദർബൻസ്. ബംഗാളിലെ ഹൂഗ്ലി നദി മുതൽ ബംഗ്ലാദേശിലെ ബാലേശ്വർ നദി വരെ ഇത് വ്യാപിച്ചു കിടക്കുന്നു. ഈ കണ്ടൽ വനത്തിൽ ഏറ്റവും കൂടുതൽ കണ്ടു വരുന്നത് 'സുന്ദരി' എന്ന് പേരുള്ള ഒരിനം കണ്ടൽ ചെടികളാണ്. അതുകൊണ്ടാണ് ഇതിനു സുന്ദർബൻ എന്ന് പേര് വന്നത്. ബംഗാളിൽ 'വ' യ്ക്ക് 'ബ' എന്നാണല്ലോ ഉച്ചരിക്കുക. സുന്ദരി വനമാണ് സുന്ദർബൻ. ഈ പ്രദേശത്തിനുള്ളിൽ നാല് ദേശീയ വനങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. സുന്ദർബൻസ് ദേശീയോദ്യാനം, സുന്ദർബൻസ് പടിഞ്ഞാറ്, കിഴക്ക്, തെക്ക് എന്നിവയാണ് ആ നാലു ദേശീയോദ്യാനങ്ങൾ. ഇത് നാലും യുണെസ്കോയുടെ ലോക പൈതൃക പ്രദേശങ്ങളായി സംരക്ഷിക്കപ്പെടുന്നവയാണ്. കൊൽക്കത്തയിൽ നിന്നും ടൂർ ഡി സുന്ദർബൻസ് എന്ന യാത്രാക്കമ്പനി വഴിയായിരുന്നു ഞങ്ങൾ ഈ

ജലവനത്തിലേക്കു യാത്ര പുറപ്പെട്ടത്. ഞങ്ങൾ എന്നാൽ ഞാനും ഭാര്യയും മകളും. മറ്റു ഇരുപത്തൊന്നു പേരും ഒരു ഗൈഡും രണ്ടു ദിവസത്തെ ഈ യാത്രയിൽ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. ടൂർ കമ്പനിയുടെ ബസ്സിൽ കാനിങ്ങിലെ ഗോസാബാ എന്ന സ്ഥലത്തേക്കും അവിടെ നിന്നും അവരുടെ രണ്ടു ബോട്ടു കളിലായും ആയിരുന്നു ഞങ്ങളുടെ യാത്ര. സുന്ദർബൻസിലെ ഞങ്ങളുടെ കമ്പനി വക റിസോട്ടിലെത്തുവാൻ നാല് മണിക്കൂറിലേറെ സമയമെടുത്തു. ഗോസാബയിൽ നിന്നും റിസോർട്ട് വരെയുള്ള ബോട്ടു യാത്ര തന്നെ അതിമനോഹരമായിരുന്നു. കൂട്ടിനു ശീതകാലക്കുളിരും. മിക്കവരും കമ്പിളിയുടുപ്പുകളെ ആശ്രയിക്കുന്നുണ്ടായിരുന്നു. അധികം ആർഭാടങ്ങളില്ലാത്ത മനോഹരമായ ഒരു റിസോർട്ട് ആയിരുന്നു ഇവരുടേത്. പുല്ലുമേഞ്ഞ കുടിലുകൾ. സൗരോർജ്ജമാണ് ഇവിടെ ഉപയോഗിക്കുന്നത്. ബംഗാൾ പൈതൃക രീതിയിലാണത്രേ ഈ റിസോട്ടിന്റെ രൂപ കൽപ്പനയും ഭക്ഷണ രീതികളും. ഒരു വലിയ ഏരിയയുണ്ട് റിസോട്ടിന്. തടിയും, പുല്ലും, മണ്ണും മാത്രം ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ മാത്രം. വൈകുന്നേരങ്ങളിൽ അവരുടെ പാരമ്പര്യ നൃത്തസംഗീത പരിപാടികളും മറ്റു കലാപരിപാടികളുമായി താമസം ആസ്വാദ്യകരമാക്കുന്നു. അവിടെയെത്തിയ സമയം മുതൽ പുറപ്പെടുന്ന സമയം വരെ, എല്ലാ നിമിഷവും രസകരമാക്കുവാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്ന് പറയുവാതിരിക്കുവാൻ കഴിയുകയില്ല. രണ്ടാമത്തെ ദിവസം സുന്ദർബൻ നാഷണൽ പാർക്ക് സന്ദർശനമായിരുന്നു. അതിനായി വനം വകുപ്പിന്റെ അനുവാദം ആവശ്യമാണ്. പ്രവേശന ടിക്കറ്റുമുണ്ട്. അതെല്ലാം പാക്കേജിൽ ഉൾപ്പെട്ടതായിരുന്നു. സുന്ദർബൻസ് സന്ദർശനത്തിന് ഇത്തരം ടൂർ കമ്പനികളുടെ കൂടെ പോകുന്നവർ അധികം പണമോ കാർഡുകളോ കൈവശം വയ്ക്കേണ്ടതില്ല. എല്ലാം ഉൾപ്പെട്ടതാണ് പാക്കേജ്. വാങ്ങുവാനും അധികമൊന്നും ഇവിടെ ഉണ്ടാകാറുമില്ല. ലോകത്തിലെ തന്നെ ഏറ്റവും ക്രൗര്യമുള്ള കടു വകൾ ഇവിടെയാണുള്ളത്. റോയൽ ബംഗാൾ കടുവകൾ എന്നാണിവ അറിയപ്പെടുക. ഇന്ന് ജീവിക്കുന്നവയിൽ ഏറ്റവും വലിയ കടുവകളും ഇവ തന്നെ. ഇന്ത്യയുടെ ദേശീയ മൃഗം എന്ന നിലയിൽ ഇവ പണ്ടേ പ്രശസ്തമാണല്ലോ. മഞ്ഞയോ ഓറഞ്ചോ നിറത്തിൽ കറുപ്പോ ബ്രൗണോ നിറത്തിലുള്ള വരകൾ ആയിരിക്കും ഇവയ്ക്ക്. ഇവയുടെ വരകളുടെ പാറ്റേൺ ഓരോ കടുവകളിലും വ്യത്യസ്തമായിരിക്കുമത്രേ. പത്തു വർഷം മുൻപ് അഞ്ഞൂറോളമുണ്ടായിരുന്ന കടുവകളുടെ എണ്ണം ഇപ്പോൾ നൂറായി ചുരുങ്ങിയിരിക്കുന്നു. ഇവയുടെ ആക്രമണത്തിൽ മരിക്കുന്ന മനുഷ്യരുടെ എണ്ണവും ഭീമമാണ്. തേൻ ശേഖരിക്കുവാൻ പോകുന്നവരാണ് കടുവകളുടെ ആക്രമണത്തിന് കൂടുതലായും ഇരകളാകുന്നത്. കടുവകൾ ഒരിക്കലും മുന്നിൽനിന്നും ആക്രമിക്കില്ല എന്ന് പറയപ്പെടുന്നു. ഇരയെ മണിക്കൂറുകളോളം പിന്തുടരുന്ന ഇവർ പിന്നിൽ നിന്നായിരിക്കും ആക്രമിക്കുക. ഇത്തരം ആക്രമണങ്ങളെ തടയുവാൻ വനം വകുപ്പ് ഒരു പരീക്ഷണം നടത്തുകയുണ്ടായി. തലയുടെ പുറകിൽ ഒരു മുഖമുള്ള മാസ്ക് ധരിക്കുക എന്നതായിരുന്നു അത്. കടുവയെ തെറ്റിദ്ധരിപ്പിക്കുക എന്ന ലക്ഷ്യം വളരെ കുറച്ചു ദിവസങ്ങൾ ഫലം കാണുകയുമുണ്ടായി. പിന്നീട് കടുവകൾ ഇത് തിരിച്ചറിയുവാനും തുടങ്ങി. കണ്ണുകളുടെ ചലനമില്ലായ്മയായിരിക്കും മണിക്കൂറുകളോളം പിന്തുടരുന്ന ഇവയെ ഇതിന് സഹായിച്ചിരിക്കുക. കടുവകളെ കാണുക എന്നത് ഇപ്പോൾ അപൂർവ്വമായി മാറിയിരിക്കുന്നു.

ഇത്ര വലിയ വനത്തിൽ ആകെയുള്ളത് നൂറിൽ താഴെ മാത്രമാണല്ലോ. ഉപ്പു വെള്ളം കുടിച്ചു വളരുന്ന കടുവകൾ ലോകത്ത് മറ്റൊരിടത്തുമില്ല. കടുവകളെ ആകർഷിക്കുന്നതിനും വിനോദ സഞ്ചാരികൾക്കു കാണുന്നതിനായി ഈ ദേശീയോദ്യാനത്തിന്റെ നിരീക്ഷണ ഗോപുരങ്ങൾക്കു താഴെയായി ചില ശുദ്ധജല സംഭരണികൾ നിർമ്മിക്കുകയുണ്ടായി. ഇത് കുടിക്കുവാൻ കടുവകളെത്തും എന്നതായിരുന്നു പ്രതീക്ഷ. എങ്കിലും ഈ പദ്ധതി ഇന്നും പൂർണ്ണമായി വിജയം കണ്ടിട്ടില്ല. കടുവകൾ ഉപ്പു വെള്ളം തന്നെ കുടിക്കുന്നു. കടുവകൾക്കുപോലും അപകടകാരികളായ മുതലകളാണ് ഇവിടത്തെ മറ്റൊരാകർഷണം. ഇവയും ഉപ്പുവെള്ളത്തിൽ ജീവിക്കുന്നവ തന്നെ. ഇരുപത്തടിയോളം നീളമുള്ള ധാരാളം മുതലകളെ ഞങ്ങളിവിടെ കാണുകയുണ്ടായി. ഭക്ഷണം തേടി ഒരു ദ്വീപിൽ നിന്നും മറ്റൊന്നിലേക്കു നീന്തുന്ന കടുവകളെ വെള്ളത്തിലേക്ക് വലിച്ചു താഴ്ത്തി കൊല്ലുന്ന ഭീകരരാണ് ഇവർ. ഏറ്റവും അപകടകാരികളായ മുതലകളുടെ പട്ടികയിലാണിവരുള്ളത്. മീനുകളാണ് ഇവയ്ക്കു ലഭിക്കുന്ന പ്രധാന ആഹാരമെങ്കിലും കുരങ്ങുകളെയും ഗ്രാമങ്ങളിലെ പശു, ആട്, പോത്ത് തുടങ്ങി ഒത്തു കിട്ടിയാൽ ഗ്രാമവാസികളെ പോലും ആഹാരമാക്കാറുണ്ട് ഈ കൂറ്റൻ മുതലകൾ. മുണ്ട എന്നറിയപ്പെടുന്ന ആദിവാസി സമൂഹമാണ് ജനവാസയോഗ്യമായ ദ്വീപുകളിൽ വസിക്കുന്നത്. മീൻ പിടുത്തം, കൃഷി, കുട്ടനെയ്ത്ത്, തേൻ, തടി, വിറക് മുതലായവയുടെ ശേഖരണം എന്നിവയാണ് ഇവരുടെ മുഖ്യ ജീവിതോപാധി. അടുത്തകാലം വരെയും കടുത്ത ദാരിദ്ര്യത്തിലായിരുന്ന ഇവർക്ക് പുതിയ സർക്കാരിന്റെ ഈ മേഖലയിലെ വിനോദ സഞ്ചാര നയങ്ങൾ കുറച്ചു പ്രതീക്ഷകൾ നൽകുന്നുണ്ട്. ഞങ്ങൾക്ക് സുന്ദർബൻസ് പകർന്നുതന്നത് ഒരു പ്രത്യേക അനുഭവമായിരുന്നു. മൊബൈൽ ഫോണുകളുടെയും ഇന്റർനെറ്റിന്റെയും കൂട്ടില്ലാത്ത രണ്ടു ദിവസങ്ങൾ. പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന്, ശുദ്ധവായു ശ്വസിച്ച്, മായമില്ലാത്ത ഭക്ഷണവും കഴിച്ച് മറ്റേതോ ലോകത്തിലെന്നപോലെ രണ്ടു ദിവസങ്ങൾ. വിദേശികളും സ്വദേശികളുമായ സുഹൃത്തുക്കൾക്കൊപ്പം വ്യത്യസ്തമായൊരു ക്രിസ്തുമസ്. ക്രിസ്തുമസ് ആഘോഷമാക്കി മാറ്റാൻ റിസോട്ടു ജീവനക്കാരും. ●

# പ്രകാശം പരത്തുന്ന സ്ത്രീകൾ



എം. എൽ. ശ്യാമള
8301045039

**സ**ർവ്വ സംഗ പരിത്യാഗിയായ ലോകമാതാവാണ് അമ്മ (സ്ത്രീ). അവരില്ലെങ്കിൽ ഈ ഭൂലോകം ശൂന്യം. സംശയമില്ല ! ത്രേതാ യുഗത്തിലും ദ്വാപര യുഗത്തിലുമുള്ള പുരാണ സ്ത്രീ കഥാപാത്രങ്ങളെ നമുക്ക് ഒഴിവാക്കാം. 19ാം നൂറ്റാണ്ടിന്റെ 3-ാം ദശകം മുതലുള്ള നമ്മുടെ സ്ത്രീകളുടെ പ്രവർത്തന പുരോഗതി നമുക്ക് പരിശോധിക്കാം.

ഇന്ത്യൻ ഭരണഘടനയിലെ വനിതാ ശില്പികളും വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ധീരകളുമായ അംഗങ്ങളാണ് 299 അംഗങ്ങളിൽ നിന്നുള്ള 15 വനിതകൾ. ഭരണഘടനാ നിർമ്മാണസഭയിലെ ലോകത്തിലെ തന്നെ ആദ്യരാജ്യം ഇന്ത്യ തന്നെയായിരുന്നു. എന്നാൽ സ്ത്രീ മുന്നേറ്റത്തിനുവേണ്ടി പെരുമ്പറ മുഴക്കി നടക്കുന്ന ഇന്നത്തെ സ്ത്രീ പോരാളികൾക്ക് ഇവർ ആരായിരുന്നു എന്നുപോലും അറിയില്ല. ആരും ഇതിലെ ഒരു പേരുപോലും പരാമർശിച്ചുകണ്ടിട്ടില്ല.

1. **ആനി മസ്ക്രീൻ**, തിരുവനന്തപുരം - കേരളത്തിൽ നിന്നുള്ള ആദ്യ വനിതാ എം. പി. സർ. സി. പി. രാമസ്വാമി അയ്യരുടെ ഭരണത്തിനെതിരെ ശക്തമായ പ്രക്ഷോഭം നയിച്ചവർ.
2. **ദാക്ഷായണീ വേലായുധൻ** - പാലക്കാട്ടുനിന്ന് ദളിത് (പറയാൻ പാടില്ല) വെറും 34 വയസ്സ്. കൊച്ചിയിൽ നിന്നുള്ള എം. പി.
3. **മാലിനി ചൗധരി**, ഒറീസ്സയിൽ നിന്ന് എം. പി. - സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി വളരെയധികം സമരം നയിച്ചിരുന്നു ഇവർ.
4. **രാജ്കുമാരി അമൃത്കൗർ** - ഇന്ത്യയിലെ ആദ്യത്തെ ആരോഗ്യ വിദ്യാഭ്യാസ മന്ത്രി.
5. **അമ്മു സ്വാമിനാഥൻ** - പാലക്കാട് അന്നത്തെ മദ്രാസ് എം. എൽ. എ., എം. പി. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകയുമായിരുന്നു.
6. **ബീഗം ഐസാസ് റസൂൽ** - യു. പി.യിൽ നിന്ന് ഏക മുസ്ലിം അംഗം എം. പി.
7. **ദുർഗ്ഗാബായ് ദേശ്മുഖ്** - ഭരണഘടന അദ്ധ്യക്ഷ പാനലിലെ വനിതാ അംഗം എം. പി.
8. **സുചേതാ കൃപലാനി** - യു. പി. യിലെ ആദ്യ മുഖ്യമന്ത്രി. സാരാ ജഹാം സെ അച്ചാ പാർലമെന്റിൽ പാടിയ ധീര വനിത.
9. **കമലാ ചൗധരി** - ലക്നൗവിൽ നിന്നുള്ള എം. പി.
10. **ലീല റോയ്** - രാജ്യ സഭാംഗവും ഫോർവേഡ് ബ്ലോക്കിന്റെ ആദ്യ അദ്ധ്യക്ഷയുമായിരുന്നു.
11. **പൂർണ്ണിമാ ബാനർജി** - ബംഗാളിൽ നിന്ന് എം. എൽ. എ. ട്രേഡ് യൂണിയൻ നേതാവ്.
12. **രേണുകാ റേ** - സ്വാതന്ത്ര്യ സമര സേനാനി. ഓൾ ഇന്ത്യാ വിമൺസ് കോൺഫറൻസ് അദ്ധ്യക്ഷ.
13. **സരോജിനി നായിഡു** - കവയിത്രി, സ്വാതന്ത്ര്യസമര സേനാനി. വർഷങ്ങളോളം ജയിൽ ശിക്ഷ അനുഭവിച്ചു.
14. **വിജയലക്ഷ്മി പണ്ഡിറ്റ്** - നെഹ്റുവിന്റെ സഹോദരി ക്യാബിനറ്റ് പദവിയിലിരുന്ന ആദ്യ വനിത. ഐക്യ രാഷ്ട്ര സഭയിലെ ആദ്യ വനിതാ അദ്ധ്യക്ഷ, എം. പി.
15. **ഹൻസ മെഹ്ത** - ബോംബെയിൽ നിന്ന് ബറോഡ സർവ്വകലാശാലയുടെ വൈസ് ചാൻസലർ, ഐക്യ രാഷ്ട്ര സഭയുടെ അംഗം, യുനെസ്കോയുടെ അംഗം എന്നീ നിലകളിൽ സ്തുത്യർഹസേവനം നടത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ സ്ത്രീകളെല്ലാം തന്നെ ബാല്യവിവാഹം, സ്ത്രീകളോടുള്ള വിവേചനത്തിനെതിരായുള്ള തുല്യ നീതി, തുല്യ അവകാശം എന്നിവയെല്ലാം ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അഹോരാത്രം പ്രവർത്തിച്ചവരായിരുന്നു. ഇവരെല്ലാം തന്നെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുൻപ് മുതൽ വളരെയധികം പ്രവർത്തനം നടത്തിയവരാണ്. കേരളത്തിൽ നിന്നുള്ള അക്കാമ്മ ചെറിയാൻ, ക്യാപ്റ്റൻ ലക്ഷ്മി അതുപോലെ ഇനിയും വളരെയധികം പേർ ഉത്തരേന്ത്യയിൽ നിന്നും ഉണ്ടായിട്ടുണ്ട്. എല്ലാരേയും ഞാൻ പേരെടുത്ത് പ്രതിപാദിക്കുന്നില്ല. നമുക്ക് ആകാശയാത്രയിൽ നിന്ന് ആരംഭിയ്ക്കാം.

ഇന്ത്യയിലെ ആദ്യത്തെ ബഹിരാകാശ യാത്രയുടെ ആരംഭം കുറിച്ചത് ഗുജറാത്തിലെ സമ്പന്ന കുടുംബാംഗമായിരുന്ന ശ്രീ. അംബലാൽ വിക്രം സാരാഭായിയിൽ നിന്നാണ്. ഇന്ത്യയിൽ ബഹിരാകാശത്തിന്റെ പിതാവ് എന്നറിയപ്പെട്ടിരുന്ന അദ്ദേഹമായിരുന്ന ആദ്യത്തെ ഐ. എസ്. ആർ. ഒ. ചെയർമാനായി നമ്മുടെ ആകാശയാത്ര 'ചന്ദ്രയാൻ 2ൽ' ആരംഭിച്ചത്. അന്ന് അദ്ദേഹത്തിന്റെ ശാസ്ത്രജ്ഞ സംഘത്തിൽ 2 സ്ത്രീകളെ അമരക്കാരായി ഉൾപ്പെടുത്തിയിരുന്നു. ചന്ദ്രയാൻ 2ൽ പ്രൊജക്ട് ഡയറക്ടറായി 'എം. അനിത'യും മിഷൻ ഡയറക്ടറായി 'റിതു കരിദൽ' എന്നിവർ.

സ്ത്രീകൾ വഹിക്കുന്ന ആദ്യ ഇന്റർ പ്ലാനിറ്ററി ദൗത്യം എന്ന ഖ്യാതിയും അന്ന് വനിതാ ലോകത്തിന് കിട്ടിയിരുന്നു. ISRO ഈ ജോലി ചെയ്യാൻ ഏറ്റവും പ്രാപ്തരായവർ അവരായിരുന്നു എന്ന് സാരാഭായിയും സംഘവും കണ്ടെത്തിയിരുന്നു. 1963 നവംബർ 21ാം തിയതി അന്നത്തെ കേന്ദ്ര മന്ത്രിയായിരുന്ന ശ്രീമതി. ലക്ഷ്മി എൻ. മേനോൻ ആയിരുന്നു. അമേരിക്കൻ നിർമ്മിതയായ 'നികേത അപേഷേ' എന്ന ചന്ദ്ര

യാൻ 2 റോക്കറ്റ് തുമ്പയിൽ നിന്ന് വിക്ഷേപിക്കപ്പെട്ടത്. കൂടാതെ ചന്ദ്രയാൻ ബഹിരാകാശ യാത്രയിൽ യുവതികളായ കരുത്തുറ്റ രണ്ട് വനിതകൾ രണ്ടു തവണയായി ബഹിരാകാശത്ത് എത്തിയിരുന്നു. കല്പനാ ചൗള 31 ദിവസവും ഇന്ത്യൻ വംശജയായ സുനിതാ വില്യംസ് അമേരിക്കക്കാരി 363 ദിവസം ബഹിരാകാശത്ത് താമസിക്കുകയും അവർ 7 പ്രാവശ്യം ബഹിരാകാശത്ത് നടക്കുകയും ഉണ്ടായി.

ഇനി നമ്മുടെ ഭരണരംഗത്തുണ്ടായിരുന്നതും നിലവിലുള്ളവരുമായിട്ടുള്ള സ്ത്രീ സാന്നിദ്ധ്യം ഒന്നു മനസ്സിലാക്കാം. ശ്രീമതിമാർ കെ. ആർ. ഗൗരിയമ്മ, ഇന്ദിരാ ഗാന്ധി, പ്രതിഭാ പാട്ടീൽ, സിരിമാവോ ബണ്ഡാരനായകേ, ചന്ദ്രികാ കുമാരതുംഗ, ഷീലാ ദീക്ഷിത്, മീരാ കുമാർ, ജയലളിത, സുഷമാ സ്വരാജ്, മമതാ ബാനർജി, സുമിത്രാ മഹാജൻ, ഷേഖ് ഹസീന, നിർമ്മലാ സീതാരാമൻ, കേരളത്തിലെ കരുത്തുറ്റ രണ്ട് വനിതാ മന്ത്രിമാർ കെ. കെ. ശൈലജ, മേഴ്സിക്കുട്ടി അമ്മ എന്നിവർ. അഭിപ്രായവ്യത്യാസങ്ങളുണ്ടാവാം. എന്നാൽ മേൽ പറഞ്ഞിട്ടുള്ള ഭരണകർത്താക്കൾ ഒട്ടും മോശമല്ലാത്ത തരത്തിൽ ഭരണം നടത്തിയവർ തന്നെ ആയിരുന്നു. കൂടാതെ എം. പി. മാർ, എം. എൽ. എ. മാർ, മേയർമാർ, കൗൺസിലർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങി പഞ്ചായത്തുമെമ്പർമാർ വരെ അവരവരുടെ കർത്തവ്യം ഒട്ടും മോശമല്ലാത്ത തരത്തിൽ നിർവ്വഹിക്കുന്നുണ്ട്. ഇന്ത്യയിൽ 14ാം മന്ത്രിസഭവരെ എത്രയോ വിദേശകാര്യ മന്ത്രിമാർ ഉണ്ടായിരുന്നു. സുഷമാ സ്വരാജിനെ പോലെ കഴിവുറ്റ ഒരു മന്ത്രി ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. ലോകരാഷ്ട്രങ്ങളുടെ വളരെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ അവർക്ക് സാധിച്ചു എന്നതാണ് വാസ്തവം.

അതിനുസമമായി 1940- കളിൽ കൊച്ചി നഗരം അന്ന് ഇത്ര പുരോഗമിച്ചിട്ടില്ല. അന്ന് ഏതാണ്ട് 2000-ത്തിനടുത്ത് അംഗങ്ങളുള്ള ഒരു ജാഥ നടത്തി. പോലീസ് അതിന്റെ നേതൃനിരയിലുള്ളവരെ മുഴുവൻ തല്ലിച്ചതച്ചു. കൂട്ടത്തിൽ 22 വയസ്സോളം പ്രായം വരുന്ന എൽ. എൽ. ബി.യ്ക്ക് പഠിക്കുന്ന ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു. അതിനേയും തല്ലിച്ചതച്ചു. പിൽക്കാലത്ത് അവർ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി പോലീസിന്റെ ലാത്തിക്ക് ഉല്പാദന ശേഷി ഉണ്ടായിരുന്നുവെങ്കിൽ ഞാൻ നൂറുകണക്കിന് കുട്ടികളെ പ്രസവിയ്ക്കുമായിരുന്നെന്ന് ! ആ ഭീകരത നമുക്കൂഹിക്കാമല്ലോ. 1957 ലെ കേരള ആദ്യ മന്ത്രിസഭയിൽ അവർ മാത്രമായിരുന്നു ഒരു വനിതാ മന്ത്രി. 1967-ലെ ഐതിഹാസികമായി ഭൂനിയമം നടപ്പിലാക്കിയതും ഈ വനിതാമന്ത്രിയായിരുന്നു. അത് മറ്റാരുമായിരുന്നില്ല 102 വയസ്സിൽ എത്തിനില്ക്കുന്ന കേരളത്തിന്റെ കെ. ആർ. ഗൗരിയമ്മയായിരുന്നു അത്. 1987-ൽ തിരഞ്ഞെടുപ്പിൽ ശിഖണ്ഡിയുടെ പരിവേഷം ചാർത്തി അവർ ഗൗരിയമ്മയെ മുഖ്യമന്ത്രിയാക്കി പൊതുജനങ്ങളോട് പ്രചരണം നടത്തി. വൻ ഭൂരിപക്ഷത്തോടെ അന്ന് ആ പാർട്ടി ജയിച്ചു കഴിഞ്ഞപ്പോൾ പ്രസ്ഥാനത്തിന്റെ തലപ്പത്തുള്ളവർ ഭരണചക്രം തിരിച്ചവർ തന്നെ സരസനും, ചതുരനുമായ ഒരു മുഖ്യനെ തിരഞ്ഞെടുക്കുകയും ശ്രീമതി. ഗൗരിയമ്മയെ തഴയുകയും ചെയ്തു. ഭരണരംഗത്തേയ്ക്ക് വരുന്ന സ്ത്രീകളെ പുറകോട്ടടിയ്ക്കാൻ രാഷ്ട്രീയ രംഗത്തുള്ളവർ തന്നെ മുൻകൈ എടുക്കുന്നുണ്ട്. കാരണം സ്ത്രീകൾ വന്നാൽ അവരുടെ സ്വാതന്ത്ര്യവും സമൂഹത്തിലുള്ള മാന്യതയും നഷ്ടപ്പെടും എന്നതാണ്. സ്ത്രീ എന്നും അമ്മ, സഹോദരി, ഭാര്യ, ഭാരം വഹിക്കേണ്ടവളും ഭരിക്കപ്പെടേണ്ടവളുമാണ് ഭരിക്കേണ്ടവളല്ല എന്ന ഒരു നല്ല ചിന്താഗതി ബുദ്ധിമാൻമാരും ശുദ്ധന്മാരുമായിട്ടുള്ളവരുടെ ഉള്ളിൽ കടന്നുകൂടിയിട്ടുണ്ട്.

സാഹിത്യരംഗത്ത് വളരെ കഴിവുറ്റവർ ധാരാളം പേരുണ്ട്. സർവ്വശ്രീ. ബാലാമണിയമ്മ, ശ്രീമതി. ലളിതാബായ് അന്തർജ്ജനം, ശ്രീമതി. മാധവിക്കുട്ടി, ശ്രീമതി. സുഗതകുമാരി, ശ്രീമതി. സാറാ ജോസഫ്, ശ്രീമതി. എം. ലീലാവതി, ശ്രീമതി. അരുന്ധതി റോയ്, ശ്രീമതി. മൃദുല, ശ്രീമതി. മീര, ഭാഗീരഥി അമ്മ, ശ്രീമതി. ബി. പഞ്ചിയമ്മ, ശ്രീമതി. പെണ്ണമ്മ ഭായി എന്നിവർ. ശ്രീമതി. ലളിതാബായി അന്തർജ്ജനത്തിന്റെ ചെറുകഥകളും ലേഖനങ്ങളും എഴുത്തുകാർക്കൊരുത്തേജനമായിട്ടുണ്ട്. എന്നാൽ പ്രഗത്ഭരായ ചില സാഹിത്യ ഭക്തന്മാർ ഇവരെ പെണ്ണെഴുത്ത് എന്ന നിലയിൽ അവഹേളിക്കുന്നതും നമുക്ക് മനസ്സിലാക്കാം.

ഇതിൽ നിന്ന് വ്യത്യസ്തത പുലർത്തുന്നവരും ബഹുമാന്യരുമായ സർവ്വശ്രീ. കെ. പി. കേശവമേനോൻ, ശ്രീ. എൻ. വി. കൃഷ്ണവാര്യർ, ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ, ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. പി. എസ്. വാര്യർ, ശ്രീ. ടി. പത്മനാഭൻ, ശ്രീ. ഏഴാച്ചേരി രാമചന്ദ്രൻ തുടങ്ങി പലരും സ്ത്രീകളെ അർഹിക്കുന്ന തരത്തിൽ ബഹുമാന്യരായി കാണുന്നു എന്നത് നമുക്ക് അഭിമാനിക്കാം.

ഏതാണ്ട് 140 വർഷങ്ങൾക്കുമുൻപ് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്നതിനും അതുവഴി സ്ത്രീകൾ പുരോഗതി കൈവരിക്കുന്നതിനുമായി സംസ്കാരസമ്പന്നനും ധനാഢ്യനുമായ തലശ്ശേരിയിലെ ഒരു മോയൻ കുഞ്ഞുരാമൻ അശ്രാന്ത പരിശ്രമം നടത്തിയിരുന്നു. അന്നത്തെ മദ്രാസ്സിന്റെ കീഴിലുള്ള മലബാർ സംസ്ഥാനമായതിൽ ഉൾപ്പെട്ടിട്ടുള്ള പാലക്കാട് അന്നത്തെ കലക്ടർ ഗോപാലകൃഷ്ണൻ സാറിന്റേയും ശ്രീ. മോയൻ കുഞ്ഞിരാമന്റേയും ശ്രമകരമായ പ്രവർത്തനഫലമായാണ് കേരളത്തിന്റെ ഒന്നാം സ്ഥാനത്തുനില്ക്കുന്നതും ഏറ്റവും അധികം പെൺകുട്ടികൾ പഠിക്കുന്നതുമായ പാലക്കാടിന്റെ മാത്രം സ്വന്തമായ മോയൻ സ്കൂൾ എന്ന ഗവൺമെന്റ് വിദ്യാലയം !!

സൗദി അറേബ്യയിലായിരുന്നു സ്ത്രീകളെ പുറകോട്ടടിച്ചതിൽ മുൻപന്തിയിൽ നിന്നത്. എന്നാൽ ഇപ്പോൾ പുതിയ രാജാവ് ഭരണം ഏറ്റെടുത്തപ്പോൾ സ്ത്രീകൾക്ക് വേണ്ടത്ര സ്വാതന്ത്ര്യം പുറത്തുപോകാനും പൊതുഭക്ഷണശാലയിൽ ഭക്ഷണം കഴിക്കാനും മറ്റു രാജ്യങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്യുന്നതിന്

ഡ്രൈവിംഗ് ലൈസൻസ് വരെ കൊടുക്കുന്നുണ്ട്.

നാവിക രംഗത്ത് വളരെ കുറച്ച് സ്ത്രീ സാന്നിദ്ധ്യമേ നമ്മുടെ രാജ്യത്തുണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ മുസാഫീർകാരിയായ ഒരു പെൺകുട്ടി 'ശിവാംഗ്' ലഫ്റ്റനന്റ് ക്യാപ്റ്റൻ എന്ന സ്ഥാനം കൈയ്യടക്കി. അതിസമർത്ഥരായ എയർ പൈലറ്റുമാരായും വനിതകൾ തിളങ്ങുന്നുണ്ട്. അതുപോലെ ലോകത്ത് ഏറ്റവും ചെറിയ പ്രായത്തിൽ 34 വയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടി 'സിനാ മറീൻ' ഫിൻലാന്റ് പ്രധാനമന്ത്രിയും 35 വയസ്സിനും 30 വയസ്സിനുമിടയിലുള്ള 4 മന്ത്രിമാരും (പെൺകുട്ടികൾ) സത്യപ്രതിജ്ഞ ചെയ്തിരുന്നു.

നമ്മുടെ ജുഡീഷ്യറി രംഗത്ത് ബാർ കൗൺസിൽ മുതൽ സുപ്രീം കോർട്ടുവരെ പ്രഗത്ഭമതികളായ വനിതാ ജഡ്ജിമാരും നല്ല നിലയിൽ സേവനം ചെയ്യുന്നുണ്ട്. ഒന്നിനൊന്ന് മെച്ചമായിട്ടാണ് അവർ പ്രവർത്തിക്കുന്നത്. നമ്മുടെ പോലീസ് സേനയിലും വനിതകളുണ്ട്. അവരുടെ സേവനം സ്തുത്യർഹമാണ്. ബഹുമാന്യരായ ശ്രീമതിമാർ സന്ധ്യ, ശ്രീലേഖ, നളിനി തുടങ്ങി വളരെ പേർ.

സ്ത്രീകളും കുട്ടികളും ഇന്ന് ജീവിക്കുന്നത് അടിന്തിരാവസ്ഥയ്ക്ക് സമാനമായ സാഹചര്യത്തിലാണ്. കുട്ടികളുള്ള സ്ത്രീകളെ തൊഴിൽ മേഖലയിൽ നിന്ന് പിന്തിരിപ്പിക്കുകയും, മാറ്റി നിറുത്തുകയും ചെയ്യുന്നത് മുതലാളിത്തത്തിന്റേയും പുരുഷമേധാവിത്വത്തിന്റേയും പ്രകടിതമായ രൂപമാണ്. സ്ത്രീകൾ കുടുംബത്തിനുവേണ്ടി ചെയ്യുന്ന വേതനമില്ലാത്ത അദ്ധ്വാനം സ്ത്രീകളുടെ അസമത്വത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്.

സ്ത്രീയും പുരുഷനും തുല്യമായി പ്രവർത്തിച്ചാൽ മാത്രമേ ഒരു രാഷ്ട്ര പുരോഗതി ഉണ്ടാവു. പുരുഷന്മാർ മാത്രമായി ഒരിടത്തും പുരോഗതി ഉണ്ടാക്കിയതായി നമുക്ക് പറയാൻ കഴിയില്ല. എടുത്തു പറയത്തക്ക നിരവധി ഉദാഹരണങ്ങൾ തന്നെയുണ്ട്. ശ്രീമതി. ഗീതാ ഗോപിനാഥ് ഐ. എം. എഫ്. ചീഫ് എക്കണോമിസ്റ്റ് എന്ന നിലയിൽ സേവനം ചെയ്യുന്നത്, ധനതത്ത്വ ശാസ്ത്രജ്ഞന്മാരായ നിരവധി പുരുഷന്മാർ ഉണ്ടല്ലോ. പല ബാങ്കിംഗ് മേഖലയുടെ തലപ്പത്തും സ്ത്രീകൾ തന്നെയാണ്.


അവസാനമായി വളരെ ഗൗരവമുള്ള ഒരു കാര്യം കൂടി കുറിയ്ക്കട്ടെ. ഈ കഴിഞ്ഞ നവംബർ 16ാം തിയതി ഒരു ശിവക്ഷേത്രത്തിൽ സപ്താഹത്തിന്റെ അവസാന ദിവസം വളരെ ശ്രേഷ്ഠനും, ബ്രഹ്മർഷി, മഠാധിപതി എന്നീ പരിവേഷങ്ങളുള്ള ഒരു യജ്ഞാചാര്യൻ (ഞാൻ അദ്ദേഹത്തിന്റെ പേരും മഠത്തിന്റെ പേരും ഇവിടെ പരാമർശിക്കുന്നില്ല), ഭാഗവത പാരായണം കഴിഞ്ഞ് ദക്ഷിണ സ്വീകരിക്കുന്നതിനുമുൻപ് അവിടെ കൂടിയ ഭക്തകളോട് ഒരുപദേശം. 'നിങ്ങൾ ഒരു കാരണവശാലും, വെളിയിൽ ജോലിയ്ക്ക് പോകരുത്. ഗവൺമെന്റ് ജോലിയായാലും മറ്റ് ജോലിയ്ക്കായാലും അവിടൊക്കെ എന്തൊക്കെയാ നടക്കുന്നതെന്നറിയാമോ ? കുട്ടികളെ നോക്കി അവരവരുടെ വീടുകളിൽ തന്നെ കഴിയണം. മനുവിന്റെ (മനുസ്മൃതി) അഭിപ്രായമാണെനിയ്ക്കും.'' ഇദ്ദേഹത്തെ പോലെ ലക്ഷങ്ങൾ കിട്ടുന്നില്ലല്ലോ. ചില നൂറു രൂപാ നോട്ടുകളല്ലേ കിട്ടൂ? അതുകൊണ്ട് കുടുംബത്തിന്റെ മുഴുവൻ ചുമതലകളും കുട്ടികളുടെ വിദ്യാഭ്യാസവുമെല്ലാം നടത്താൻ സാധിക്കുമോ ? ഞാൻ സ്വകാര്യമായിട്ടൊന്നു ചോദിക്കട്ടെ. ഈ തരത്തിലുള്ള കാവി പുതച്ചവരും വൈദികന്മാരും ഖാസിമാരും എം. എൽ. എ.മാരും എന്തിനധികം പറയുന്നു മൂന്നു പ്രാവശ്യം എം. പി.ക്കും കേന്ദ്ര മന്ത്രിയും വിശിഷ്യാ സ്വാമിയും സ്വന്തം കോളേജുമുള്ള പരമ പവിത്രനായ ഒരു മാന്യന്റെ കോളേജിലെ നിരവധി പെൺകുട്ടികളെ നാശം ചെയ്തതിന്റെ കഥകളുൾപ്പടെ അക്കാര്യത്തിൽ കേരളമെന്നോ ഉത്തരേന്ത്യയെന്നോ വ്യത്യാസമില്ലാതെ അരങ്ങേറുന്നുണ്ട്. ഇത്രയും പവിത്രരായ സ്വാമിമാരല്ലേ യഥാർത്ഥ പ്രതികൾ ? കത്വ, ഉന്നാവ സംഭവങ്ങൾ ആവർത്തനമായി തുടരുന്നു.

ലോകരാഷ്ട്രങ്ങളുടെ കയ്യടി വാങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ പ്രതിഭാധനന്മാരായ ഭരണാധിപന്മാർ ഇത് കണ്ടില്ലെന്ന നടിച്ചു മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിന് കടിഞ്ഞാണിടാൻ ആരും ശ്രമിക്കുന്നില്ലന്നുണ്ടോ ?

ഇന്ത്യയിൽ ഏതാണ്ട് 136 കോടി ജനങ്ങളുണ്ടെന്നുള്ളതാണ് നമ്മുടെ സർവ്വേ റിപ്പോർട്ട്. ഇതിൽ 70 കോടിയിൽ പരം സ്ത്രീകളാണ്. അതിൽ 700 പേർ വിചാരിച്ചാൽ ഇതിന് മാറ്റം വരുത്താൻ തീർച്ചയായും സാധിയ്ക്കും. പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കില്ലെന്നുള്ളത് ഒരു തുറന്ന സത്യം മാത്രമാണ്. ●

■ കവിത

# ഒരു നേരിയ നിലാ വെളിച്ചം



**അലക്സാണ്ടർ മുട്ടത്തുപാടം.**
**9447868255**

ആ സന്ധ്യാ നേരം
മോർച്ചറിയേ പിന്നിലാക്കി
അവൾ വിതുമ്പി നിന്നു....

'കരയാതെ'
ഉള്ളിൽ നിന്നും ആ സ്വരം.

മൂർദ്ധാവിൽ കൈ വെച്ച്
അതീവ ശ്രദ്ധയോടെ
ഒരു തലോടൽ....

ഉടലൊട്ടിനിന്ന
ആൺ കുരുന്നിന്റെ കയ്യിൽ
ബലമായി പിടിച്ച് അവൾ...

കർക്കിടകത്തിലെ
അമാവാസിയിൽ നിന്നും
പുറത്തു വന്ന
ആദ്യ ചന്ദ്രക്കലയുടെ പ്രകാശം
അവളെ മുൻപോട്ടു
നയിച്ചുകൊണ്ടിരുന്നു...

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## പ്രാക്ക്

**അ**പകടം പിടിച്ച ജോലിയാവുമ്പോൾ ശ്രദ്ധയോടെ ചെയ്യാൻ പറ്റിയ അന്തരീക്ഷം വേണ്ടേ, പലപ്പോഴും അതുണ്ടാവില്ല. ലക്ഷണം കെട്ടേറ്റ മത്സരിച്ച് കൂർക്കം വലിച്ചിട്ട്... കള്ളൻ പ്രാകി.

## ഒറിജിനൽ

ഇല്ലെടാ വലതുകാൽ എല്ലു പൊട്ടുണ്ട്. വേറെ ചെറിയ പരിക്കുകളൊക്കെയേയുള്ളൂ. നട്ടപ്പാതിരയല്ലേ ലേശം സ്പീഡിലായിരുന്നു. ആ പന്നി പെട്ടെന്ന് മുന്നിലേക്ക് വന്ന് ചാടിയത് ഞാൻ കണ്ടില്ല. ചവിട്ടി കിട്ടിയില്ല.

ഹൊ.. എന്തൊരു കഷ്ടം ഈ കള്ളപ്പന്നികൾക്കൊക്കെ വല്ല ബോധോം ണ്ടോ. നട്ടപ്പാതിരയ്ക്ക് അവനാന്റെ വീടണയാതെ വെള്ള മടിച്ച് പൂക്കുറ്റിയായി...

യ്യ് എന്തൊക്കെയാ ഈ പറയണത് വെള്ളടിച്ച് പൂക്കുറ്റിയോ... എടാ കള്ളപ്പന്നിയല്ല ...... ഒറിജിനൽ... ഒറിജിനൽ... ബോധമില്ലാതെയൊന്നുമല്ല...

## കടപ്പാട്

അവതാരിക എഴുതാം എന്ന് സമ്മതിച്ച അന്ന് മുതൽ അയാളെ എന്നും വിളിക്കുമായിരുന്ന യുവ എഴുത്തുകാരൻ ആവർത്തിച്ചു പറയുമായിരുന്നു, സാർ അങ്ങ് അവതാരിക എഴുതുന്നു എന്നത് എന്റെ മഹാഭാഗ്യം. ആ അനുഭവസമ്പത്തിനെ, ജീവിതം കണ്ട പരിചയത്തെ ഞാൻ ഏറെ വിലമതിക്കുന്നു, നമിക്കുന്നു. കേട്ട് കേട്ട് മടുത്തെങ്കിലും അയാൾ ചെറുചിരിയോടെ വീണ്ടും ആ വാക്കുകൾ കേട്ടുകൊണ്ടിരുന്നു. ഒടുവിൽ ജീവിതത്തിന്റെ വിവിധ തിരക്കുകൾക്കിടയിൽ സമയം കണ്ടെത്തി രചനകൾ വായിച്ച് വിലയിരുത്തി അവതാരിക തയ്യാറാക്കി അയച്ച അന്ന് യുവ എഴുത്തുകാരനെ ആ വിവരമറിയിച്ചയുടനെ അയാൾ ആ നമ്പർ ഡിലീറ്റ് ചെയ്തു. പിന്നീട് സ്വയം പറഞ്ഞു ഇനി ആ നമ്പരിൽ നിന്ന് വിളിയൊന്നും വരില്ലല്ലോ. യുവ എഴുത്തുകാരൻ പറഞ്ഞ പോലെ അയാൾക്ക് ജീവിതാനുഭവങ്ങൾ ഏറെയുണ്ടായിരുന്നു. ലോകം കണ്ട പരിചയവും.

## ഉപദേശം

എടാ ആ മൊബൈൽ ചാർ ജർ ഒന്നുകൊണ്ടാ.

അയ്യോ ഇല്ലല്ലോ ചേട്ടാ

ഇല്ലേ. കഷ്ടം, ഒന്നു വാങ്ങിവെക്ക്. ആരെങ്കിലും ഇതുപോലെ വന്ന് ചോദിച്ചാലോ? വഷളാവില്ലേ?

## സമാധാനം

ശങ്കരേട്ടാ ഈ പൂച്ചയാണിപ്പൊ നിങ്ങൾക്ക് കൂട്ട് അല്ലേ. നല്ല സ്നേഹത്തിലാണല്ലോ. അപകടമാണട്ടൊ വയസ്സുകാലത്ത്. പറഞ്ഞില്ലാന്ന് വേണ്ട...

എന്ത് അപകടം. ഒരു അപകടവും ഇല്ല. എനിക്ക് മിണ്ടാൻ ഒരാള്. അതാണിപ്പോൾ ഈ പൂച്ച.

അത് കൊള്ളാം നിങ്ങൾക്ക് അങ്ങോട്ട് മിണ്ടാനാണെങ്കിൽ അതിനു പറ്റും. അല്ലാതെ അതിന് പറയാനും ചോദിക്കാനും ഒന്നും പറ്റില്ലല്ലോ പിന്നെന്ത് കാര്യം ശങ്കരേട്ടാ.

അത് നിനക്കറിയാഞ്ഞിട്ടാ കുട്ടാ. പ്രായായാല് നമ്മൾക്ക് മിണ്ടാനാ ആള് വേണ്ടത്. നമ്മൾക്ക് പറയാനുള്ളത് കേൾക്കാൻ. അതിനീ പൂച്ച ധാരാളം. പിന്നെ വയസ്സായവരോട് മിണ്ടാൻ ഇപ്പൊ ആർക്കും ഒരു താൽപ്പര്യവും ഉണ്ടാവില്ല. ആർക്കും ഒന്നും പറയാൻ ഉണ്ടാവില്ല. അതിപ്പൊ ശീലമായി. ഇനി ബാക്കിയുള്ളത് ചോദിക്കൽ... അതേയ്... ബാങ്ക് പാസ് ബുക്ക് എവിടെയാ വെച്ചത്... ആധാരം എത് പെട്ടീലാ... ഇതൊക്കെയല്ലേ ചോദിക്കാനുള്ളത്... പൂച്ചയാവുമ്പൊ അതുണ്ടാവില്ല... അതിനതൊന്നുമറിയണ്ടല്ലോ. അറിഞ്ഞിട്ട് ആവശ്യവുമില്ല. മാത്രോ വേണ്ടത്ര നോക്കിയില്ല എനിക്ക് കുറച്ചേ തന്നുള്ളു. പണ്ടും അങ്ങനെയാണ് തുടങ്ങി ഒരു പരാതിയുമില്ല... അതൊക്കെ ഒരു കണക്കില് വലിയസമാധാനാ...

## തന്ത്രങ്ങൾ

എടോ പഴയ കാലമൊന്നുമല്ല. നിറയെ കച്ചവടമായില്ലേ. മത്സരത്തിന്റെ ഫീൽഡാ. കച്ചവടം നടക്കണമെങ്കിൽ കുറച്ചൊക്കെ കുറച്ചു കൊടുക്കണം. മനസ്സിലായോ എന്നാലേ പിടിച്ചുനിൽക്കാനാവൂ.

അതേ നിനക്കറിയാഞ്ഞിട്ടാ. പഴയ കാലമൊന്നുമല്ല ആൾക്കാർക്കൊക്കെ നല്ല വിവരാ. കുറച്ചു കൊടുത്താലൊക്കെ അവർക്ക് മനസ്സിലാവും. അങ്ങനെ കുറച്ചുകൊടുത്തപ്പൊ എന്റെ ചെറിയച്ഛന്റെ പല ചരക്കുകട പൂട്ടിച്ചതാ നാട്ടുകാര്.


## Statutory Declaration

**FORM IV**

**Statement about ownership and other particulars about newspaper (Eka Thathwa)**

**1. Place of Publication : Palakkad**

**2. Periodicity of its Publication : Monthly**

**3. Printer's Name : E. T. Muralidharan**
**Nationality : Indian**
**Address :18/225 "Syamalalayam" A- 9**
**New Civil Nagar, Behind Civil Station,**
**Palakkad 678 001.**

**4. Publisher's Name : E. T. Muralidharan**
**Nationality : Indian**
**Address :18/225 "Syamalalayam" A- 9**
**New Civil Nagar, Behind Civil Station,**
**Palakkad 678 001.**

**5. Editor's Name : E. T. Muralidharan**
**Nationality : Indian**
**Address :18/225 "Syamalalayam" A- 9**
**New Civil Nagar, Behind Civil Station,**
**Palakkad 678 001.**

**6. Names and Addresses of Individuals who own the newspaper and partners or shareholders holding more than one per cent of the total capital : Nil**

**I, E. T. Muralidharan, hereby declare that the particulars given above are true to the best of my knowledge and belief.**

**Date : 15-02-2020** **Signature of Publisher**

# ബലിമൃഗങ്ങൾ



ടോബിൻ കുമരകം
7902940766, 0481-2524620

സർക്കസ് കൂടാരത്തിലെ തന്റെ ചെറിയ താമസസ്ഥലത്തേക്ക് സാധനങ്ങൾ വാങ്ങി തിരികെ വരികയാണ് രാജീവും സീതയും മകൾ അശ്വതിയും. സർക്കസ് എന്നത് അവരുടെ ഉപജീവനമാണ്. അവരുടെ എല്ലാമാണ്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് എന്നും ഒരു പാച്ചിൽ.

അമ്മയുടെ കൈപിടിച്ച് അശ്വതി എന്ന പത്തുവയസ്സുകാരി നടക്കുമ്പോൾ എതിരെ സ്കൂൾ കുട്ടികൾ പുത്തനുടുപ്പും ബാഗുമായി നടന്നുവരുന്നു. അവൾ അവരെ നോക്കി നിന്നുപോയി.

കണ്ടവരെ നോക്കി നിൽക്കാതെ പെട്ടെന്ന് നടക്കെടീ. സാവിത്രി അവളോട് അല്പം പരുഷമായാണ് പറഞ്ഞത്. ഇതുകേട്ടതും ആ കുഞ്ഞുമനസ്സ് വിങ്ങി.

അവർ കൂടാരത്തിലെത്തിയതും അടുത്ത ഷോയ്ക്കുള്ള സമയം ആയി. രാജീവും സീതയും അടുത്ത ഷോയ്ക്ക് വേണ്ടി റെഡിയാവുന്നു. പിറകിൽ മറ്റൊരു സ്ഥലത്ത് ഭീംസിങ് കുട്ടികളെ നമ്പർ പഠിപ്പിക്കുന്നു. ജീവൻ പണയം വെച്ചാണ് ഓരോ നമ്പറും പഠിക്കുന്നത്. തമ്പിനുള്ളിലെ മൃഗങ്ങളെ നമ്പർ പഠിപ്പിക്കുമ്പോൾ കൈയിൽ ഒരു ചാട്ടവാറും കാണും.

നമ്പർ തെറ്റിച്ചാൽ ഭീം സിങ്ങിന്റെ വഴക്ക് കേൾക്കേണ്ടിവരും. ഒരിക്കൽ ആ കയറിനു മുകളിലൂടെ നടക്കുമ്പോൾ അവളുടെ കൂട്ടുകാരി വീണ് തലപൊട്ടിയത് ഇപ്പോഴും അവളോർക്കുന്നു. ഭീംസിങ് നമ്പർ പഠിപ്പിക്കുമ്പോൾ തൊട്ടടുത്ത സ്കൂളിൽ ടീച്ചർ കുട്ടികളെ പഠിപ്പിക്കുന്നത് ദുഃഖത്തോടെ അവൾ കണ്ടു. ഇന്ന് അവൾ മൗനമായി കേഴുന്നു. അവരുടെ ജീവനുവേണ്ടി...





നന്ദിനി പുത്തൻ വീട്
9632771330

# ആത്മഹത്യ

ഇനി എനിക്ക് സഹിക്കാൻ വയ്യ. വീട്ടിലേക്ക് തിരിച്ചുപോകാമെന്നുവച്ചാൽ അതും വയ്യ. കഷ്ടപ്പെട്ടും കടം വാങ്ങിയും നടത്തിത്തന്ന കല്യാണം. സമ്പാദ്യമായി ഒന്നും ഇല്ല. എല്ലാം നഷ്ടപെട്ടു ഞാൻ ഒറ്റപെട്ടു. എങ്ങനെ ഇനി ജീവിക്കും? ഏതെങ്കിലും കൂട്ടുകാരിയുടെ വീട്ടിൽ... വേണ്ട... എന്തെങ്കിലും ജോലി ചെയ്തു ജീവിക്കാമെന്നു വച്ചാൽ അതിനുള്ള ആത്മവിശ്വാസം നഷ്ടപെട്ടിരിക്കുന്നു. ഇനി കുറ്റപെടുത്തലുകളിൽ നിന്നും എല്ലാ സങ്കടങ്ങളിൽ നിന്നും മോചനം ആത്മഹത്യ. പക്ഷെ എങ്ങനെ ?

ഉറക്കഗുളികകൾ ഒരുമിച്ച് എങ്ങനെ കിട്ടും ? ആരെങ്കിലും ഇടയ്ക്ക് വിളിച്ച് കേട്ടില്ലെങ്കിൽ രക്ഷപ്പെടുത്തിയാൽ... വേണ്ട കൈഞരമ്പ് മുറിച്ച് രക്തം വാർന്ന്... വേണ്ട. തൂങ്ങി മരിച്ചാൽ... വേണ്ട. കിണറ്റിൽ ചാടി... വേണ്ട. കുടിവെള്ളം കളയേണ്ട. ട്രയിനിനു മുന്നിൽ ചാടി ചിന്നഭിന്നമായി... വേണ്ട.

ദൈവമേ എനിക്ക് എന്തെങ്കിലും അസുഖം വന്ന് മരിച്ചാൽ മതി. രേഷ്മയുടെ കണ്ണുനീർ ധാരധാരയായ് ഒഴുകി. കൈയ്യിലെ തൂവാല നനഞ്ഞു കുതിർന്നു. കറങ്ങുന്ന ഫാനിന്റെ താഴെ ഇരുന്നിട്ടും രേഷ്മ വിയർത്തു. തന്റെ മൂക്കും വായയും അമർത്തി പൊത്തി ശ്വസിക്കാതെ... ശ്വാസം മുട്ടി... അയ്യോ... വയ്യ... വല്ലാത്ത കിതപ്പ്...

“അമ്മാ വെങ്കായം, വെണ്ടയ്ക്ക, കാരറ്റ്, ബീൻസ്... എല്ലാമിരുക്ക്. വാങ്കളെ...” ചിന്നമ്മ ഉന്തുവണ്ടി വഴിയിൽ നിർത്തി രേഷ്മയെ പ്രതീക്ഷിച്ച് നിന്നു. രേഷ്മ മുഖം കഴുകി തുടച്ചു. ഒരു പ്ലാസ്റ്റിക് കൂടയെടുത്ത് ചിന്നമ്മയുടെ ഉന്തുവണ്ടിക്ക് അടുത്തെത്തി. വെണ്ടയ്ക്ക തലപ്പ് പൊട്ടിച്ച് നോക്കി മൂക്കാത്തത് മാത്രം തിരഞ്ഞെടുക്കുമ്പോൾ ചിന്നമ്മ പരിഭവം കലർത്തി “എന്നമ്മാ ഇപ്പടി, എല്ലാമെ നല്ലതു താൻ.” രേഷ്മ മുഖമുയർത്തി പുഞ്ചിരിച്ച് ചിന്നമ്മയെ നോക്കി. കവിളിലെ മൂന്ന് വിരൽ പാടുകൾ ചൂണ്ടി എന്തുപറ്റിയെന്ന് ചോദിച്ചു. പച്ചക്കറിയുടെ പൈസ കൊടുത്തു. ബാക്കി നല്കുന്നതിനിടയിൽ ചിന്നമ്മ പറഞ്ഞു. “എന്ന പണ്ണുവേ, എല്ലാമെ ഏൻ തലൈ വിധി. ഏൻ കുഴൈന്തകളെ നിനച്ച് താൻ നാ ഉയിരോടെ ഇറുക്കറതേ” ബാക്കി പൈസ നല്കി, കയറ്റി ഉടുത്ത സാരിയുടെ മുന്താണി തലപ്പുകൊണ്ട് കണ്ണ് ഒന്ന് തുടച്ച് ഉന്ത് വണ്ടി തള്ളി മുന്നോട്ട് നടന്നകന്നു. രേഷ്മ വീടിനകത്തേക്ക് വന്നു. നിഷ്കളങ്കമായി തൊട്ടിലിൽ കിടന്നുറങ്ങുന്ന പൊന്നോമനയെ നോക്കി ദീർഘമായി നിശ്വസിച്ചു. പിന്നെ എല്ലാ ചിന്തകൾക്കും വിരാമമിട്ട് എന്നേത്തേയും പോലെ അടുക്കള പണികൾ തുടങ്ങി.

# മഴ...

വേലുണ്ണി ഞാങ്ങാട്ടിരി
9946477228

*ഇന്നലെ വരെ മഴ*

പൂമഴ, തേൻമഴ, മഞ്ഞു മഴ
വർണ്ണ മഴ, സ്വപ്ന മഴ ,
സൗഹൃദ മഴ


*ഇന്നെത്തെ മഴ*

ചതി മഴ, അക്രമ മഴ, മദ്യ മഴ,
അപകട മഴ, അഴിമതി മഴ,
വർഗ്ഗീയ മഴ

*ഇനി നാളെത്തെ മഴ*

വിഷമഴ , തീ മഴ, യുദ്ധ മഴ,
പ്രളയ മഴ, വരൾച്ച മഴ ,
കണ്ണീർ മഴ, ദുരന്ത മഴ

# കൊറോണാ വൈറസ്



## (Coronavirus)

ഡോ. സി. രാമകൃഷ്ണൻ
9447358663

**കൊ**റോണാ വൈറസ്സിന്റെ സംഹാര താണ്ഡവം നടന്നുകൊണ്ടിരിക്കുന്നത് ചൈനയിലാണ്. പ്രതിരോധ നടപടികൾ തക്ക സമയത്ത് എടുക്കുന്നതുമൂലം മറ്റു സ്ഥലങ്ങളിൽ ഈ വൈറസ്സിന്റെ ആക്രമണം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത വൈറസ്സിന്റെ ആക്രമണം പരിഭ്രാന്തി സൃഷ്ടിച്ചുവെങ്കിലും കാര്യമായ കുഴപ്പങ്ങളൊന്നും മറ്റു രാജ്യങ്ങളിൽ ഉണ്ടായതായി അറിയാൻ സാധിച്ചിട്ടില്ല. വൈറസ്സുകൾ പെരുകിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിനെ നേരിടുന്ന പ്രക്രിയ ശ്രമകരം തന്നെ.

കൊറോണാ വൈറസ്സിന്റെ ഉറവിടം, ചൈനയിലെ വൂഹാൻ എന്ന സ്ഥലത്തിലെ മത്സ്യ മാർക്കറ്റിൽ നിന്നാണ് എന്ന് പറയപ്പെടുന്നു. ഈ വൈറസ്സിന് COVID -19 എന്ന് ഔദ്യോഗികമായി നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. സുമാർ 25 രാജ്യങ്ങളിലേക്ക് വ്യാപിച്ചിരിക്കാൻ സാധ്യതയുണ്ടെന്നും പറയപ്പെടുന്നു. പ്രസ്തുത വൈറസ്സ് ശരീരത്തിൽ പ്രവേശിച്ച് ഒരാഴ്ച കഴിഞ്ഞതിനുശേഷം രോഗലക്ഷണങ്ങൾ കാണപ്പെടുന്നു (Incubation Period). മദ്ധ്യവയസ്ക്കരിലാണ് രോഗലക്ഷണങ്ങൾ അധികവും കാണപ്പെട്ടിട്ടുള്ളതെന്നും പറയപ്പെടുന്നു. ആരോഗ്യവകുപ്പിന്റെ സമയോചിത പ്രതിരോധ നടപടികളുടെ ഫലമായി പ്രസ്തുത വൈറസ്സിന്റെ ആക്രമണം നിയന്ത്രിക്കുവാൻ കഴിഞ്ഞു എന്ന കാര്യം അഭിനന്ദനീയം തന്നെ.

കൊറോണാ വൈറസ്സുമൂലം ഉണ്ടാകുന്ന രോഗലക്ഷണങ്ങൾ, പനി, ചുമ, ക്ഷീണം, ശ്വാസതടസ്സം, ശ്വാസകോശരോഗങ്ങൾ ഇവയെല്ലാമാണ് പ്രധാനമായവ. ഈ വൈറസ്സിനെ പ്രതികരിക്കാൻ ആരോഗ്യവകുപ്പിലെ ആയുഷ്, ആയുർവേദം, യുനാനി, ഹോമിയോ എന്ന ചികിത്സാ സംവിധാനങ്ങളിൽ ചില ഫലപ്രദമായ മരുന്നുകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഹോമിയോപതിയിൽ ആർസ് ആൽബം (Ars Alb) എന്ന മരുന്നാണ് പ്രതിരോധമായി ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈ മരുന്ന് മറ്റുപല അസുഖങ്ങൾക്കും ഉപയോഗിക്കുന്നുണ്ടെങ്കിലും പ്രസ്തുത വൈറസ്സിനെ പ്രതിരോധിക്കുവാനുള്ള ഒരു ഉത്തമ മരുന്നാണ്.

രോഗത്തെ തരം തിരിച്ചുള്ള ചികിത്സകൾക്ക് പകരം, രോഗലക്ഷണത്തെ ആസ്പദമാക്കിയുള്ള ചികിത്സയാണ് ഹോമിയോപതിയിൽ. അതുകൊണ്ട് രോഗകാരണത്തെപ്പറ്റിയുള്ള പഠനത്തിനും പ്രസക്തിയില്ല. ശരീരത്തിലെ പ്രതിരോധശക്തിയെ നിലനിർത്തിക്കൊണ്ടുള്ള ചികിത്സാസംവിധാനമാണ് ഹോമിയോപതിയിൽ. പ്രതിരോധശക്തി ക്ഷയിക്കുമ്പോഴാണ് രോഗാണുക്കൾക്ക് ശരീരത്തിൽ പ്രവേശിക്കുവാൻ സാദ്ധ്യതയുള്ളത്. ഏത് രോഗത്തേയും പ്രതിരോധിക്കുവാനുള്ള സംവിധാനം (Defence Mechanism) നമ്മുടെ ശരീരത്തിലുണ്ട്. ഈ സംവിധാനത്തിന്ന് വ്യതിയാനം പല കാരണങ്ങൾ കൊണ്ട് സംഭവിക്കുന്നു. ഇതിൽ പ്രധാനമായവ, ജീവിതശൈലി, വായുമലിനീകരണം, മരുന്നുകളുടെ അമിതപ്രയോഗം, മാനസിക സംഘർഷം ഇവയെല്ലാമാണ്. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ ഉത്തമം രോഗം വരാതെ നോക്കുന്നതുതന്നെയാണ്. ശരീരത്തിലെ പ്രതിരോധശക്തി വേണ്ടുവോളം നിലനിർത്തുന്നുവെങ്കിൽ രോഗാണുക്കൾ ഏതുമാകട്ടെ, ഇവകളുടെ ആക്രമണം തടുക്കുവാൻ സാധിക്കും. രോഗാണുക്കളുടെ കടന്നുകയറ്റം തടയുവാനുള്ള എല്ലാ സംവിധാനങ്ങളും പ്രയോജനപ്പെടുത്തുകയാണെങ്കിൽ വ്യാധികളിൽ നിന്ന് രക്ഷ പ്രാപിക്കാം. ●

■ കവിത

# മണ്ഡൂകം



നൂർമുഹമ്മദ്
8075867287

കാണുവാൻ കൊതിയുണ്ടൊട്ടേറെ...
നിന്നോട്ടവും ചാട്ടവും നോട്ടവും
കുറ്റിയറ്റല്ലോ നിൻ വംശവും
വേദനയാൽ നീറുന്നു അകതാരിൽ നൊമ്പരം.

മഴ പെയ്യുന്നു നീയെവിടെ നിന്നൊച്ചയും
നിൻ രാഗത്തിൽ മാരിയിൻ താളവും,
നീ പാടും പാട്ടിൻ ശീലുകൾ തേടി ഞാൻ
എത്ര രാവുകൾ നിദ്ര വെടിഞ്ഞൂ...

നിന്നെക്കീറിമുറിച്ചെന്റീ കരങ്ങൾ
ക്കാവതില്ലൊട്ടുമേ കൂടുതൽ കുറിക്കുവാൻ..
നിൻ ശാപമാലെന്തോ വിറക്കുമീ വിരലുകൾ
കാറ്റിൽപെട്ടുഴലും ആലിലകൾ പോലെ...!

കൂടുതൽ വയ്യെനിക്കോർക്കുവാൻ
ശിരോനാഡികൾ തേടിയ അനാറ്റമി ക്ലാസുകൾ...!
മൊഴിഞ്ഞതോർക്കുന്നു ഞാൻ നിൻ ദീനസ്വനവും
കൊന്നൊടുക്കല്ലേ എന്റെയീ ഉഭയവർഗ്ഗത്തെ...!!

നീയില്ലാതെ നിർജ്ജീവമീ കിണറുകൾ
നീയില്ലാതെ കരിയുന്നു പുൽക്കൊടികൾ
വിഷാദച്ചുവയെങ്കിലും നിൻ രാഗം
ഏറെ മാധുര്യം കേൾക്കുന്നോർക്കെല്ലാർക്കും..

നീയില്ലാത്തീനിശീഥിനിയിൽ
വെറുതെ ഓർത്തെടുക്കട്ടെ നിന്റെ പാട്ടുകൾ...
റോ...റോ....റോ.....റോ... മക്കളെ പേറ്റോ...
പെരുവഴീലിട്ടേ.....റോ....റോ...റോ.....റോ...

# ഒരു രക്തസാക്ഷിയുടെ ഓർമ്മയ്ക്ക്...

ശ്രീപ്രിയ അജിത്ത്

**നി**റയൗവ്വനത്തിൽ പൂത്തു നിൽക്കുന്ന വീട്ടുമുറ്റത്തെ ഇലഞ്ഞി മരമാണ് തണൽ എന്താണെന്ന് എന്നെ പഠിപ്പിച്ചത്. വീടിനു തണലായ് മാത്രമല്ല, രാത്രിയുടെ സൗന്ദര്യം ആസ്വദിക്കാൻ 'ഉറക്കമൊഴിച്ച്' ഇരിക്കുന്ന മൂങ്ങകൾക്കും വവ്വാലുകൾക്കും ഇലഞ്ഞി ആയിരുന്നു ആശ്രയം. അവൾ പൂക്കുകയും, ഇലകൾ പൊഴിക്കുകയും ചെയ്യുന്നതെപ്പോഴാണെന്ന് ഇന്നും എനിക്ക് മനഃപാഠമാണ്. കാരണം, ഞങ്ങളുടെ ദിനമാരംഭിക്കുന്നത് തന്നെ ഇവളെ കണികണ്ടുകൊണ്ടാണ്. വീടിന് ഐശ്വര്യമേകി തലയെടുപ്പോടെ മുറ്റത്ത് വർഷങ്ങൾക്ക് മുമ്പേ സ്ഥാനമുറപ്പിച്ചതാണ് അവൾ. മുറ്റമടിക്കുമ്പോഴാണ് ഇവളുടെ വികൃതികൾ ശ്രദ്ധയിൽ പെടാറുള്ളത്. ഇവൾ കൊഴിച്ചിടുന്ന ഇലകളും, വവ്വാലുകൾ തിന്ന് തുപ്പിയിടുന്ന കായ്കളുമാണ് വീട്ടിലെ ചൂലുകളുടെ കണി. എന്നാൽ, ചൂലുകൾ മടിച്ചിരിക്കുന്നത് മാർച്ച് മാസത്തിന്റെ ആരംഭത്തിലാണ്. ഇലഞ്ഞി പൂക്കളുടെ ഗന്ധം മാത്രമാണ് ആ 30 ദിവസം. ഉദയം മുതൽ അസ്തമയം വരെ ആ പച്ചമരത്തിനെ മുത്തു പിടിപ്പിച്ച പോലെ അലങ്കരിക്കുന്ന ഈ പൂക്കൾ, രാത്രി ക്ഷീണിതരായി തളർന്നുവീഴുന്നു. മാർച്ച് മാസത്തിലെ താരം പരീക്ഷകൾ അല്ല ; ഇലഞ്ഞി പൂക്കളാണ്. രാവിലെ നേരത്തെ എഴുന്നേറ്റിരുന്നത് പഠിക്കാൻ വേണ്ടിയായിരുന്നില്ല; അമ്മ മുറ്റമടിക്കും മുമ്പ് പൂക്കൾ പെറുക്കാനായിരുന്നു. അച്ഛമ്മയായിരുന്നു ഇതിൽ എന്റെ കളിക്കൂട്ടുകാരി. കൈ കുമ്പിൾ നിറയെ ഇലഞ്ഞി പൂക്കൾ ഞാൻ കൊണ്ടുവരുമ്പോൾ നൂലെടുത്ത് അത് കോർക്കാനായ് വരാന്തയിൽ അച്ഛമ്മയുണ്ടാവും.

മാർച്ച് കഴിഞ്ഞാൽ പിന്നെ ഈ ഇലഞ്ഞി പൂമഴ തോർന്ന് തുടങ്ങും. പിന്നീടാണ് ഇലഞ്ഞി കായകളുടെ വരവ്. ഇലഞ്ഞിമരത്തിൽ വവ്വാലുകളുടെ ആറാട്ടാണ് പിന്നീട്. വവ്വാലുകൾ പരസ്പരം കടിപിടി കൂടി, ചവച്ചരച്ച് നിഷ്കരുണം മുറ്റത്തേക്ക് തുപ്പിയിടുന്ന ഇലഞ്ഞി കായകൾ കണ്ടാൽ, മുറ്റമടിക്കാൻ അറച്ചു നിൽക്കുന്ന ചൂൽ പോലും അറിയാതെ പറഞ്ഞു പോവും, 'എന്റെ വിധിയായി പോയല്ലോ 'എന്ന്.!!!

'കാലം മാറി കഥ മാറി' എന്ന പരസ്യവാചകം പോലെ തന്നെ വർഷങ്ങൾ പിന്നിട്ടു. മാർച്ച് മാസം ആരംഭിക്കുമ്പോൾ രാവിലെ മുറ്റം നോക്കാൻ ഓടിയെത്തുമ്പോൾ പതിയെ പതിയെ നിരാശയായി ഫലം. ഇലഞ്ഞിപ്പൂക്കളെ കാലം പതിയെ എടുത്തു മാറ്റി കളഞ്ഞു. പിന്നീട് മാർച്ച് പകുതിയോടടുക്കുമ്പോൾ ഒന്നോ രണ്ടോ പൂവുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങും. വൈകിത്തുടങ്ങിയത് കൊണ്ട് ഈ പൂമഴ നേരത്തെ അവസാനിക്കില്ല എന്നല്ല, ഏപ്രിൽ തുടങ്ങുമ്പോഴേക്കും ഇത് പൂർണമായും നിലച്ചിട്ടുണ്ടാവും. കായകൾ തിന്നു തുടങ്ങാൻ വവ്വാലുകൾ വീണ്ടുമെത്തും.

കാലം വീണ്ടും മാറി. കേരള ചരിത്രത്തിൽ 'നിപ' യെന്ന ഭീതി വന്നതോടെ കായ് തിന്നാനെത്തുന്ന വവ്വാലുകൾ വില്ലന്മാരായി. മരണഭീതി ശ്വസിക്കുകയായിരുന്നു കേരളം. വവ്വാലുകളെ തുരത്താനുള്ള പടയോട്ടം തന്നെയായിരുന്നു എല്ലായിടത്തും . 'നിപ' കേറി വന്ന മേയ് മാസത്തിലാണ് ഇലഞ്ഞി മരത്തിലെ വവ്വാലുകളുടെ ആറാട്ട്. എന്നാൽ ആ സമയത്ത് നിപയെ വവ്വാലുകൾ പോലും പേടിച്ചുവെന്ന് തോന്നത്തക്ക വിധം ആ മാസം ഈ അതിഥികളെ കണ്ടതേയില്ല. ഭീതി ഭീതി തന്നെയാണ്. ഓർമ്മകളുടെ ഹൃദയമിടിപ്പിനെ കഴിയാവുന്ന വിധം നിയന്ത്രിച്ചുകൊണ്ട് ഇലഞ്ഞിയെ വെട്ടി മാറ്റാൻ ഞങ്ങൾ നിർബന്ധിതരായി. മനസ്സില്ലാമനസ്സോടെ ആ പടുകൂറ്റൻ മരത്തിന്റെ ഒരു ചെറിയ കൊമ്പ് അറുത്തുമാറ്റപ്പെട്ടു. അങ്ങനെ അവൾ നിപയുടെ രക്തസാക്ഷിയായി മാറി.

പിന്നീട് മുറ്റത്ത് നിന്ന് ആകാശം നോക്കുമ്പോൾ ഒരു വിടവാണ്. മറഞ്ഞിരുന്ന സൂര്യനേയും ചന്ദ്രനെയും ഇപ്പോൾ വ്യക്തമായി കാണാം. എന്നാലും അവളുടെ ഇലകൾക്കിടയിലൂടെ കാണുന്ന ആകാശത്തിന്റെ സൗന്ദര്യം ഒന്നു വേറെത്തന്നെയായിരുന്നു.

നിപ അലയടിച്ച് പോയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. പൂക്കളും ഇലകളും കായ്കളും കൊണ്ട് വാശിയോടെ മുറ്റം വൃത്തികേടാക്കുന്ന അവൾ ഇന്ന് മൂകയാണ്. ഇലഞ്ഞി പൂക്കൾ പെറുക്കാനെത്തുന്ന എന്നോട് ഇപ്പോൾ അവൾക്കൊരു പുച്ഛം മാത്രമാണ്. എന്നാലും ഒരു മാലകെട്ടാനുള്ളത്രയും പൂക്കൾ അവളെനിക്ക് ഒരിക്കലും തരാതിരുന്നിട്ടില്ല. അന്വേഷിച്ചപ്പോൾ അറിഞ്ഞു; 25 വയസ്സായി അവൾക്കെന്ന്. എന്നാൽ ഇപ്പോഴും അറുത്തുമാറ്റപ്പെട്ട ആ ശാഖയിൽ തളിരിലകൾ തഴുത്തു വരുന്നത് കാണാം. 25 വർഷങ്ങൾ അവൾ തള്ളി നീക്കിയത് സ്വയം ഓർമ്മകൾ കൂട്ടിവെച്ചുകൊണ്ടായിരിക്കില്ല. ഞങ്ങളുടെ സുഖദുഃഖങ്ങളുടെ സാക്ഷിയാണ് അവൾ. മരമെന്നാൽ ഇലഞ്ഞിയാണെന്ന് വിശ്വസിച്ചിരുന്ന ബാല്യം ഇന്ന് എനിക്കില്ല. എന്നാൽ മരമെന്താണെന്ന് ഇന്നും എന്നെ പഠിപ്പിക്കുന്നത് അവളാണ്. അവൾക്ക് പറയാനുള്ള ആയിരം കഥകളിൽ പകുതിയില്ലെങ്കിലും പൂ പെറുക്കാനെത്തുന്ന എന്റെ ബാല്യമുണ്ടാകും.

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# അവഹേളിക്കപ്പെടുന്ന സ്ത്രീത്വം



മനോഹരി സി. ബി.
6238096690

സ്ത്രീക്ക് അമ്മ, ദേവി എന്നീ സങ്കല്പങ്ങൾ കല്പിച്ചു നൽകിയിട്ടുള്ള സംസ്കൃതിയാണ് നമ്മുടെ നാടിനുള്ളത്. സ്ത്രീക്ക് മറ്റുള്ളവരാൽ കൂടുതൽ ആദരവ് ലഭിക്കുന്നതിനും അവളെ ഏതെങ്കിലും തരത്തിൽ ഉപദ്രവം ഏല്പിക്കുന്നതിനുള്ള മനഃസ്ഥിതി ഉണ്ടാകാതിരിക്കാനും വേണ്ടിത്തന്നെയായിരിക്കാം പണ്ടേക്കു പണ്ടേ ഇത്രയും പവിത്രമായ പദവി നൽകി ആദരിച്ചിട്ടുള്ളത്.

എന്നാൽ മന്വന്തരങ്ങൾക്കിപ്പുറം മനുഷ്യൻ പല തലങ്ങളിലായി പുരോഗതി പ്രാപിച്ചപ്പോൾ ഈ സങ്കല്പങ്ങൾക്കെല്ലാം കോട്ടംതട്ടി എന്നാണ് കാണാനാകുന്നത്. തന്മൂലം സ്ത്രീകൾ സമൂഹത്തിൽ പലതരത്തിലുള്ള അസഹിഷ്ണുതകൾ അനുഭവിക്കേണ്ടതായി വരുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. എങ്കിലും അതിന്റെ തോത് ഇപ്പോൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

സ്ത്രീകളുടെ ഉന്നമനം, സ്ത്രീ-പുരുഷ സമത്വം, സ്ത്രീസുരക്ഷ തുടങ്ങിയ, 'കോലാഹലങ്ങൾ' കാലാകാലങ്ങളായി നടന്നുവരുന്നുണ്ടെങ്കിലും ഒന്നിനും സ്ത്രീകളെ വേണ്ട പോലെ സംരക്ഷിക്കാൻ സാധിച്ചിട്ടില്ല എന്നതാണ് വാസ്തവം.

സ്ത്രീകളുടെ ഉന്നമനം നടപ്പാക്കുന്നതിനായി സ്ത്രീകൾ വിദ്യാഭ്യാസം നേടുകയും സമൂഹത്തിലേക്കിറങ്ങി പ്രവർത്തിക്കാൻ തയ്യാറാവുകയും വേണം. വിദ്യാഭ്യാസവും തൊഴിലും നേടാതിരിക്കുകയോ അല്ലെങ്കിൽ വീടിനകത്ത് ഒതുങ്ങിക്കൂടുകയോ ചെയ്താൽ ഉന്നമനം അവരെ തേടി വരികയില്ല.

മറ്റൊന്ന് സ്ത്രീ പുരുഷ സമത്വമാണ്. ഇന്ന് വളരെ കാലിക പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണിത്. എന്റെ അഭിപ്രായത്തിൽ സ്ത്രീ-പുരുഷ സമത്വം സ്വന്തം വീട്ടിൽ നിന്നും ആരംഭിക്കണം. ഒരു വ്യക്തി രൂപപ്പെടുന്നത് സ്വന്തം വീട്ടിൽ നിന്നുമാണ്. അവിടെ അച്ഛനൊരു നീതി, അമ്മയ്ക്കൊരു നീതി, മകനൊരു നീതി, മകൾക്കു മറ്റൊരു നീതി എന്ന സമ്പ്രദായം മാറണം. അച്ഛനമ്മമാർ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ അവകാശവും നീതിയും നൽകി വളർത്തണം. അതവരെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും വേണം. രണ്ടുതരത്തിൽ കുട്ടികളെ പരിഗണിക്കാൻ പാടുള്ളതല്ല. പല കുടുംബങ്ങളിലും ആൺകുട്ടികളെ മാത്രം പ്രത്യേക പരിഗണനകളോടെ വളർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് അവരിൽ ഒരു മേൽക്കോയ്മാ മനോഭാവം വളരാൻ കാരണമാകും. ഇത് സമൂഹത്തിന് വളരെ ദോഷം ചെയ്യും. ആൺകുട്ടികളും പെൺകുട്ടികളും (സ്ത്രീകളും പുരുഷന്മാരും) വീട്ടിലായാലും മറ്റു ഇടങ്ങളിലായാലും പരസ്പരം ബഹുമാനിക്കാനും മറ്റുള്ളവരുടെ അവകാശങ്ങളിൽ കൈകടത്താതിരിക്കാനും ശീലിക്കണം. ഇതെല്ലാം സമത്വ വിചാരത്തിന്റെ വശങ്ങളാണ്.

മറ്റൊരു തരത്തിൽ പറയുകയാണെങ്കിൽ സ്ത്രീ-പുരുഷ സമത്വം ഒരു പരിധിവരെയേ നമുക്ക് കാംക്ഷിക്കാൻ കഴിയൂ. ജീവശാസ്ത്രപരമായി സ്ത്രീക്കും പുരുഷനും അതിന്റേതായ പ്രത്യേക സവിശേഷതകളാണുള്ളത്. ഉദാഹരണത്തിന് കായികശേഷിയുടെ കാര്യം തന്നെ എടുക്കാം. ഒരേ പ്രായക്കാരാണെങ്കിൽ പോലും പുരുഷന് കായികക്ഷമത കൂടുതലാണ് എന്നതിൽ തർക്കമൊന്നുമില്ല. ആ തലത്തിൽ അവർക്ക് പലമേഖലകളിലും സ്ത്രീകളെക്കാളേറെ സാധ്യതകളുണ്ട്. എന്നാൽ മറ്റു പലയിടങ്ങളിലും സ്ത്രീക്ക് സമത്വം കാംക്ഷിക്കുകയും ആകാം. സ്ത്രീ-പുരുഷ സമത്വം ആദ്യം നാമ്പിടേണ്ടത് മനുഷ്യ മനസ്സുകളിലാണ്.

സ്ത്രീ സുരക്ഷയാണ് ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ ഒരു വെല്ലുവിളി. സ്ത്രീകൾ പൊതു ഇടങ്ങളിലും എന്തിന് വീടുകളിൽപ്പോലും സുരക്ഷിതരല്ലാത്ത അവസ്ഥയാണ് പലപ്പോഴും കണ്ടുവരുന്നത്. കുട്ടികളേയോ സ്ത്രീകളേയോ തനിച്ച് എങ്ങോട്ടെങ്കിലും പറഞ്ഞുവിടാൻ രക്ഷിതാക്കൾ ഭയപ്പെടുന്നു. സ്കൂളിൽ പോയ കുട്ടി അല്പം വൈകിയാൽ പിന്നെ മനസ്സിൽ ആധിയാണ്. ഏതുതരത്തിൽ സംരക്ഷിക്കണം കുട്ടികളെ എന്നാണ് രക്ഷിതാക്കളുടെ ആശങ്ക. പിഞ്ചുകുഞ്ഞുങ്ങൾ പോലും നമ്മുടെ നാട്ടിൽ സുരക്ഷിതരല്ല എന്നതാണ് ഞെട്ടിപ്പിക്കുന്ന വാസ്തവം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഇത്തരം ആക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടുവരികയാണ്. പകൽ സമയം തന്നെ പലവിധ ചതിപ്രയോഗങ്ങളാൽ തട്ടിക്കൊണ്ടുപോകലും പീഢനവും ഇത്രമേലാണെങ്കിൽ രാത്രി എന്തെങ്കിലും ഒരത്യാവശ്യ കാര്യത്തിനാണെങ്കിൽ പോലും പുറത്തിറങ്ങി യാത്ര ചെയ്യാൻ ഇവിടുത്തെ സ്ത്രീകൾക്കാകുമോ ? യഥാർത്ഥത്തിൽ സ്ത്രീ ഇവിടെ ആരെയാണ് ഭയക്കുന്നത് ?

കായിക ശേഷയിൽ പുരുഷന്മാർ മുന്നിലാണെന്ന് പറഞ്ഞുവല്ലോ. ഈ കഴിവ് ദുഷ്ചിന്തയോടെ സ്ത്രീകളിൽ ബലമായി പ്രയോഗിക്കപ്പെടുമ്പോൾ അവിടെ 'സമത്വം' എന്ന വാക്ക് കുഴിച്ചു മൂടപ്പെടുകയും സ്ത്രീകൾപോലും നിഷേധിക്കുന്ന 'അബല' എന്ന വാക്കിന് അർത്ഥം വെയ്ക്കുകയും ചെയ്യുന്നു. സ്ത്രീ ഒരു ഉപഭോഗവസ്തുവാണെന്നുള്ള ചിന്തയാൽ ഏകപക്ഷീയവും മൃഗീയവുമായി അവളെ ദുരുപയോഗം ചെയ്ത് മാനസികമായും ശാരീരികമായും നശിപ്പിച്ച് സമൂഹത്തിൽ ഒറ്റപ്പെടുത്തുകയോ അല്ലെങ്കിൽ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുകയോ ചെയ്യാൻ കാരണമാകുന്നു. സ്ത്രീക്കുനേരെയുള്ള ഈ വീക്ഷണം മാറിയേ തീരൂ. എന്നാണ് നമ്മുടെ നാടിന് ഇതിൽ നിന്നെല്ലാം ഒരു മോചനം കിട്ടുക ? സ്വാർത്ഥ താല്പര്യങ്ങൾക്കും സുഖസൗകര്യങ്ങൾക്കുമായി മറ്റുള്ളവരെ പിടിച്ചുപറിക്കുന്ന ഈ 'വേട്ട' എന്നാണവസാനിക്കുക ?

തെറ്റു ചെയ്തവർക്ക് ശിക്ഷ കിട്ടാം കിട്ടാതിരിക്കാം. അത് വക്കീലിന്റെ മിടുക്കുപോലിരിക്കും. എന്നാൽ കതിരിൽ വളം വക്കുന്ന ഈ പ്രക്രിയയോടൊപ്പം വേണ്ടത് വളർന്നുവരുന്ന തലമുറയെ ബോധവൽക്കരിക്കുകയാണ്. സ്ത്രീക്ക് അവളുടേതായ അവകാശങ്ങളുണ്ടെന്നും സ്ത്രീയും പുരുഷനും പരസ്പരം ബഹുമാനിക്കപ്പെടണമെന്നുമുള്ള ചിന്ത ചെറുപ്രായം മുതലേ മനസ്സിൽ വേരൂന്നണം. സ്ത്രീയെ അവഹേളിക്കുന്നത് മനുഷ്യവകാശ ലംഘനമാണെന്ന ബോധ്യം സമൂഹത്തിനുണ്ടാവണം. മാതൃകാപരമായ കടുത്ത ശിക്ഷാനടപടികൾ കാലതാമസമില്ലാതെ നടപ്പാക്കുകയും വേണം. ഇത് ഇരയ്ക്ക് കിട്ടുന്ന നീതി കൂടിയാണ്. സ്ത്രീ പീഡനങ്ങൾ പൂർണ്ണമായും തടയാനായില്ലെങ്കിലും അതിന്റെ തോത് ഗണ്യമായി കുറയ്ക്കാനെങ്കിലുമായാൽ അനേകം സ്ത്രീ ജന്മങ്ങളുടെ ചുടുകണ്ണീർ ഈ ഭൂമിയിൽ ഇറ്റുവീഴുന്നത് അല്പം തടയാനെങ്കിലും കഴിഞ്ഞേക്കും.

●


**മാർച്ചിൽ ഏക തത്ത്വ പുറത്തിറക്കുന്ന പുസ്തകങ്ങൾ**

**ജീവിത രാമായണം**
(കവിതകൾ)
മുകുന്ദൻ കുറുവട്ടൂർ

ടി. വി. നാരായണൻ കുട്ടിയുടെ
മൂന്ന് പുസ്തകങ്ങൾ

**പിണങ്ങാത്ത കണ്ണികൾ**
**പച്ചക്കറി മാഹാത്മ്യം**
**സ്നേഹ പൂമരം**

വാങ്ങുക, വായിക്കുക...
ഈ സംരംഭത്തേയും
എഴുത്തുകാരേയും
പ്രോത്സാഹിപ്പിക്കുക...

പ്രകാശനത്തെ സംബന്ധിച്ചുള്ള
കൂടുതൽ വിവരങ്ങൾക്ക്
വിളിക്കുക 9446443321


# പ്രവൃത്തി വേറേ വചനം വേറേ




**ടി. വി. ഹരികുമാർ**
**9446118387**


**പോ**ലീസ് സ്റ്റേഷനിലേക്ക് കയറിപ്പോയത് സദാനന്ദൻ മാഷല്ലെ ഒരു സംശയം. അല്ല ഇപ്പോൾ മാഷെന്തിനാ പോലീസ് സ്റ്റേഷനിൽ കയറിപ്പോയത്. എങ്ങനാ ഒന്നറിയുക. കാര്യമറിയുവാനുള്ള ആകാംക്ഷയിൽ നിന്നിട്ടു നിൽപ്പുവരണില്ല. സദാനന്ദൻ മാഷ് നല്ലൊരു പ്രാസംഗികനാണ്. അങ്ങനെയാണ് മാഷിനെ പരിചയപ്പെട്ടതുതന്നെ. മനുഷ്യന്റെ ആർത്തിയേയും ദുഷ് ചെയ്തികളേയും കുറിച്ച് നെഹ്റു സ്റ്റേഡിയത്തിൽ നിറഞ്ഞ സദസ്സിനുമുന്നിൽ മാഷിന്റെ പ്രസംഗം ഇപ്പോഴുമോർമ്മയുണ്ട്. പ്രസംഗം നിർത്തിയപ്പോൾ ജനങ്ങൾ എഴുന്നേറ്റുനിന്ന് കൈയ്യടിച്ചു. നാട്ടിലെ പൊതുകാര്യങ്ങളിലൊക്കെ ഇടപെടുന്നയാളാണ്. അങ്ങിനെ വല്ല കാര്യത്തിനും വേണ്ടിയാവും. ചിന്തിച്ചുനിൽക്കുമ്പോൾ അതാ മാഷ് ഗെയ്റ്റിനു വെളിയിൽ ഇറങ്ങി അടുത്തുള്ള കടയിലേക്ക് പോവുന്നു. "മാഷേ..." വിളി കേട്ടതും മാഷ് തിരിഞ്ഞു. "ങേ... ആങ്ഹാ... എന്താ ?"

"മാഷിന് എന്നെ മനസ്സിലായോ ?"

"ഉവ്വ്. എന്താ ?"

"മാഷെന്തിനാ പോലീസ് സ്റ്റേഷനിൽ...?"

"ഓ... അതൊന്നും പറയാതിരിക്കുന്നതാ നല്ലത്. എന്റെ സ്ഥലത്തിന്റെ അരികിൽ ഒരാഞ്ഞിലി മരമുണ്ടായിരുന്നു. ആ മരം മുക്കാൽ ഭാഗവും അപ്പുറത്തേക്കാ പക്ഷെ ഒരു വേര് എന്റെ പുരയിടത്തിലേക്കാ. ഞാനാ മരം തടിവിലക്ക് വിറ്റു. ഇപ്പോൾ അയൽക്കാരൻ എനിക്കെതിരെ പരാതി കൊടുത്തു. അതാ... ഒരു മറുപരാതി ഞാനും കൊടുക്കും. അതിന് പേപ്പർ വാങ്ങാനിറങ്ങിയതാ. ഒരു വേരു നിന്ന എന്റെ പുരയിടത്തിനു ഒന്നുമില്ല എന്നുവച്ചാൽ...?"

മാഷ് പേപ്പർ വാങ്ങാൻ കടയിലേയ്ക്ക് പോയി. "മനുഷ്യൻ ആർത്തി പിടിച്ച് എല്ലാം എന്റെ തന്നെ എന്ന ചിന്തിക്കുന്ന ലോകമാ..." മാഷിന്റെ പ്രസംഗം കാതിൽ മുഴങ്ങിക്കൊണ്ടിരുന്നു...

●

# ചുവന്ന കാർഡ്



ടി. കെ. ഉണ്ണികൃഷ്ണൻ
6238274025

നഗരത്തിലെ ഏറ്റവും പേരുകേട്ട ഹോട്ടൽ. ഇരുട്ടിൽ അലിഞ്ഞ സന്ധ്യയിൽ പല നിറത്തിലുമുള്ള ലൈറ്റിന്റേയും പൂമാലകളുടേയും മികവിൽ ഉണർന്നുനിൽക്കുന്നു. പാർക്കിൽ സ്ഥലം ഒതുങ്ങാഞ്ഞിട്ടാവാം റോഡിന്റെ ഇരുവശവും വാഹനങ്ങൾ നിറഞ്ഞുനിൽക്കുകയാണ്. റിസപ്ഷൻ കഴിഞ്ഞാൽ കടക്കുന്നത് വലിയൊരു ഹാളിലേക്കാണ്. അതിന്റെ ഒരു വശത്തുള്ള സ്റ്റേജിൽ വർണ്ണങ്ങൾ വിതറുന്ന വസ്ത്രങ്ങളണിഞ്ഞ് ചുറ്റും പലതരം മ്യൂസിക് ഉപകരണങ്ങളുമായി നിൽക്കുന്നവരോടൊപ്പം നൃത്തത്തോടെ പാട്ടിന്റെ മധുരവരികൾ ആലപിച്ച് ഒരു സുന്ദരി ഇടയ്ക്കിടെ കാണികളോട് കൈയ്യടിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. അവരുടെ ഗാനത്തിന്റെ മികവിൽ മ്യൂസിക്കിന്റെ ധ്വനിയിൽ, മദ്യത്തിന്റെ ലഹരിയിൽ ആനന്ദിക്കുന്നവർ ഇന്ന് മഹേന്ദ്ര സിങ്ങിന്റെ അതിഥികളാണ്. അയാൾക്ക് ഇന്ത്യൻ ഫുഡ്ബാൾ ടീമിൽ ക്യാപ്റ്റനായി സെലക്ഷൻ കിട്ടിയ ആഹ്ലാദം.

ഹാളിന്റെ ഒരുഭാഗത്ത് രണ്ട് വലിയ വാതിലുകൾ കാണാം. ഒന്ന് ഡൈയിനിങ്ങ് ഹാളിലേക്കാണ് മറ്റേ വാതിൽ വലിയൊരു ഗാർഡനിലേക്കും. അവിടെ പല നിറത്തിലുള്ള വലിയ കുടകൾ കുത്തി നിർത്തിയിട്ടുണ്ട്. അതിന്റെ കീഴിൽ 2, 3 വിലപിടിച്ച കസേരകളും കാണാം. പാർട്ടിക്ക് ഇടയ്ക്ക് ആർക്കെങ്കിലും തുറന്ന സ്ഥലത്ത് കാറ്റ് കൊണ്ടിരിക്കണമെങ്കിൽ ഉപയോഗിക്കാം. അവിടെ ഒരു കസേരയിൽ താടിയും മുടിയും വളർത്തി ജീൻസും ജർക്കിയും ഇട്ട ഒരാൾ ഇരിപ്പുണ്ട്. കത്തിയെരിയുന്ന സിഗരറ്റുമായി, വിസ്കി നിറച്ച് ഗ്ലാസ്സുമായി. ഗ്ലാസ്സിലെ മദ്യം അല്പം കഴിച്ച് സിഗരറ്റ് വലിച്ച് ഊതിവിട്ട് അയാൾ ആലോചിച്ചു. നഷ്ടപ്പെട്ട മോഹങ്ങളെ പറ്റി, കൊഴിഞ്ഞുപോയ വർഷങ്ങളെക്കുറിച്ച്. ഇന്ത്യൻ ടീമിൽ വരണം, ഇന്ത്യയ്ക്ക് വേണ്ടി കളിക്കണം പക്ഷെ എല്ലാ മോഹങ്ങളും തകർന്നു. ഹരിയാനയും കൽക്കത്തയും തമ്മിലുള്ള ഏറ്റുമുട്ടൽ. ഫൈനലിൽ എത്തിയ രണ്ടു ടീമുകൾ. അയാൾ കൽക്കത്ത ടീമിലും മഹേന്ദ്ര സിങ്ങ് ഹരിയാനയ്ക്ക് വേണ്ടിയും കളിക്കുന്നത്. കൽക്കത്തയുടെ നട്ടെല്ലായിരുന്നു അയാൾ. ഹരിയാനയുടെ പേടി അയാൾ മാത്രമായിരുന്നു. അയാൾ പുറത്തായാൽ ഹരിയാനയുടെ ജയം ഉറപ്പ്. അത് അവർക്ക് അറിയാമായിരുന്നു. അതുകൊണ്ടാണല്ലോ കളി തുടങ്ങി അല്പസമയത്തിനുള്ളിൽ മഹേന്ദ്ര സിങ്ങ് അയാളുടെ കാൽ ചവുട്ടി ഫ്രാക്ച്ചർ ആക്കിയത്. ചുവന്ന കാർഡ് കാട്ടി മഹേന്ദ്ര സിങ്ങിനെ ഗ്രൗണ്ടിൽ നിന്ന് പുറത്താക്കിയപ്പോൾ ആശുപത്രിയിലെത്തിക്കാൻ അയാളെ സ്ട്രച്ചറിൽ കിടത്തിയിരുന്നു.

ഓപ്പറേഷൻ ചെയ്തെങ്കിലും ജീവിതകാലം മുഴുവൻ ഒരു മുടന്തനായി. പിന്നീട് ഗ്രൗണ്ട് കണ്ടിട്ടില്ല, ബോൾ കണ്ടിട്ടില്ല. ടി. വി.യിൽ പോലും കളി കാണുന്നത് വെറുപ്പായിരുന്നു. അച്ഛന്റെ ഹോട്ടലുകളുടെ മേൽനോട്ടം തലയിൽ വന്നു.

അയാൾ ഹോട്ടൽ മാനേജരെ മൊബൈലിൽ വിളിച്ച് പറഞ്ഞു. ഇന്നത്തെ പാർട്ടിയുടെ ബിൽ വാങ്ങണ്ട. മാനേജർ അത്ഭുതത്തോടെ ചോദിച്ചു "അതെന്താ സാർ, വലിയൊരു തുകയുണ്ടല്ലോ?"

"താൻ പറഞ്ഞത് കേട്ടാൽ മതി." അയാൾ മൊബൈൽ കട്ട് ചെയ്തു.

മഹേന്ദ്ര സിങ്ങ് ബിൽ കൊടുക്കാൻ കൗണ്ടറിൽ വന്നപ്പോൾ മാനേജർ പറഞ്ഞു ഇന്നത്തെ പാർട്ടി ഹോട്ടൽ ഉടമയുടെ വക. ബിൽ അടയ്ക്കേണ്ട. അതിശയത്തോടെ മഹേന്ദ്ര സിങ്ങ് ചോദിച്ചു "അതെന്താ, അത് പറ്റില്ല എനിക്ക് അയാളെ കണ്ട് കാര്യം ചോദിക്കണം." നിർബന്ധം പറഞ്ഞപ്പോൾ മാനേജർ മൊബൈലിൽ വിളിച്ച് ചോദിച്ചു "പാർട്ടിക്ക് സാറെ കാണണമെന്ന് പറയുന്നു." മറുപടി കിട്ടി. മാനേജർ മഹേന്ദ്ര സിങ്ങുമായി ഗാർഡനിലേക്ക് നടന്നു. മങ്ങിയ വെളിച്ചത്തിൽ മഹേന്ദ്ര സിങ്ങ് അയാളുടെ അടുത്ത് എത്തിയപ്പോൾ ഗ്ലാസ്സിലെ വിസ്കി മുഴുവൻ ഒറ്റ വലിക്ക് തീർത്ത് അയാൾ പുഞ്ചിരിച്ചു.

"എന്റെ ബിൽ വാങ്ങുന്നില്ല." മഹേന്ദ്ര സിങ്ങ് അയാളെ നോക്കി പറഞ്ഞു. അയാൾ പറഞ്ഞു "ബില്ല് വേണ്ട ഇന്നത്തെ ചിലവ് എന്റെ വക. പക്ഷെ ഒരു കാര്യം ഇന്ത്യയെ ജയിപ്പിക്കാൻ ശ്രമിക്കണം. കളി കളിച്ച് ജയിക്കണം. ചതി ഉണ്ടാവരുത്. നമ്മുടെ ടീമിൽ ആർക്കും ചുവന്ന കാർഡ് കാണേണ്ടിവരരുത്."

ഗാർഡനിലെ കുറഞ്ഞ ലൈറ്റിൽ മഹേന്ദ്ര സിങ്ങ് അയാളെ ശ്രദ്ധിച്ചുനോക്കി. അയാളിൽ നിന്നും ഒരു ശബ്ദമുയർന്നു "സുഭാഷ്, വർഷങ്ങൾക്കുമുമ്പ് കൽക്കത്തയ്ക്ക് വേണ്ടി കളിച്ച സുഭാഷ്."

അയാൾ മറുപടി കൊടുക്കാതെ മുടന്തി മുടന്തി പോകുന്നതും നോക്കി മഹേന്ദ്ര സിങ്ങ് പറഞ്ഞുപോയി "ശരിയാണ് കളി കളിച്ചുജയിക്കണം. നമ്മുടെ ടീമിൽ ആർക്കും ചുവന്ന കാർഡ് കാണേണ്ടി വരരുത്." അയാളുടെ കണ്ണുകൾ നിറയുന്നത് മാനേജർ നോക്കിനിന്നു.

# ഒരുപേക്ഷ



**ജോസഫ് പൂതക്കുഴി**
**9846751749**

**കു**റുവാ ദ്വീപിൽ അവധിക്കാലം ചെലവഴിക്കാൻ വേണ്ടി വന്നതായിരുന്നു ആ നവദമ്പതിമാർ. അടുത്തുള്ള റിസോർട്ടിൽ താമസം. ആടിയും പാടിയും പുഴയിൽ നീരാടിയും ദിവസങ്ങൾ പലതും കടന്നുപോയി. ഒരു ദിവസം ബ്രേക്ക് ഫാസ്റ്റ് കഴിച്ചുകൊണ്ടിരുന്നപ്പോൾ ചെറുപ്പക്കാരൻ പ്രിയതമയുടെ കൈയ്യിലണിയിച്ച മോതിരം വിരലിൽ കണ്ടില്ല.
''നീയെന്താ വിവാഹ മോതിരം ഊരിവെച്ചത് ?'' അവൻ അവളോട് ചോദിച്ചു. അപ്പോഴാണ് അവൾ വിരലിലേക്ക് നോക്കിയതും മോതിരം വിരലിൽ ഇല്ലെന്ന് മനസ്സിലായതും. അവൾ സംഭ്രാന്തയായി.
''ഞാൻ മോതിരം ഊരിവെച്ചില്ലല്ലോ ചേട്ടാ.'' അവൾ പരിഭ്രമത്തോടെ പറഞ്ഞു. അവൾ എഴുന്നേറ്റ് കസേരയുടെ താഴെയും ചുറ്റുവട്ടത്തിലും നോക്കി.
''പിന്നെ എവിടെ പോയി ?''
''അറിയില്ല. ഞാൻ ഊരിവെച്ചതായി ഓർക്കുന്നില്ല.''
''ശ്ശെടാ പിന്നെ മോതിരം എന്തായിപ്പോയി.'' അവൻ ശുണ്ഠിയെടുത്ത് ചോദിച്ചു.

അവൾ ആകെ വിഷമത്തിലായി. പിന്നെ മോതിരം എവിടെപ്പോയി ? അവൾ മനസ്സിൽ പരതിനോക്കി. എവിടെയാണ് പോകാൻ സാധ്യത. കഴിഞ്ഞ ദിവസങ്ങളിൽ പോയ സ്ഥലങ്ങളെക്കുറിച്ച് ഓർത്തെടുക്കാൻ അവൾ ശ്രമിച്ചു.

വെറും മോതിരമല്ല. വിവാഹ സമയത്ത് ഭർത്താവ് വിരലിൽ അണിയിച്ചുതന്ന അമൂല്യമായ സമ്മാനമാണ് കാണാതായിരിക്കുന്നത്. എന്തൊക്കെ പറഞ്ഞാലും അക്ഷന്തവ്യമായ കൃത്യവിലോപമാണ് തന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. എവിടെ പോയി നോക്കും. ഏതായാലും മുറിയിലും മുറ്റത്തുമെല്ലാം ഒരു സൂക്ഷ്മ പരിശോധന നടത്താം.

കാപ്പി കുടിച്ചു എന്നുവരുത്തി അവൾ വിഷമത്തോടെ എഴുന്നേറ്റ് മുറിയിലേക്ക് പോയി. പോകുന്ന വഴി അവൾ രണ്ടുഭാഗത്തും സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു. അവരുടെ മുറിയുടെ മുറ്റവും പരിസരവും സൂക്ഷ്മ നിരീക്ഷണം നടത്തി. ഒന്നും കണ്ടില്ല. അവൾ ഉദ്വേഗത്തോടെ മുറിയിൽ കയറി കിടക്കയിലും താഴെയും ബാഗിലും മേശവലിപ്പിലുമെല്ലാം പരിശോധന നടത്തി. പുറത്തെടുത്ത് കുടഞ്ഞുനോക്കി. സ്യൂട്ട്കേസിലുള്ള സാധനങ്ങളെല്ലാം വലിച്ചുപുറത്തിട്ടു പരിശോധിച്ചു. ബാഗിലുള്ളതെല്ലാം ബെഡ്ഡിലേക്ക് കുടഞ്ഞിട്ടു. ഫലം നാസ്തി. കുന്തം പോയാൽ കുടത്തിലും നോക്കണമെന്നാണല്ലോ പഴമൊഴി. അവൾ ബാത്റൂമിലും മറ്റെല്ലാ മുറികളിലും പരിശോധന നടത്തി. ഇനിയെന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചുനിൽക്കുമ്പോൾ ചെറുപ്പക്കാരൻ റൂമിലേക്ക് കടന്നുവന്നു.
''എന്തായി നിന്റെ നോട്ടം. മോതിരം കണ്ടോ ?''
''ഇല്ല ചേട്ടാ മുറിയും പരിസരവുമെല്ലാം ഞാൻ അരിച്ചുപെറുക്കി നോക്കി. ഒരിടത്തും കാണുന്നില്ല.'' അവൾ കരച്ചിലിന്റെ വക്കിലെത്തി.

അവൻ അവളെ ആശ്വസിപ്പിച്ചു. ''കരഞ്ഞിട്ടെന്തു കാര്യം. നമുക്ക് ഇന്നലെയും മിനിയാന്നുമൊക്കെ കുളിക്കാൻ പോയ കുറുവാ പുഴയിലൊന്നു പോയി നോക്കാം. പോയിട്ടു കാര്യമൊന്നുമില്ല. എന്നാലും ഒന്നു പോയി നോക്കാം. ചിലപ്പോൾ എണ്ണയും സോപ്പുമൊക്കെ തേക്കുമ്പോൾ അറിയാതെ വീണുപോയതാണെങ്കിലോ ?''

അത് ശരിയാണെന്ന് അവൾക്കും തോന്നി. ''അത് ശരിയാ ചേട്ടാ. നമുക്കൊന്നു പോയി നോക്കാം. എന്റെ മോതിരം അത് നഷ്ടപ്പെടുന്നതിനെക്കുറിച്ച് എനിക്ക് ഓർക്കാൻ പോലും കഴിയുന്നില്ല.'' അവൾ വിതുമ്പിക്കരയാൻ തുടങ്ങി.
''സാരമില്ല നീ സമാധാനിക്ക്. നമുക്ക് കണ്ടുപിടിക്കാം. നീ മനഃപൂർവ്വം കളഞ്ഞതൊന്നുമല്ലല്ലോ'' അവൻ അവളെ സാന്ത്വനപ്പെടുത്തി.

രണ്ടുപേരും കൂടി ഉടനെ തന്നെ അവർ കുളിക്കാനിറങ്ങിയ പുഴയുടെ ഭാഗത്തെ ലക്ഷ്യം വെച്ചു നടന്നു. പോകുമ്പോൾ അവർ ഇരുവശത്തും സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു. പുഴയിലേക്കിറങ്ങുന്ന പടവിലും പരിസരങ്ങളിലും അവർ ശ്രദ്ധാപൂർവ്വം പരതി. നല്ല ക്രിസ്റ്റൽ ക്ലിയർ ആയ ജലം. എല്ലാം വ്യക്തമായി കാണാം. പുഴയുടെ അടിത്തട്ടിൽ മിന്നലുകൾ കണ്ടവൾ ആശയോടെ എടുത്തുനോക്കി. മിന്നുന്ന കല്ലുകൾ. ചരലും മണലും വാരി നോക്കി. മോതിരമല്ലേ വീണാൽ ഒഴുകിപ്പോകാൻ സാധ്യത കുറവാണ്. ഒന്നരപ്പവന്റെ മോതിരമാണ്. തന്നെയുമല്ല ആ ഭാഗത്ത് ഒഴുക്കും തീരെ കുറവാണ്. അവൾ മണിക്കൂറുകൾ പലതും അവിടെ നോക്കി നടന്നു. പക്ഷേ...

സങ്കടത്തോടെ അവർ മടങ്ങി. കുറുവാ ദ്വീപിലെ ട്രിപ്പിന്റെ എല്ലാ രസങ്ങളും നഷ്ടമായി. അവർ അന്വേഷിക്കാവുന്ന ഇടങ്ങളിലെല്ലാം അന്വേഷണം നടത്തി. അന്വേഷം അവസാനിപ്പിച്ചു. റിസോർട്ടുടമയോട് അവർ വിവരം പറഞ്ഞു. മോതിരം സംബന്ധിച്ച എന്തെങ്കിലും വിവരം കിട്ടിയാൽ അറിയിക്കണമെന്ന് പറഞ്ഞ് അവരുടെ ഫോൺ നമ്പറുകൾ കൊടുത്തു. റിസോർട്ടിലെ താമസം മതിയാക്കി അവർ മടങ്ങി.

വിവാഹം മോതിരം വീണ്ടു കിട്ടാൻ അവൾ സകല ദൈവങ്ങളോടും പ്രാർത്ഥിച്ചു. ഗുരുവായൂരമ്പലത്തിൽ നേർച്ചനേർന്ന് കാത്തിരു

ന്നു. ഒരു വർഷം കഴിഞ്ഞു. അയാൾക്ക് കുറുവാ ദ്വീപിലെ റിസോർട്ടുടമയുടെ ഫോൺ കോൾ വന്നു. "നിങ്ങളുടെ നഷ്ടപ്പെട്ട വിവാഹ മോതിരം കിട്ടിയിട്ടുണ്ട്. അതിൽ നിങ്ങളുടെ പേര് എഴുതിയിട്ടുണ്ട്. 'സുരേഷ്'."

ഉദ്വേഗത്തോടെ അയാൾ ചോദിച്ചു "അതെവിടുന്ന് കിട്ടി ?"

"വേനലറുതിക്ക് തൊഴിലുറപ്പുകാർ പുഴയും പരിസരവും ശുചീകരിക്കുമ്പോൾ പുഴയുടെ ഇറമ്പിലെ മണലിൽ പുതഞ്ഞു കിടക്കുകയായിരുന്നു. അവർ മണൽ കോരിയിടുമ്പോൾ കിട്ടിയതാണ്. റിസോർട്ടിലെ മുഴുവൻ ജോലിക്കാരോടും മോതിരത്തിന്റെ കാര്യം ഞാൻ പറഞ്ഞേൽപ്പിച്ചിട്ടുണ്ടായിരുന്നു."

ഒരു ദീർഘ നിശ്വാസത്തോടെ റിസോർട്ടുടമയ്ക്ക് നന്ദി പറഞ്ഞ് ചെറുപ്പക്കാരൻ ഫോൺ വെച്ചു. പിറ്റേന്നുതന്നെ അയാൾ ഭാര്യയേയും കൂട്ടി നേർച്ച നടത്താൻ ഗുരുവായൂരപ്പന്റെ സന്നിധാനത്തിലേക്ക് യാത്രയായി. ●

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

**നി**ഷ്കാമകർമ്മാർത്ഥമിദം ശരീരം - പേജ് 8, ഏക തത്ത്വ പുസ്തകം 10 ലക്കം 3 ഫെബ്രുവരി 2020. ജാതിമതവ്യത്യാസമില്ലാതെ ഏവർക്കും യഥാർത്ഥ ഗുണം ചെയ്യാൻ കഴിവുള്ളതും 700 ശ്ലോകങ്ങളുള്ളതുമായ ഒരു ഉത്തമകൃതിയിൽ നിന്നു പറിച്ചെടുത്ത ചില വാക്കുകളും ആശയങ്ങളും അടങ്ങിയ ഈ ചെറുലേഖനം രചയിതാവിനു ശോഭ തരുന്നില്ല. ആരേയും മുഷിപ്പിക്കാൻ മനസ്സില്ലാത്ത അത്യദ്ധ്വാനി, ദിനംതോറം എണ്ണമില്ലാത്ത വിഘ്നങ്ങളുമായി പൊരുതിവരുന്ന 'എത്തനൂർ തുപ്പലെ' തറവാടിയുടെ മാസികയെ, നിലവാരം താഴാതെയിരുത്തേണ്ട ധർമ്മം രചയിതാക്കളുടെയല്ലേ ?

മഹാഭാരതയുദ്ധം ചരിത്ര കഥയാണോ ? ഗീത രചിക്കപ്പെട്ടത് അതിനുമുമ്പോ ശേഷമോ, എന്നും മറ്റും അനാവശ്യ തുച്ഛ കാര്യങ്ങളാണ്. നിഷ്കാമ കർമ്മത്തെ എടുത്തുകാട്ടുന്ന ശ്ലോകമാണ് ഗീത അധ്യായം II ശ്ലോകം 47ലെ 'മാ കർമ്മ ഫല ഹേതുഭൂഃ' (കർമ്മത്തിന്റെ ഫലപ്രതീക്ഷ കർമ്മത്തിനു കാരണമാകരുത്) ടി.വി. സീരിയൽ കണ്ട ഏവർക്കും ഇത് സുപരിചിതം അല്ലെ ? സുഖം, ദുഃഖം, ആത്മവിശ്വാസം, കർമ്മയോഗം, ഏകാഗ്രത, അഹങ്കാരത്യാഗം, ധർമ്മം, വിജയം എന്നീ പദങ്ങളെ വാരിക്കൂട്ടിച്ചേർത്ത് 'അവിയൽ' ആക്കിയത് ഒഴിവാക്കാമായിരുന്നു !

കൊടുത്ത ശ്ലോകത്തിൽ (ഗീത അധ്യായം XIII ശ്ലോകം 27) അധികം തെറ്റുകളുണ്ട്. 'സമം സർവ്വേഷു ഭൂതേഷു തിഷ്ഠന്തം പരമേശ്വരം, വിനശ്യത്സ്വ വിനശ്യന്തം യഃ പശ്യതി സ പശ്യതി.' (വിനശ്യത്സു അവിനശ്യന്തം - ദേഹനാശത്തിൽ നശിക്കാത്ത) ശ്ലോക സാരം - സകല ജീവികളിലും ഒരുപോലെ ഉള്ളതും ദേഹനാശത്തിൽ നശിക്കാത്തതുമായ പരമാത്മാവിനെ കാണുന്ന വ്യക്തിക്കേ സൂക്ഷ്മദൃഷ്ടിയുള്ളു.

'സത്യംവദഃ ധർമ്മം ചരഃ' എന്നത് തെറ്റാണ്. 'സത്യം വദ ധർമ്മം ചര' എന്നതാണ് ശരി. തെറ്റിദ്ധരിക്കാതിരിക്കാൻ താണുകേണപേക്ഷ ചേർക്കട്ടെ. ഏക തത്ത്വയുടെ നിലവാരം താഴാതിരിക്കാൻ ലേഖകരോട് വീണ്ടും വീണ്ടും യാചിക്കുന്നു.

എം. എം. മേനോൻ
0491 - 2572939

*മാസിക ഗംഭീരമായിരിക്കുന്നു*

ഏക തത്ത്വ ഫെബ്രുവരി ലക്കം - മുഖച്ചിത്രത്തിന് 100ൽ 100 മാർക്ക്. താഴെയൊരടിക്കുറിപ്പുണ്ട് - എല്ലാവരേയും ഉപാധികളില്ലാതെ സ്നേഹിക്കുക. അവസാന പുറത്തുണ്ട് ഒരുവാചകം. എഴുത്ത് എഴുതി നേരെയാക്കാം പക്ഷെ എഴുത്തുകാരൻ ദുശ്ശീലങ്ങൾക്കടിമപ്പെട്ടവനെങ്കിൽ എഴുതിയിട്ടെന്തുകാര്യം ? എത്ര അർത്ഥവത്താണ്. സർഗ്ഗവാസന ജന്മസിദ്ധം. പക്ഷെ ലഹരി മനുഷ്യനാൽ ഉണ്ടാക്കിയെടുക്കുന്നത്. ധാരാളം സത്കഥകൾ എഴുതി സാമൂഹ്യ നന്മയെഴുതി ഐക്യത്തിനാഹ്വാനം ചെയ്തിട്ട് രാത്രി റോഡിലിഴഞ്ഞ് വീടു തേടുന്ന സാഹിത്യകാരന് ചാട്ടവാറടിയാണ് വേണ്ടത്. സത്യം തന്നെ ആ വാക്കുകൾ. പ്രസക്തം. ലേഖനം, കഥ, കവിത, ഓർമ്മക്കുറിപ്പുകൾ തുടങ്ങി പൊതുവിജ്ഞാനം കൂടി ഉൾപ്പെടുത്തിയത് ഗംഭീരമായിരിക്കുന്നു. കെട്ടിലും മട്ടിലും വൈശിഷ്ട്യം കാത്തുസൂക്ഷിക്കാനായി എന്നത് ചില്ലറക്കാര്യമല്ല. ഇതിനുപിന്നിൽ വലിയൊരു മാനുഷിക പ്രയത്നം കാണുന്നു. തുടരട്ടെ ജൈത്രയാത്ര... നന്മകൾ... ആശംസകൾ... നന്മകൾ...

ടി. വി. ഹരികുമാർ
9446118387

മുരളിക്ക്,

ജനുവരിയിലെ ഏക തത്ത്വ കിട്ടി. വളരെ സന്തോഷം. പുസ്തകം കിട്ടിയാൽ ഏതാണ് ആദ്യം വായിക്കേണ്ടത് എന്നതാണ് പ്രശ്നം. ലേഖനങ്ങളാകട്ടെ, ചെറുകഥകൾ, കവിതകൾ എന്നുവേണ്ട എല്ലാ വിഭവങ്ങളും ഭയങ്കര സാദ്വിഷ്ടം. ഒന്നും കളയാനില്ല എന്നുവേണമെങ്കിൽ പറയാം.

പിന്നെ എടുത്തു പറയാനുള്ളത് ശ്രീമതി. എം. എൽ. ശ്യാമള ഡിസംബർ ലക്കത്തിൽ എഴുതിയ 'സപ്താഹവും അന്നദാനവും' എന്ന വിഷയത്തെപ്പറ്റിയാണ്. ശ്യാമളാമ്മയ്ക്ക് ആരോടാണിത്ര അമർഷം ? നടത്തുന്നവരോടോ പങ്കെടുക്കുന്നവരോടോ ? ഇതൊക്കെ നിർത്താൻ നമ്മൾ മാത്രം വിചാരിച്ചാൽ മതിയോ? പൂച്ചക്കാരുമണി കെട്ടും എന്ന അവസ്ഥയല്ലേ. അന്ധവിശ്വാസങ്ങൾ നില നില്ക്കുന്നിടത്തോളം ഇതൊക്കെ ഉണ്ടാവും. ഇന്നത്തെ തിരക്കേറിയ ജീവിതത്തിൽ ഒരു തരി മനഃസ്സുഖത്തിനായി ഇതിന് പിറകേ പോകാൻ ആളുകളുണ്ട്. പിന്നെ വേറൊരു വിഭാഗക്കാരുണ്ട്. കർമ്മം കൃത്യമായി ചെയ്താൽ മാത്രം മതി എന്ന് ചിന്തിക്കുന്നവർ. അവർ സമൂഹത്തിൽ ഒറ്റപ്പെടുകയും ചെയ്യും. പ്രതികരണം നല്ലതാണ്. വിലപ്പോകുമോ എന്നറിയില്ല.

നിർത്തുന്നു. എല്ലാ വായന

ക്കാർക്കും അല്പം വൈകിയാണെങ്കിലും 'പുതുവത്സരാശംസകൾ'.
സസ്നേഹം

ജയ ചന്ദ്രൻ,
8593949935

പ്രിയ മുരളി സാർ,

പരക്കം പാച്ചിലിൽ ഓടിത്തളർന്ന വിജനമായ വഴിത്താരകൾ. ഇനി തുടങ്ങാനുള്ള പരക്കം പാച്ചിലിന്റെ നിശ്ചലാവസ്ഥയാണ് 'മുഖചിത്രം' എന്ന് തോന്നി. ഏറെ ശ്രദ്ധേയം 'എനിക്ക് പറയാനുള്ളത്' തന്നെയാണ്. കുറഞ്ഞവരികളിൽ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അതിൽ ഭൂതവും, വർത്തമാനവും, ഭാവിയും എല്ലാം ചിലയിടങ്ങളിൽ കാണപ്പെട്ടു. എല്ലാവരും പരക്കം പാച്ചിലിലാണ്. തൊഴിലന്വേഷിച്ച്, വിശപ്പടക്കാൻ, മറ്റ് ചിലർ പുതിയ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കാൻ. ഈ അവസ്ഥ തുടർന്നുകൊണ്ടേയിരിക്കും.

പതിവ് പംക്തികളായ ലേഖനങ്ങൾ മോശമല്ലാതെ മുന്നോട്ട് പോകുന്നു. മുക്കം ഭാസിയുടെ ഓർമ്മച്ചിത്രങ്ങൾ നല്ല നിലവാരം പുലർത്തുന്നുണ്ട്. ഗായകരത്നങ്ങളിൽ എസ്. ജാനകിയെക്കുറിച്ചെഴുതിയത് അവരെക്കുറിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞു. അതുപോലെ അപസ്മാരത്തെക്കുറിച്ച് ഡോ. സി. രാമകൃഷ്ണൻ എഴുതിയത് വിജ്ഞാനപ്രദമായി. ഡോ. ഒ. സി. പ്രമോദിന്റെ 'നാടിനെ അറിയാം നാട്ടാരേം' എന്നതിൽ പത്തനംതിട്ട ജില്ലയിലൂടെ ഒരു യാത്ര ചെയ്ത അനുഭവമുണ്ടായി. കഥകളും കവിതകളും മറ്റു പംക്തികളും ഏറെ നന്നാവുന്നുണ്ട്. അതിൽ ചിലത് കാലിക പ്രസക്തിയുള്ളവയുമാണ്.

ഓരോ രചനകളെക്കുറിച്ച് പ്രത്യേകം പരാമർശിക്കാൻ പറ്റില്ലെങ്കിലും എല്ലാം ഒന്നിനൊന്ന് മികച്ചതാണ്. എല്ലാ എഴുത്തുകാർക്കും വായനക്കാർക്കും അക്ഷരങ്ങളെ മലരുകളാക്കുന്ന ഏക തത്ത്വയ്ക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഹരി കെ. പുരക്കൽ
ആനക്കര, 9995698825

# ഭക്തി കച്ചവടം

പി. എച്ച്. മുഹമ്മദ്
9809240878

ഭക്തിയുടെ നിറഞ്ഞാട്ടമാണ് സർവ്വ മത സമൂഹങ്ങളിലും നാം കണ്ടുകൊണ്ടിരിക്കുന്നത്. ശരീരത്തിലും കെട്ടിടങ്ങളിലും വാഹനങ്ങളിലും എന്നുവേണ്ട റോഡായ റോഡ് മുഴുവനും ഭക്തി പ്രകടനം തകർക്കുകയാണ്.

അമ്പലങ്ങളിലും പള്ളികളിലും ചർച്ചുകളിലും ആൾക്കൂട്ടങ്ങൾ കാരണം പൊറുതിമുട്ടുകയാണ്. സർവ്വയിടങ്ങളിലും ആരാധനകളുടെ എണ്ണവും വണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഭക്തിക്കച്ചവടം ജീവിതമാർഗ്ഗമാക്കിയവരുടെ ഭീമമായ വളർച്ചയും നമുക്ക് കാണാവുന്നതാണ്.

ഈ മായാലോകത്തിനപ്പുറത്ത്, ആരാധനകൾ എന്ന മാർഗ്ഗത്തിലൂടെ കരഗതമാവേണ്ട ഭക്തിസാന്ദ്രമായ ഒരു മനസ്സും ആ മനസ്സിൽ നിന്നും സ്വാഭാവികമായും ഉറവയെടുക്കുന്ന കോപ മോഹ ദ്വേഷ ലോപ രഹിത ജീവിത സരണിയും അശേഷം ദൃശ്യ സാധ്യമല്ല.

ഉപരിപ്ലവമായ കാട്ടിക്കൂട്ടലുകളാണ് ഭക്തി എന്ന് തെറ്റിദ്ധരിച്ചുപോയ ആരാധകവൃന്ദമാണോ അതോ മൂല്യങ്ങൾ സൃഷ്ടിക്കപ്പെടുന്ന മനസ്സുകളാണ് യഥാർത്ഥ ഭക്തിയെന്നു പഠിപ്പിക്കാതെയിരിക്കുന്ന മതാധ്യാപനമാണോ യഥാർത്ഥ കുറ്റവാളി? ആരാധനകൾ മൂല്യബോധമുള്ള ഒരു മനസ്സിനെ സൃഷ്ടിച്ചെടുക്കാനുള്ള ഉപായങ്ങളാണെന്നത് മറന്നുപോയ കാലമാണിത്.

വ്യക്തിപരവും സാമൂഹ്യവുമായ മൂല്യങ്ങളൊന്നും ജീവിതത്തിലാവാഹിക്കാതെ ഭക്തിയുടെ സോപാനത്തിലാണ് തങ്ങളെന്ന് വിചാരിക്കുന്ന ധാരാളം ഭക്തന്മാർ ഉള്ള കാലമാണിത്.

യഥാർത്ഥ ഭക്തിയെന്നാൽ, വ്യക്തിതലത്തിൽ സത്യസന്ധതയും മൂല്യബോധമുള്ള ജീവിതവും സാമൂഹ്യ തലത്തിൽ, പരക്ഷേമ തൽപരതയും സാഹോദര്യ മനസ്സും അതിനനുസൃതമായ സാമൂഹ്യബന്ധങ്ങളുമാണ്. ദൈവം തനിക്ക് നൽകിയ സമ്പത്ത് ദരിദ്രരായ മനുഷ്യരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനും കൂടി ഉപയോഗിക്കേണ്ടതാണ് എന്നത് ഭക്തിയുടെ ഹൃദയമാണ്.

സമൂഹവുമായി യാതൊരു ബന്ധവുമില്ലായ്മ, ചുറ്റുപാടും നടന്നുകൊണ്ടിരിക്കുന്ന സാമൂഹ്യ പ്രശ്നങ്ങളോട് നിസ്സംഗത, തന്റേതല്ലാത്ത ജനവിഭാഗങ്ങളോട് അകൽച്ചയും വിദ്വേഷവും പോലും ഭക്തിയുടെ ഭാഗമാണെന്ന് കരുതുന്ന വിഡ്ഢികൾ ഉണ്ടെന്നതാണ് സത്യം.

**ഏക തത്ത്വ കുടുംബാംഗങ്ങളുടെ ആദരാഞ്ജലികൾ...**



നമ്മുടെ പ്രിയ എഴുത്തുകാരൻ ശ്രീ. സുരേഷ് തെക്കീട്ടിലിന്റെ പിതാവ്, പാലൂർ തെക്കീട്ടിൽ ശങ്കരനാരായണൻ നായർ (80) റിട്ട. റെയിൽവേ ഉദ്യോഗസ്ഥൻ അന്തരിച്ചു.

# പ്രണയം



**എം. റസാക്ക്**
**ബത്തേരി, വയനാട്**
**9400854430**

പ്രണയം എനിക്കു സമ്മാനിക്കാനായി ഒരുക്കി വച്ചതിൽ, വിലപ്പെട്ട മധുരം നീ ആയിരുന്നു. എന്നെ കൺകുളിർക്കെ കാണാൻ നിനക്ക് ദൈവം കാഴ്ച തന്നില്ല...! എന്റെ വിരൂപം നിറഞ്ഞ ഭംഗി നീ എന്റെ ശബ്ദത്തിലൂടെ മാത്രമേ തിരിച്ചറിഞ്ഞുള്ളൂ. നീ എന്നെയും ഞാൻ തിരിച്ചും പ്രണയത്തിന്റെ നെറുകയിൽ ചുബിച്ചു. സ്നേഹിച്ചു കൊതിതീരാതെ, ഈ ലോകത്തിൽ എല്ലാവരും കളിയാക്കി ചിരിച്ചപ്പോഴും അവരുടെ മുമ്പിൽ മരണം വരെയും തോറ്റു കൊടുക്കാതെ, നിനക്കായി, നിന്റെ മാത്രമായി ജീവിക്കാൻ കൊതിച്ചു. കാലം അതിന്റെ കറക്കത്തിനൊടുവിൽ നിനക്ക് നഷ്ടപ്പെട്ട കാഴ്ചശക്തി തിരിച്ചു തരാൻ സമ്മതിച്ച ഡോക്ടറെ നുണകളാൽ ഞാൻ നിഗ്രഹിച്ചു...! സാമാന്യ സൗന്ദര്യം നിറഞ്ഞു നിൽക്കുന്ന നീ, കാഴ്ച തിരിച്ചു കിട്ടിയാൽ എന്നെ, എന്റെ വിരൂപമായ മുഖ സൗന്ദര്യം കാണാനിടയായാൽ, എന്റെ സ്വപ്നലോകത്ത് എന്നെ ഉപേക്ഷിക്കുമോ എന്ന ഭയം, എന്നെ മറ്റൊരു മനുഷ്യനാക്കി മാറ്റി...!! എന്നാൽ നീ, എന്റെ കുഞ്ഞിൻ അമ്മയായ നീ, സന്തോഷത്തിന്റെ കാണാക്കയങ്ങളിൽ പെട്ട് കാഴ്ചയില്ലാത്ത ലോകത്തിൽ ജീവിച്ച് പ്രതീക്ഷകൾ നഷ്ടപ്പെട്ട് ജീവിതം തള്ളിനീക്കിയപ്പോൾ, മനുഷ്യന്റെ സ്നേഹം, എന്നെ മാത്രം സ്നേഹിച്ച് പ്രണയത്തിന് ഉത്തരം നല്കിയപ്പോൾ, കൺകുളിർക്കെ കാണാനുള്ള ആഗ്രഹം നിറവേറ്റേണ്ടത് എന്റെ ചുമതലയല്ലേ...? തലയിൽ വെള്ളിടി വീണ മനുഷ്യനെ പോലെ, തന്റെ പ്രിയതമയോടുള്ള സ്നേഹത്താൽ കളവ് പറഞ്ഞപ്പോൾ, അവൾക്ക് കാഴ്ച തിരിച്ചുകിട്ടിയിരുന്നെങ്കിൽ അവളുടെ സ്നേഹം എന്താകുമായിരുന്നു...? പ്രാണസഖി നഷ്ടപ്പെട്ട ദുഃഖത്തിൽ ഇത് ഒന്നും കാണാതെ താനും ഒരു കുരുടനായിരുന്നെങ്കിൽ എന്ന് പ്രാർത്ഥിച്ചു പോകുന്നു...!

*****

ഈ പ്രണയ ദിനത്തിൽ... 'ഖൽബിന്റെ ഉള്ളിലെ കാമുകന്റെ കഥ പറഞ്ഞ' പ്രശസ്തനായ കെ. ടി.യുടെ കണ്ണുകൾ എന്ന കഥയിൽ നിന്നും ചികഞ്ഞെടുത്ത വേറിട്ട കാഴ്ച...(അപൂർണ്ണതയിലും)

# ജീവാമൃതം



**മായ ബാലകൃഷ്ണൻ**
**9846093112, 9497157065**


സർവ്വംതികഞ്ഞു പിന്നെയും പോരാഞ്ഞു
ആർത്തിപൂണ്ടു നിത്യവും
സുഖം തേടിയലയുന്നു മർത്ത്യർ .
മണ്ണിൻ പൈദാഹങ്ങളെല്ലാം ഊറ്റി
ചുട്ടുതിന്നുന്നുയീക്ഷിതിതൻ ജീവനും !

ഇഴമുറിയാതെ ധാരധാരയായ് മണ്ണിനു
പുണ്യംനുകരും ആഴിയായ് പുഴയായ്
വർഷബിന്ദുക്കളായ് നനഞ്ഞിറങ്ങവേ ;
പുല്ല് പുൽക്കൊടി തളിരിടുംപാടം
നെന്മണികൾ അന്നമായ് കതിരിടും.
മുളംപാട്ടിനു കാറ്റൂതി ഇലപ്പടർപ്പുകൾ
താളംപിടിച്ചീടും ചോലമരക്കാടുകൾ
കൊച്ചരുവികൾ സർഗ്ഗവസന്തം തീർക്കും.
ഒരിറ്റുദാഹജലം തൊണ്ടനനച്ചീടവേ
മധുരംകിനിച്ചു പൂങ്കുയിലും പാടിടും.

അമൃതാണു ജീവിതക്കനിയാണു
സിരകളിൽ തുള്ളി ജീവാമൃതം കിനിയവേ ;
നനമണ്ണു കിളിർത്തു പൊടിച്ചിടും
നിർവൃതിതൻ ജീവാങ്കുരം !
കത്തിജ്ജ്വലിച്ചുഗ്രവീര്യത്തിൽ ഉഷ്ണം
ഉച്ചിയിൽ വേരോടുമ്പോൾ
പകുത്തുനൽകുവാൻ നീർനീട്ടിയ
ധരണിയുടെ ഉത്തുംഗ മകുടങ്ങളിൽ
പച്ചത്തഴമ്പാർന്ന കാടക
ങ്ങളുണ്ടായിരുന്നല്ലോ...!

ഇല്ലാ, ദുഷ്കൃതരാം പരിഷ്കൃതർ
നാടിനു വളമായ് വെളിച്ചമായ്
കാടിതു നാടാക്കീടുന്നു.
തിരിച്ചുനൽകുവാനേതുമില്ലാതെ
മണ്ണുംനിന്നു വിളർത്തുപൊട്ടുന്നു.

വെറും ഭിക്ഷാംദേഹിയായലയുന്നു
ഒരുകുടം ജലത്തിനായ് മർത്ത്യരിവിടെ !
തിരിച്ചിറങ്ങുമോ ഇനിയൊരു കാലം ;
മാനംതൊടും മാറാപ്പുകളിറക്കി
ഇലകളിൽ തരുക്കളിൽ ശാഖികളിൽ
വേരുകളിൽനിന്നൂർന്നു മണ്ണിൽ
പടർന്നു പന്തലിയ്ക്കുവാനാകുമോ ?
സ്നിഗ്ദ്ധമാമൊരു തുള്ളിതൻ നൈർമ്മല്യം
കാത്തുപോരുകിലീ ജന്മം എത്ര സുകൃതം!



സൈനുദീൻ മുണ്ടക്കയം
9947253006

## കാക്കേ കാക്കേ !!

കൈകൊട്ടി മാടി വിളിക്കും കാക്കയെ. പിതൃപിണ്ഡം കാക്ക തിന്നില്ലെങ്കിൽ ആത്മാക്കൾക്കു ശാന്തി കിട്ടില്ല. അങ്ങനെയാണല്ലൊ വിശ്വാസം. കാക്ക വരും വരെ പ്രതീക്ഷയോടെ കൈകൊട്ടി മാടി മാടി വിളിക്കും.

പഴുത്തതും പുഴുത്തതും കാക്ക കൊത്തി തിന്നും, പിതൃ പിണ്ഡവും. വിരുന്നു വിളിക്കാനും കാക്ക വേണം. പിന്നെന്തിന് കാക്ക കൊത്തും കാക്കച്ചി കൊത്തും എന്നോർത്തു നിലവിളിക്കുന്നു ? കാക്കയിൽ ആത്മാക്കളുടെ സാന്നിദ്ധ്യമുറപ്പിക്കുമ്പോൾ മറുവശത്ത് കാക്ക കൊത്തുമെന്ന ഭയം !! അതെന്താ... അങ്ങനെ?!

## ദൈവ വിശ്വാസി

ആ സ്ത്രീ ദൈവവിശ്വാസിനിയായിരുന്നു. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിപ്പാൻ കർത്താവ് അരുളി ചെയ്തത് തന്നെ മാത്രം താൻ സ്നേഹിക്കണം എന്ന് തിരുത്തിവായിക്കാൻ മറന്നില്ല. ആര്, എന്തിന് സമീപിച്ചാലും "എനിക്കാരുടേയും ഒത്താശയും സഹായവും ആവശ്യമില്ല, എനിക്കെന്റെ കർത്താവുമതി" എന്ന് ഉറക്കെ പറയും. "ഇതുവരെ എന്റെ എല്ലാ കാര്യങ്ങളും നടത്തിയതും നടത്തിച്ചതും എന്റെ കർത്താവാണ്. എനിക്കത് മതി. അവൻ മാത്രം മതി." എന്നായിരുന്നു റിട്ടയേർഡ് ഉദ്യോഗസ്ഥയായ അവരുടെ തീരുമാനം. ആരേയും തന്റെ വീട്ടിലേക്ക് പ്രവേശിക്കാൻ അനുവദിച്ചുമില്ല.

"ഒരാപത്തുവന്നാൽ എന്തു ചെയ്യും ?" എന്നു ചോദിച്ചവരോട് "എനിക്കെന്റെ കർത്താവുണ്ട്, അവൻ തുണയ്ക്കും" എന്ന് മറുപടി.

കാലം ആരോടും ചോദിക്കാതെ ഓടിക്കൊണ്ടിരുന്നു. ഒരു രാത്രി. "ഓടി വായോ എന്നെ രക്ഷിക്കണം !!" എന്നൊരാർത്തനാദം കേട്ടവർ വിചാരിച്ചത് അവർ കർത്താവിനെ വിളിക്കുകയാണെന്നായിരുന്നു. ഞെട്ടിയുണർന്ന അയൽക്കാർ തുടരെത്തുടരെ ദീനമായ ആ വിളി കേട്ടു. എന്തോ കുഴപ്പമുണ്ടെന്ന സംശയത്താൽ രണ്ടുപേർ അങ്ങോട്ടുചെന്നു. പൂട്ടിയഗേറ്റു ചാടിക്കടന്ന് വീടിനെ സമീപിച്ചപ്പോൾ, രക്തം വാർന്ന് കിടക്കുന്ന ദൈവഭക്തയേയും, നിസ്സഹായനായി നില്ക്കുന്ന ഭർത്താവിനേയും കണ്ടു.

"രക്ഷിക്കണേ... രക്ഷിക്കണേ..." എന്നവർ ദീനമായി അപേക്ഷിക്കുന്നു. വന്നവരിലൊരാൾ "അപ്പൊ... കർത്താവ് വന്നില്ലായിരുന്നോ ?!" ഒരു കുസൃതി ചോദ്യം ചോദിച്ചുകൊണ്ട് അനന്തര നടപടികളിലേക്ക് നീങ്ങി. അവരുടെ ദൈന്യഭാവവും നിസ്സഹായതയും കണ്ടപ്പോൾ അങ്ങനെ ചോദിച്ചത് ശരിയായില്ലെന്നയാൾക്കും തോന്നി.

## കളങ്കിത പരിശുദ്ധർ

ഉന്നത സ്ഥാനീയർ കളങ്കിരായി പരിണമിക്കുമ്പോൾ, അവരെ ആദരിക്കുന്നവർക്കുള്ളിൽ വെറുപ്പും വിദ്വേഷവും ഉണർന്നുവരാം. അവിശ്വാസവും വളരും. അതുതെറ്റാകുന്നതെങ്ങനെ ? വിശ്വസ്തൻ വിശ്വാസഘാതകനും പരിശുദ്ധൻ നികൃഷ്ടനുമാകാമോ ?

പ്രതിച്ഛായ തകരുമ്പോൾ, അനുയായികളുടെ ശ്രദ്ധ തിരിച്ചുവിടാനും അവർക്കറിയാം. വികാരോത്തേജകങ്ങളായ് നുണകൾ പടച്ചുവിടും. അയൽക്കാരെ പോലും തമ്മിലടിപ്പിക്കാൻ പാകത്തിൽ വിദ്വേഷ പ്രസ്താവനകൾ ഇറക്കും. അതും ആധികാരികമായിത്തന്നെ.

ആ പരിശുദ്ധർ പറയുന്ന നുണകൾ പരിശുദ്ധമെന്നവർ വിശ്വസിക്കും. പരസ്പര വിദ്വേഷവും സ്പർദ്ദയും വളർന്നുവരുമ്പോൾ പരിശുദ്ധന്റെ കളങ്കം മറവിയുടെ മറയിലൊളിക്കും. വിശ്വാസികളെ വിശ്വസിപ്പിക്കലിലാണല്ലൊ അവരുടെ നിലനില്പ്പ്. നുണകൾ സമൂഹത്തിൽ ആധി പടർത്തുമ്പോൾ പരിശുദ്ധർ ദേവദൂതരായി അവതരിക്കും...
ശേഷം... ശുഭം !!

## എഴുത്ത്

കവി ഖിന്നനായി. എന്തെഴുതണം ? എന്തിനെ കുറിച്ചെഴുതണം ? എങ്ങനെ എഴുതണം ? എന്തിനെഴുതണം ? ചോദ്യങ്ങൾ അവസാനിക്കുന്നില്ല. സർവ്വ തന്ത്രസ്വതന്ത്രമായി, ആരെപ്പറ്റിയും, എന്തിനെപ്പറ്റിയും എങ്ങനെയും എഴുതിയിരുന്ന കാലം... പകയോടെ ആരും പ്രതികരിക്കാതിരുന്ന കാലം... ആ കാലം... ഇല്ല... അക്കാലം അവസാനിക്കുന്നുവോ ?

സത്യത്തെ ഭയക്കുന്നവർ, വിമർശനങ്ങളെ എതിർക്കുന്നവർ, അന്യായങ്ങളെ ന്യായീകരിക്കുന്നവർ, കപട തന്ത്രങ്ങൾ മെനയുന്നവർ, അധികാരത്തെ കെട്ടിപ്പുണരുന്നവർ, അക്ഷരവൈരികൾ, എല്ലാറ്റിനുമുപരി ചിന്താദരിദ്രർ... ഇവരോട് എന്ത് പറയും ?... എന്തെഴുതും ?

എഴുതാതിരിക്കാനാവുന്നില്ല. എന്തെങ്കിലും എഴുതിയേ പറ്റൂ. എഴുത്ത് തന്റെ നിയോഗമാണ്. സ്വരങ്ങൾ വേണ്ട... അതവർക്കിഷ്ടമല്ല. വ്യഞ്ജനങ്ങൾ മതി. ഒടുവിൽ എഴുതി.

ക ഖ ഗ ഘ ങ, ച ഛ ജ ഝ ഞ
ക ച ട ത പ, ങ ഞ ണ ന നമഃ

മറക്കല്ലേ...

ഏക തത്ത്വയുടെ
വരിക്കാരനാകാൻ
മറക്കല്ലേ...

വരിക്കാരായവർ
യഥാസമയം വരിസംഖ്യ
പുതുക്കാനും മറക്കല്ലേ...

വാർഷിക വരിസംഖ്യ
170 രൂപ മാത്രം...



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# നിഖിൽ കൊടിയത്തൂരിന് ജെ.സി.ഐ. ഇന്ത്യയുടെ അനുമോദനം

പാലക്കാട് : ജെ.സി.ഐ. ഇന്ത്യ ഫൗണ്ടേഷൻ സ്റ്റാർ മെമ്പറായി പരിഗണിക്കപ്പെട്ട ജെ. സി. ഐ മേഖലാ ഓഫീസറും, എം. എ. പ്ലൈ ഫൗണ്ടേഷൻ സ്ഥാപക ഡയറക്ടറുമായ നിഖിൽ കൊടിയത്തൂരിനെ അനുമോദിച്ചു. ജൂനിയർ ചേമ്പർ ഇന്റർനാഷണലിന്റെ സാമൂഹിക സേവന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഇന്ത്യയിൽ നേതൃത്വം നൽകുന്ന ചാരിറ്റബിൾ ട്രസ്റ്റാണ് ജെ. സി. ഐ ഫൗണ്ടേഷൻ. ഫൗണ്ടേഷന്റെ കീഴിൽ വർഷാ വർഷം രണ്ടായിരത്തിൽപരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. കോഴിക്കോട്, പാലക്കാട്, മലപ്പുറം, ജില്ലകൾ ഉൾപ്പെടുന്ന സോൺ ഇരുപത്തിയൊന്നിൽ നിന്നും ഈ വർഷത്തിൽ ആദ്യമായി ഈ അംഗീകാരം ലഭിക്കുന്ന വ്യക്തി കൂടിയാണ് നിഖിൽ. ജെ. സി. ഐ ഫൗണ്ടേഷന് നൽകിയ സമഗ്ര സംഭാവനകളുടെ അടിസ്ഥാനത്തിലാണ് 2020-ലെ ഈ അംഗീകാരം.




ജൂനിയർ ചേമ്പർ ഇന്റർനാഷണൽ ഇന്ത്യയുടെ ഫൗണ്ടേഷൻ സ്റ്റാർ മെമ്പറായി നിശ്ചയിക്കപ്പെട്ട നിഖിൽ കൊടിയത്തൂരിനെ ജെ. സി. ഐ ഇന്ത്യ, ദേശീയ ഉപാദ്ധ്യക്ഷൻ അൻഷു സറഫ് അനുമോദിക്കുന്നു. സോൺ പ്രസിഡണ്ട് ദീപേഷ് നായർ, മുൻ മേഖലാ അദ്ധ്യക്ഷൻ സി. പി. അബ്ദുൽ സലാം, ജെ. സി. ഐ പാലക്കാട് പ്രസിഡണ്ട്, ശ്രീജിത്ത് എസ് നായർ തുടങ്ങിയവർ സമീപം.

# 'ബാലുമഹേന്ദ്ര' അനുസ്മരണവും പുസ്തക പ്രകാശനവും



തിരുവണ്ണാമലൈ വംശി ബുക്സിന്റെ ആഭിമുഖ്യത്തിൽ സംവിധായകൻ ബാലുമഹേന്ദ്ര അനുസ്മരണവും, അദ്ദേഹത്തിന്റെ അഭിമുഖങ്ങളും, സുഹൃത്തുക്കളുടെ ഓർമ്മക്കുറിപ്പുകളും, മറ്റ് ലേഖനങ്ങളും സമാഹരിച്ച് 'ശ്രീ. ദിനേഷ് കന്നിമാരി' തയ്യാറാക്കിയ 'അഴിയാത കോലങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം അട്ടപ്പാടി 'സദ്ദർശൻ' സ്റ്റഡി സെന്ററിൽ വച്ച് നടത്തുകയുണ്ടായി. പ്രശസ്ത തമിഴ് സാഹിത്യകാരനായ ശ്രീ. ബവാ ചെല്ലദുരൈ ആദ്യപ്രതി ശ്രീമതി. ഉമാ പ്രേമന് നല്കി പ്രകാശനകർമ്മം നിർവ്വഹിച്ചു. ഈ ചടങ്ങിൽ വംശി ബുക്സ് ഡയറക്ടർ ശ്രീമതി. കെ. വി. ശൈലജ, എഴുത്തുകാരനായ ശ്രീ. ദിനേഷ് കന്നിമാരി, അട്ടപ്പാടി ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്ററിന്റെ ഡയറക്ടർ ശ്രീമതി. ഉമാ പ്രേമൻ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ ശ്രീ. ബവാ ചെല്ലദുരൈയുടെ കഥാപാരായണവും ഉണ്ടായിരുന്നു.

Published on 15/02/2020, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 10, Issue 4, March 2020, Rs 15/-
**Postal Regn No. KL/PGT/032/2020-2022, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2020-2022**

